KAIVALIDARPANAM – GODA VARMA

O22.6N006:11 J0 1

11:900

MUL
165425

Kairali darpanam

# കൈരളീദർപ്പണം.

33

UNIVERSITY LIBRARY
13 JUL 1955
MADRAS.

ഗ്രന്ഥകർത്താ,

ഡാക്ടർ, കെ. ഗോദവർമ്മ,

എം. ഏ., പി. എച്ച്. ഡി. (ലണ്ടൻ)

Dr. K. Goda Varma

പ്രകാശകർ,

ആർ. റ്റി. പിള്ള & സൺസ്,

ബുക്ക്സെല്ലർസ്, ചാല, തിരുവനന്തപുരം.

R.T. Pillai

1950.

y right ]

വില രൂ. 1 ണ. 8

165425
38353
032::6N006:11
J0;1

# വിഷയാനുക്രമണിക.


| | | പുറം |
|---|---|---|
| 1. | കേരളത്തിലെ സ്ഥലനാമങ്ങൾ | 1 |
| 2. | ലീലാതിലകം—ഒരു നിരീക്ഷണം | 24 |
| 3. | കഥകളിയിലെ പ്രാകൃതഭാഗങ്ങൾ | 61 |
| 4. | പൊരുളിന്റെ വിളയാട്ടം | 85 |
| 5. | ഒരു താമ്രശാസനം | 103 |
| 6. | സി. വിയുടെ പ്രതിഭാവിലാസം | 120 |

UNIVERSITY
13 JUL 1955
MADRAS

# കൈരളീദൎപ്പണം

## കേരളത്തിലെ സ്ഥലനാമങ്ങൾ.

ഒരു് നാട്ടിൻെറ തന്നെ മുക്കിലും മൂലയിലുമായി എത്രയെത്ര സ്ഥലങ്ങളാണുള്ളതു്? പഴവങ്ങാടി, പുത്തൻചന്ത, പുളിമൂടു്, പാളയം, പട്ടം, വെള്ളയമ്പലം, ശാസ്തമങ്ഗലം, പേരൂൎക്കട, നന്തൻകോടു്, തൈക്കാടു്, വഴുതയ്ക്കാടു്, ജഗതി, വട്ടിയൂൎക്കാവു്, തമ്പാനൂർ, അട്ടക്കുളങ്ങര, മണക്കാടു്, പെരുന്താന്നി, പാല്ക്കുളങ്ങര, കാരാളി, കിള്ളിപ്പാലം, കൈതമുക്കു്, വഞ്ചിയൂർ, ഋഷിമംഗലം, വയ്യാമൂല, പേട്ട, കുന്നുകുഴി, ഊളൻപാറ, കണ്ണമ്മൂല എന്നിങ്ങനെ തിരുവനന്തപുരം പട്ടണംതന്നെ പല നിലയിൽ പിരിഞ്ഞിരിക്കുന്നുവല്ലോ. വൻപിച്ച നഗരപരിഷ്കരണരീതികൾ നടപ്പിൽ വന്നാലും തൈക്കാടും, വഴുതയ്ക്കാടും, മണക്കാടും പേരിൽ കാടായി മാത്രമേ ശേഷിക്കുകയുള്ളൂ. പുത്തൻചന്ത എത്ര പഴക്കംചെന്നാലും പുത്തൻചന്ത തന്നെ പട്ടണത്തിൻെറ നടുക്കു് ചുററും നടക്കുന്ന നിഖിലസംഭവങ്ങളും വീക്ഷിച്ചുകൊണ്ടു് യാത്രക്കാൎക്കു് തണലുനല്കി ആരുടേയും കൃതജ്ഞത ആൎജ്ജിച്ചിട്ടുള്ള ആ പുളി ലോകരങ്ഗത്തിൽ നിന്നു മറഞ്ഞാലും അതിൻെറ സ്മരണ 'പുളിമൂടു്' എന്നുള്ള സ്ഥലം പുലൎത്തി

ക്കൊള്ളും. നന്തൻകോട്ട്, ഋഷിമംഗലം, കണ്ണമ്മൂല മുതലായ പേരുകളാകട്ടെ, ചരിത്രത്തിൻെറ ഉള്ളറകളിലേക്ക് നമ്മുടെ കണ്ണുകളെ തിരിക്കുന്നതും ഉണ്ട്.

കേരളത്തിന് 'മലനാട്ട്' എന്നുള്ള പേര് അതിൻെറ സാമാന്യമായ ഭൂപ്രകൃതിയെ വെളിപ്പെടുത്തുവാൻ പര്യാപ്തമാണല്ലൊ. പണ്ടില്ലാത്ത പട്ടണങ്ങളും ഗ്രാമങ്ങളും നടക്കാവുകളും മൈതാനങ്ങളും ഒന്നിനുമേലൊന്നായി ഉണ്ടായിവന്നാലും മലനാട്ടിൻെറ മേട്ടും പള്ളയുമായുള്ള പ്രകൃതി പാടേ മാറുന്നതിന് കഴിയുന്നതല്ല. കേരളത്തെ മുഴുവൻ ഉരുക്കി മററൊരു ഉരുവം വാക്കുവാൻ പോന്ന മൂശ എവിടെ കിട്ടാനാണ്? തിരുവനന്തപുരത്തെ കുന്നുകുഴിയും മണക്കാട്ടും മാററുവാനുള്ള ചെലവ് കുറച്ചൊന്നുമായിരിക്കുകയില്ല. കുന്നിൽ ബങ്ഗ്ലാവുണ്ടാക്കാം. എന്നാൽ കുന്നിടിച്ചു നിരപ്പാക്കി വീടുകെട്ടുവാൻ ധനികന്മാരുടെ കീശയ്ക്കും ഞെരുക്കംതന്നെ. കടൽപ്പുറത്തു് കെട്ടിടം വെച്ചവക്ക് അവിടം മണല്പ്പുറമല്ലാതാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇന്നത്തെ തിരുവനന്തപുരം പണ്ടത്തെ അനന്തൻകാടാണെന്നുള്ളതു് പട്ടണത്തിന്റെ നടുക്ക് തൈക്കാട്ടും വഴുതയ്ക്കാട്ടും മററും മറയാതിരിക്കുന്നതുകൊണ്ടു് മറക്കാവുന്നതല്ല തന്നെ.

ഓരോ നാട്ടും ആകൃതിയിൽ എത്ര ചെറുതുമായിരിക്കട്ടെ, മററുള്ളവയിൽ നിന്നും വേർതിരിഞ്ഞു് ആരുടേയും ശ്രദ്ധയിൽപ്പെടത്തക്ക പ്രകൃതിവൈശിഷ്ട്യം പ്രായേണ ഉൾക്കൊള്ളുന്നതായിരിക്കും. പ്രകൃതിക്കു ചേരാത്ത പേര് കൃത്രിമജീവിതത്തിൽ മതിമയങ്ങുന്ന മനുഷ്യലോക

കത്തിൻെറ പരിഷ്കാരാഭിവൃദ്ധിയിൽ പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കുന്നുണ്ടാവാം. എന്നാൽ കാട്ട് കാടായും, കുഴി കുഴിയായും, മണൽ മണലായും, കുന്ന് കുന്നായും അല്ലാതെ അകവും പുറവും മറച്ച് മേന്മ നടിപ്പാനോ കാണുന്നവരുടെ കൺകെട്ടുവാനോ ഒരൊററ നാട്ടും പേരിൻെറ പുറകിൽ നിന്നുകൊണ്ടു ശ്രമിക്കാറില്ല. സ്ഥലനാമങ്ങൾ പൊതുവെതന്നെ അനⅼത്ഥങ്ങളാണെന്നു പറയാം. ഭൂപ്രകൃതിയുടെ വൈശിഷ്ട്യമാണ് ഓരോ സ്ഥലം സന്ദശിക്കുന്നവരുടേയും ഹൃദയത്തിൽ പതിയുന്നതും മററുള്ളവരുമായുള്ള വ്യവഹാരത്തിൽ സ്ഥാനം പിടിക്കുന്നതും. കാലം ഇത്ര ചെന്നിട്ടും, ആൾ പാപ്പ് വളരെ കൂടിയിട്ടും നെടുമങ്ങാടിനെ നെടുവൻകാടായി സങ്കല്പിക്കുവാൻ നാം പ്രകൃത്യാ പ്രേരിതരാകുന്നു. ഏതു രാജ്യത്തിലെ സ്ഥലനാമങ്ങൾ പരിശോധിച്ചാലും അവയിൽ വലിയൊരു ഭാഗം സ്ഥലജലാത്മകമായ പ്രകൃതിയുടെ ഭിന്നഭിന്നഭാവങ്ങളെ ആസ്പദമാക്കി പ്രചാരം അടഞ്ഞിട്ടുള്ളവയാണെന്നു കാണാം. സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശം ഹാളൻഡ് (Holland=hollow land) എന്നും കടലിലേക്ക് ഉന്തിനില്ക്കുന്ന പ്രദേശം ജട്ലാൻഡ് (Jutland) എന്നും മണൽ പെരുകിയ പ്രദേശം സാൻഡ്വിച്ച് (Sandwich. wich=a village) എന്നും മാമല നിരന്ന നാട്ട് ബെൻമൂർ (Benmore. ben=mountain, more=great) എന്നും സമനിരപ്പിലുള്ള ദ്വീപപ്രദേശം ഫ്ളാററ്ഹാം (Flat-holm. holm=an island in a lake or river) എന്നും വ്യവഹരിക്കപ്പെട്ടുന്നതു് പടിഞ്ഞാ

റെന്നോ കിഴക്കെന്നോ ഉള്ള ഭേദം, പ്രകൃതിക്കോ സ്ഥല ങ്ങൾക്ക പേരു കൊടുക്കുന്ന മനുഷ്യപ്രകൃതിക്കോ, ഇല്ലെന്ന് വ്യക്തമാക്കുന്നതാണല്ലോ.

കേരളം പുരാതനകാലം മുതൽ തന്നെ പല കരക ളായി വിഭജിക്കപ്പെട്ടിരുന്നു പൊതുവായ കൃഷിസ്ഥലവും സ്നാനപാനാദികൾക്ക് ഉപയുക്തമായ ജലാശയവും മേച്ചിൽ സ്ഥലവും മററുംകൊണ്ട് കുറെ തറവാട്ടുകൾക്ക് അന്യോന്യം യോജിച്ചു കഴിഞ്ഞുകൂടാവുന്ന ഒരു സ്ഥലം പ്രത്യേകം ഒരു കരയായി പരിഗണിക്കപ്പെടുന്നതു് യുക്ത മായിരിക്കുമല്ലോ. കുന്ന്, മല, കാട്, മേട്, കുഴി, കുളം, പറമ്പ്, വയല്, തുറ, തുരുത്ത് മുതലായി പ്രകൃതിയുടെ നാനാരൂപതയെ പുരസ്കരിച്ച് കരകൾ വെവ്വേറായി ട്ടാണ് വ്യവഹരിക്കപ്പെട്ടിരുന്നതു്. കുന്നത്തുനാട്, കുന്ന ത്തൂര്, മലപ്പുറം, കാട്ടുവള്ളി (കാട്ടുപള്ളി), മേട്ടുക്കട, വലിയകുഴി, കുണ്ടറ, പറമ്പത്തുകാവ്, വയക്കര, തുറവൂര്, കടത്തുരുത്തി എന്നിവയെല്ലാം ഇപ്രകാരം ഉണ്ടായിട്ടുള്ള സ്ഥലനാമങ്ങളത്രെ. ചിറക്കടവ്, കല്ലുപ്പാറ, കരിങ്ക മണ്ണ, കരിമണ്ണൂര്, കരിങ്കപ്പാറ, അരുവിക്കര, ആററി ങ്ങൽ തുടങ്ങിയവയേയും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താവുന്ന താണ്.

നാട്ടുകൾക്ക് താരതമ്യേന ഉള്ള വലിപ്പച്ചെറുപ്പവും നമ്മുടെ ശ്രദ്ധയിൽപ്പെടുന്നതുകൊണ്ടാണ് പെരിനാട്ടം, ചെറിയ നാട്ടം, പെരുംതിരുത്തിയും, ചെറുതുരുത്തിയും, വലിയ ഉദേശപരവും ഉദയേശപരം) ചെറിയ ഉദേശപ രവും, വലിയ ചാലയും, ചിന്നച്ചാലയും മററും ആ പേരു

കളിൽ പ്രസിദ്ധങ്ങളായിട്ടുള്ളതു്. ഒരു സ്ഥലത്തിന്റെ ഏതു വശത്താണു് മറെറാരു സ്ഥലം സ്ഥിതി ചെയ്യുന്ന തെന്നുള്ളതിനെ ആസ്പദമാക്കി ദിക്കൃതങ്ങളായ നാമ ങ്ങളും കല്പിക്കപ്പെടാവുന്നതാണെന്നുള്ളതിനു് Norfolk, Suffolk, Essex, Wessex, Southampton, Nottingham, Eastborne, Westend, Eastend മുതലായി പാശ്ചാത്യ രാജ്യങ്ങളിലും തെക്കേത്തറ, വടക്കേവിള, തെക്കേക്കര, കിഴക്കുംഭാഗം, വടക്കുംപാട്ട്, പടിഞ്ഞാററുംമുറി, വട ശ്ശേരി മുതലായി നമ്മുടെ നാട്ടിലും ഉള്ള സ്ഥലവിഭാഗ ങ്ങൾ ദൃഷ്ടാന്തങ്ങളാകുന്നു. മേലെന്നും കീഴെന്നും ഉള്ള ആപേക്ഷികസ്ഥിതിയും ഏതാനും ചില സ്ഥലനാമ ങ്ങൾക്കു് നിദാനമായിട്ടുണ്ടു്. തമിഴ്നാട്ടിൽ പടിഞ്ഞാ റോട്ടു പോകുംതോറും പൊക്കം കൂടിക്കൂടിയിരിക്കുന്നതു കൊണ്ടു് മേലെന്നു് പടിഞ്ഞാറിനും കീഴെന്നു് കിഴക്കിനും സാങ്കേതികമായ നാമം ഏർപ്പെട്ടതു് മലനാട്ടിലെ പ്രകൃതി മറെറാരുവിധമായിട്ടും ദേശ്യഭാഷകളുടെ തറവാടൊന്നാ ണെന്നുള്ള ചാർച്ചനിമിത്തം മേല്ക്കേപെട്ടം, കീഴ്പറമ്പു്, മേലേത്തോന്നയ്ക്കൽ, കീഴ്ത്തോന്നയ്ക്കൽ, നിലമേല്, കീ ഴാററങ്ങൽ, മേല്മുറി എന്നിങ്ങനെ നമ്മുടെ ചില സ്ഥല നാമങ്ങളിലും സ്ഥാനം പിടിച്ചിട്ടുണ്ടെന്നുള്ളതു് ഇവിടെ വക്തവ്യമായിട്ടുണ്ടു്. ഇടയിലുള്ളതായതിനാൽ എടയ്ക്കാ ടും ഇടപ്പള്ളിയും, ഇടയാറൻമുളയും, കടയിൽ (അററ ത്തിൽ) ഉള്ളതായതിനാൽ കടയ്ക്കലും, കടയ്ക്കാവൂരും, കടവിളച്ചിറയും ഉണ്ടായിത്തീൎന്നുവെന്നും വിചാരിക്കാവുന്ന താണു്.

കേരളത്തിൽ കാലംതോറും ഉണ്ടാകാറുള്ള മഴ കൊണ്ട് പ്രകൃതിദേവിയുടെ അനുഗ്രഹം തികഞ്ഞുകാണുന്നുണ്ട്. മരങ്ങളും, ചെടികളും, വള്ളിപ്പടർപ്പുകളും, മററങ്ങുമില്ലാത്തവണ്ണം സമൃദ്ധമായിരിക്കുന്ന നമ്മുടെ നാട്ടിൽ സ്ഥലനാമങ്ങൾ അപ്രകാരമുള്ള പ്രകൃതിവൈശിഷ്ട്യത്തെ അടിസ്ഥാനമാക്കി ആവിർഭവിക്കുകയെന്നതും യുക്തമാണല്ലൊ. ഒന്നിനെ മററുള്ളവയിൽനിന്നും വേർതിരിച്ചറിയുകയാണ് പേരിൻെറ ഉദ്ദേശ്യം എന്നു വരുമ്പോൾ തരുഗുല്മാദികളെ പുരസ്കരിച്ചുള്ള സ്ഥലനാമങ്ങളിലും വൈവിധ്യത്തിന് പ്രസക്തി ഉളവാകുന്നു. നാടുകളൊക്കെയും കാടുകൾ വെട്ടിത്തെളിച്ച് ഉണ്ടായവയായതിനാൽ അങ്ങുമിങ്ങുമെങ്കിലും വന്മരങ്ങളുടെ ആധിപത്യം അവയുടെ സന്തതികളോടുകൂടി നാമരൂപത്തിൽ അവശേഷിച്ചിട്ടുണ്ട്. നട്ടുപിടിപ്പിച്ചിട്ടുള്ള ഫലവൃക്ഷങ്ങളും ചെറുചെടികളും കണക്കില്ലാതെ വളന്ന് ചില നാടുകൾക്ക് പേരും പെരുമയും ഉളവാക്കിയിട്ടുള്ളതായും കാണാം. വൃക്ഷാദികളുടെ സമൃദ്ധിയാലോ, അവയുടെ സ്ഥിതിവിശേഷത്താലോ ഒരു നാട്ടിനുള്ള പ്രത്യേകത അതിനു നല്കുന്ന പേരുകൊണ്ട് എല്ലാവക്കും ശ്രദ്ധേയമാകുമാറ് നിർദ്ദേശിക്കപ്പെടുന്നു. കമുകിൻകോട്, കാഞ്ഞിരങ്ങാട്, തെങ്ങിൻകോട്, വാഴയൂര്, പനച്ചിക്കാട്, പരുത്തിപ്പുറ, പാലക്കാട്, അയനിക്കോട്, പുല്പററ, തൊമരക്കാവ്, കറുകച്ചാല്, തുമ്പമൺ, അത്തിപ്പററ, താമരശ്ശേരി, കറുകത്തിരുത്തി, കൈതപ്പുറം, മുതിരപ്പറമ്പ്, എന്നിങ്ങനെയുള്ള പേരുകൾ അതാതു നാട്ടിനുണ്ടായിട്ടുള്ളത് വലുതോ ചെറു

ത്തോ ആയ ആ മരങ്ങളുടേയോ ചെടികളുടേയോ ആധി ക്യത്താലോ വൈശിഷ്ട്യത്താലോ മാത്രമേ ആയിരിക്കു വാൻ ഇടയുള്ളൂ. Ben-lond, Nep-lond,(nep=turnip) Broom-lond, Rush-lond മുതലായ ദേശസംജ്ഞകൾ പാശ്ചാത്യരാജ്യങ്ങളിലും പ്രകൃതിവിഭാഗങ്ങളെ ആസ്പദമാക്കി പ്രചാരത്തിലുള്ളത് ഇവിടെ ഉദ്ധരിയ്ക്കത്തക്കതാകുന്നു. ആല്, പുളി, കാഞ്ഞിരം; വേങ്ങ, നെല്ലി, പാല, എലവ്, മാവ്, പ്ലാവ് തുടങ്ങി ദീർഘകാലം നിലനില്ക്കുന്ന വൃക്ഷങ്ങൾ ശ്രദ്ധാർഹമായ ഏതെങ്കിലും സ്ഥാനത്തിൽ വർത്തിക്കുന്നതിനെ വ്യാവർത്തകധർമ്മമായി കൈയ്യൊണ്ട് അതിനോട് നാടെന്നോ ചേരിയെന്നോ മറേറാ ഉള്ള വാക്കുചേർത്തോ, ആ മരത്തിൻെറ മേലെന്നോ കീഴെന്നോ മൂടെന്നോ മറേറാ അവധി കുറിച്ചോ സ്ഥലനാമങ്ങൾ ധാരാളമായി വ്യവഹാരത്തിൽ വന്നിട്ടുണ്ട്. പയിനംമൂട്, പടന്താലുംമൂട്, പുളിങ്കുന്ന്, നെല്ലിക്കാക്കുഴി (നെല്ലിക്കാൽകുഴി) കാഞ്ഞിരപ്പള്ളി, കാഞ്ഞിരമുക്ക്, പുന്നപുരം, എലവൻചേരി, പെരുന്താന്നി, പെരിംകൊന്ന, വാകത്താനം, താന്നിയൂര്, നെല്ലിക്കുറിശ്ശി, വേങ്ങപ്പള്ളി, മാവിൽചേരി, കടമ്പൂര്, പാലമേല്, പുളിക്കീഴ് എന്നീ സ്ഥലങ്ങളെല്ലാം മേല്പറഞ്ഞ രീതിയിൽ മരങ്ങളുടെ പ്രാതിനിധ്യംകൊണ്ടു വിശ്രുതങ്ങളത്രെ.

പക്ഷിമൃഗാദികളോട് ഏതെങ്കിലും തരത്തിൽ ഗണ്യമായ ബന്ധം ഉണ്ടെന്നു ദ്യോതിപ്പിക്കുന്ന പേരുകളും നമ്മുടെ നാട്ടിൽ പല സ്ഥലങ്ങൾക്കും വന്നുകൂടിയിട്ടുള്ളതിന് ഉദാഹരണങ്ങൾ സുലഭങ്ങളാണ്. നാട്ടിൽ വല്ല

ത്തപ്പെടുന്ന മൃഗങ്ങളെപ്പോലെതന്നെ നാട്ടിലിറങ്ങി കൃഷി ക്കും മററും ശല്യംചെയ്യുന്ന കാട്ടുമൃഗങ്ങളും നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുമാറ് അങ്ങുമിങ്ങും ധാരാളമായി കാണപ്പെടുമ്പോൾ സ്ഥലനാമങ്ങൾ ആ വൈശിഷ്ട്യത്തെ നിർദ്ദേശിച്ചുകൊണ്ട് പ്രയുക്തങ്ങളാകുന്നു. വൃക്ഷലതാദി കളും പക്ഷിമൃഗാദികളായ ജീവജാലങ്ങളും ഉൾക്കൊ ള്ളുന്ന പ്രകൃതിയുടെ കോമളങ്ങളോ രൂക്ഷങ്ങളോ ആയ ഭാവങ്ങളിൽ ആനന്ദിക്കാതേയും ചിലപ്പോഴെങ്കിലും ശ്രദ്ധ പതിപ്പിക്കാതേയും ഇരിക്കുവാൻ എത്രതന്നെ പരി ഷ്കൃതജീവിതം അനുവർത്തിക്കുന്ന മനുഷ്യനും കഴിയാത്ത തുകൊണ്ട് അവൻെറ കണ്ണുകൾ താദൃശങ്ങളായവയിൽ നിന്നും തീരെ പിൻതിരിയുന്നതല്ലെന്നുള്ളതാണ് ഈ പ്രകൃതത്തിൽ നമ്മുടെ ചിന്തയിൽപ്പെടുന്നത്. പുരാത നകാലം മുതല്ക്ക് ജന്തുക്കളിൽ ഇണങ്ങുന്നവയെ ഇണക്കു ന്നതിനും പിണങ്ങുന്നവയെ അകററുന്നതിനും താത്പ ര്യം പ്രദർശിപ്പിച്ചിരുന്ന നരലോകം അവയോടുള്ള ചാച്ച്വ കുടിയേറിപ്പാക്കുന്ന സ്ഥലങ്ങളുടെ നാമകരണത്തിൽ പുല ത്തുന്നതിനു നല്ലപോലെ ശ്രദ്ധിച്ചിട്ടുണ്ട്:—ആനയറ, ആനക്കയം, എരുമക്കുഴി, എരിമപ്പെട്ടി, പുലിയൂര്, പുലി ക്കാട്, പന്നിക്കോട്ട്, പന്നിയൻകുറിശ്ശി, ഊളൻപാറ, ന രിപ്പറമ്പ്, നരിക്കോട്ട്, പട്ടിക്കാട്ട്, പട്ടിശ്ശേരി, ഉടുമ്പൻ ചോല, കീരിക്കാട്ട്, മെരുവമ്പായി, കാക്കയൂര്, കിളിപ്പാറ, കോഴിപ്പുറം, മയിലുള്ളി, മയിലാടി, പാമ്പാടി, പാമ്പുരു ത്തി (പാമ്പുതുരുത്തി), പാമ്പിരിക്കുന്ന്, മുതലമട എന്നി ങ്ങനെ ജന്തുസംബന്ധികളായ സ്ഥലനാമങ്ങളിൽ വീക്ഷ

ണത്തിൻെറ വൈവിധ്യം നാം തെളിഞ്ഞു കാണുന്നു. ഇവയോട്ട് സാജാത്യം വഹിക്കുന്നവയാണ് Larkland, Wivesland (Wolfs' land) Scheppeland (Sheep land) ഇത്യാദികളായ പാശ്ചാത്യദേശനാമങ്ങൾ എന്നുള്ളത് വിശദമാണല്ലോ.

ഭൂപ്രകൃതിയോടും ഭൂരുഹങ്ങളോടും ജീവജാലങ്ങളോടും ബാഹ്യരൂപത്തിൽതന്നെ പ്രത്യക്ഷമായ സംബന്ധമുള്ള സ്ഥലനാമങ്ങളെക്കുറിച്ചാണ് നാം ഇതുവരെ വിചിന്തനം ചെയ്തത്. ഭൂതകാലയവനികയുടെ മറവിലാണ്ട ചരിത്രത്തിൻെറ വിലയേറിയ പല കരുക്കളും നേടുന്നതിന് ഉതകുന്ന സ്ഥലനാമങ്ങളും നമ്മുടെ ശ്രദ്ധയിൽ പെടേണ്ടതായിട്ടുണ്ട്. അത്തരം പേരുകളുടെ ആഗമമോ അർത്ഥതയോ അറിയുന്നതിന് ഉദ്ധരിക്കപ്പെടാത്ത ചരിത്രനിധിയുടെ ഉള്ളടക്കങ്ങളും ഏറെക്കുറെ ആവശ്യകമായിരിക്കുന്നു. ഭാഷാപരമായി ചെയ്യുന്ന ശാസ്ത്രീയഗവേഷണംകൊണ്ട് ഒരു നാട്ടിൻേറയോ ഒരു നാടുവാഴിയുടേയോ പ്രാചീനചരിത്രത്തോട്ട് അടുത്ത വേഴ്ചയുള്ള സ്ഥലനാമങ്ങളിൽ പ്രവൎത്തിച്ചിട്ടുള്ള ശാബ്ദികങ്ങളായ വിപരിണാമങ്ങൾ വെളിപ്പെടുത്തുന്നതിനും, ആധുനികരൂപത്തിലെ അൎത്ഥവിഭ്രാന്തിയെ പരിഹരിക്കുമാറ് അവയുടെ പ്രാചീനരൂപം ഇന്നതായിരുന്നിരിക്കാം എന്നു നിൎണ്ണയിക്കുന്നതിനും കഴിയുന്നതാണ്. മാൎഗ്ഗാന്തരത്തിലൂടെ തത്ത്വങ്ങളെ ഖനനം ചെയ്യുന്ന ചരിത്രകാരനും ശബ്ദപരമായി ആഗമികമായ ചരിത്രം ആരായുന്ന ഭാഷാഗവേഷകനും സമാനമായ ലക്ഷ്യത്തിൽ എത്തിച്ചേരുകയാണെങ്കിൽ അത്യ

ജ്ജ്വലമായ പ്രകാശമാണ് അതീതകാലത്തേയ്ക്കു പ്രസരിക്കുന്നതെന്നും പറയേണ്ടതില്ലല്ലൊ.

പണ്ടുണ്ടായിരുന്ന രാജവംശങ്ങൾ എത്രയോ നാമാവശേഷങ്ങളായി ; നാട്ടുകളുടെ അതിർത്തിക്കല്ലു് പലതവണയും മാററി മറിക്കപ്പെട്ടു ; പുറമെ നിന്നും അകമെ നിന്നും ആക്രമങ്ങളും അതിക്രമങ്ങളും നിരന്തരം നടന്നുകൊണ്ടിരുന്നു. ഭരണത്തിൻെറ മുഖ്യമായ അധിഷ്ഠാനം കൈയ്യൂക്കായിരുന്നതിനാൽ മററുതരത്തിൽ അപ്രധാനന്മാരും ദേശങ്ങൾ സ്ഥാപിക്കുകയും ആജ്ഞ നടത്തുകയും ചെയ്തിരുന്നതിൽ അദ്ഭുതപ്പെടുവാനില്ല.

അഴകിയപാണ്ഡ്യപുരം, ഭൂതപ്പാണ്ടി, കേരളാധീശ്വരപുരം, കോക്കോതമംഗലം, കുട്ടമംഗലം, കോതമംഗലം, ഉദയംപേരൂർ, ഇരവിപേരൂർ, ആതിച്ചനല്ലൂർ, ഇരവിപുരം, കോതനല്ലൂർ, ദേശിങ്ങനാട്ട്, ചടയമംഗലം, ബാലരാമപുരം, രാമവർമ്മപുരം, എന്നിങ്ങനെ നമ്മുടെ നാട്ടിൽ നാനാഭാഗങ്ങളിലായി രാജകീയനാമങ്ങളെ വ്യക്തമായി ആവഹിക്കുന്ന സ്ഥലനാമങ്ങൾ നിലവിലുള്ളതു് ഗവേഷകന്മാരുടെ നിശിതമായ ശ്രദ്ധയ്ക്കു വിഷയമാകാതെ കഴിഞ്ഞുപോകുന്ന ഓരോ നിമിഷവും തത്ത്വത്തെ കൂടുതൽ ദുർഗ്രഹമാക്കിത്തീർക്കുകയാണ് ചെയ്യുന്നതു്. ‘ആയി’രാജവംശത്തിൽ മൂന്നാമത്തെ രാജാവായിരുന്ന ആയി അതിയനെ പരാജിതനാക്കിയ പസുംപൂൺപാണ്ഡ്യൻ പൊതിയിൽ രാജ്യത്തെ കൂടൽരാജ്യത്തോടുചേർത്തു എന്നുള്ള കഥ ‘പുറനാന്നൂർ’ എന്ന ഗ്രന്ഥത്തിൽ (അഹം162) പ്രസ്തുതമായിട്ടുള്ളതിൽനിന്നും ‘അതിയന്നൂർ’ എന്നു് ആദ്യം പേരായി

രുന്ന നാട്ട് പസുംപൂൺ പാണ്ഡ്യപുരമായി, പിന്നീട്ട് പസുംപൂൺ എന്നതിനുള്ള താത്പയ്യാത്ഥത്തെ ആദാനം ചെയ്ത് 'അഴകിയപാണ്ഡ്യപുരം' എന്ന പേരിൽ വ്യവഹരിക്കുവാൻ ഇടയായി എന്നു ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. അതിയന്തുരിനെ പസുംപൂൺ പാണ്ഡ്യൻ തന്നെ സ്ഥാപിതാവായ ഭൂതപ്പാണ്ഡ്യൻെറ ഓമ്മയെ നിലനിത്തുമാറു് പുതുതായി സ്ഥാപിച്ച പുരത്തിനു നല്കിയ പേരായിരിക്കും ഭൂതപ്പാണ്ടി എന്നും അഭ്യൂഹിക്കപ്പെട്ടിട്ടുണ്ട്. 'ദേശിങ്ങനാട്ട്' എന്ന പേരു് ജയസിംഹന്റെ സ്മാരകമായി ആ സ്ഥലത്തിന് ഉണ്ടായിത്തീന്നിട്ടുള്ളതാണ്. കൊല്ലത്തെ രവിവമ്മഭൂപൻ പ്രസ്തുതനായ ജയസിംഹന് ഉമാദേവിയിൽ ജാതനായിട്ടുള്ള പുത്രനാണെന്ന് രേഖകളുണ്ട്. 'ജയസിംഹനാട്ട്' വണ്ണവിപരിണാമക്രമത്തിൽ 'ദേശിങ്ങനാട്ട്' എന്നുള്ള രൂപം പ്രാപിക്കുവാൻ സാധ്യത കാണുന്നു. 'ജയസിംഹനാട്ട്' എന്നതിൽ സ്പൃശ്പ്രയത്നം കുറഞ്ഞ യകാരം ലോപിച്ച് പൂവ്സ്വരത്തിൽ താലവ്യധമ്മം കലന്ന് വണ്ണനാശത്തിൻെറ പരിഹാരത്തിനുവേണ്ടി അതുതന്നെ ദീഘിച്ച് 'ജേസിംഹനാട്ട്' എന്നും ദന്ത്യമായ സകാരത്തിൻെറ സന്നികഷംകൊണ്ട് 'ദേസിംഹനാട്ട്' എന്നും ഉള്ള പടികളിൽകൂടി 'ദേശിങ്ങനാട്ട്' എന്നുള്ള അവ്വാചീനരൂപത്തിൽ എത്തിച്ചേരാവുന്നതാണ്. പദ്മനാഭപുരത്തിനു സമീപമുള്ള 'വീരകേരളപുരം', ആദ്യത്തെ കുലശേഖരപ്പെരുമാളായ 'വീരകേരളവമ്മ' എന്ന കേരളചക്രവത്തിയുടെ തലസ്ഥാനനഗരമായിരുന്നുവെന്ന് നിണ്ണയിക്കപ്പെട്ടിട്ടുണ്ട്. ആററങ്ങലിനു

സമീപമുള്ള 'വീരളം' വേണാട്ടിലെ വീരകേരളവമ്മതിരു വടിയുടെ ഓമ്മയെ നിലനിത്തുന്നതാണെന്ന് കാണാം. വീരളത്തുള്ള ശിവക്ഷേത്രത്തിൽനിന്നും കൊല്ലവഷം 344-ൽ വീരകേരളവമ്മതിരുവടിയുടെ പേരിൽ ബലിക്കല്ലിലും ഗർഭഗൃഹത്തിൻെറ അടിക്കെട്ടിലും കാണുന്ന രണ്ടു രേഖകളുടെ ചില ഭാഗങ്ങൾ പുരാണവസ്തുപര്യവേക്ഷകന്മാർ പ്രകാശനം ചെയ്തിട്ടുള്ളതു് മേല്ചെയ്ത അഭ്യൂഹത്തിന് ഉപോദ്ബലകമാകുന്നു. ഇതുപോലെ നാടുവാഴികളോടു് ബന്ധപ്പെട്ടിട്ടുള്ള മററു സ്ഥലനാമങ്ങളും ചരിത്രവിജ്ഞാനത്തിലേക്ക് നമ്മുടെ ദൃഷ്ടികളെ ഉന്മീലനം ചെയ്യുവാൻ പ്രേരകങ്ങളാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഉമ്മിണിത്തമ്പിദിവാൻജി, അന്ന് തിരുവിതാംകൂർ വാണിരുന്ന ബാലരാമവമ്മ മഹാരാജാവുതിരുമനസ്സിലെ സ്മാരകമായി സ്ഥാപിച്ച സ്ഥലമാണ് 'ബാലരാമപുരം' എന്നുള്ളതു് വിശ്രുതമാണല്ലൊ. അതുപോലെ 'രാമവമ്മപുരം' എന്ന പേരു് ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ആ സ്ഥലത്തു് ഒരു കൊട്ടാരം പണികഴിപ്പിച്ചതിനു ശേഷം ഉണ്ടായിട്ടുള്ളതാണെന്ന് ഇന്നും ആ സ്ഥലത്തിന് 'കഴകൻതിട്ട' എന്ന പൂവനാമം നിശ്ശേഷം മാഞ്ഞുപോയിട്ടില്ലാത്തതിൽ നിന്നും ആക്കും ഗ്രഹിക്കുവാൻ കഴിയുന്നതാണ്.

രാജാക്കമംഗലം (രാജാക്കൾമംഗലം), രായമംഗലം (രാജമംഗലം), മാരായമംഗലം (മഹാരാജമംഗലം), കടമാളൂർ ('കടം' എന്ന ദേശം ആളുന്നവനോടു് ബന്ധമുള്ള ഊരു്) മുതലായ സ്ഥലനാമങ്ങൾ ഏതേതു രാജവംശ

ത്തോടും ഏതെങ്കിലും രാജാക്കന്മാരോടും വേഴ്ചയുള്ളതാണെന്ന് ചരിത്രകാരന്മാർ ഗവേഷണം ചെയ്യേണ്ടതായിരിക്കുന്നു. രാജാക്കന്മാരിൽ ഒരു വ്യക്തിയോടോ പൊതുവേ രാജാക്കന്മാരോടൊ ഏതെങ്കിലും തരത്തിൽ ബന്ധമുള്ളതെന്ന് വെളിപ്പെടുന്ന അസംഖ്യം നാമങ്ങൾ നമ്മുടെ നാട്ടിൽ അങ്ങുമിങ്ങും കാണപ്പെടുന്നത് കേരളം പുരാതനകാലംമുതൽ സ്വതന്ത്രന്മാരും മത്സരികളും ആയ ഒട്ടനേകം നാടുവാഴികളുടെ ഭരണത്തിനും ആക്രമണത്തിനും വിധേയമായിരുന്നതുകൊണ്ടാണെന്നുള്ളത് സുവിശദമാണല്ലോ. അത്രയുമല്ല, പല നിലയിലും ഉള്ള നാടുവാഴികളെക്കൊണ്ട് അനേകനായകത്വം ഇന്ന് ഇടനാടുകൾ തോറും കേരളത്തിൽ സംദൃശ്യവുമാണ്.

പറയൻചേരി, മൺറോത്തുരുത്ത്, ചെമ്പകരാമൻപുതൂർ, പടനായർകുളങ്ങര, ഈഴവത്തുരുത്തി, പുലയനാർകോട്ട, മറിയപ്പള്ളി, ചെട്ടിവിളാകം, നങ്ങ്യാർകുളങ്ങര, നായർകുഴി, മണ്ണാർശാല— ഇത്യാദികളായ സ്ഥലനാമങ്ങൾക്കും ഗണനീയരായ വ്യക്തികളോടൊ കുടിയേറിപ്പാർക്കുകയോ ഉടമ വഹിക്കുകയോ ചെയ്തിട്ടുള്ള സമുദായങ്ങളോടോ സുസ്പഷ്ടമായ സംബന്ധം ഉള്ളത് നമ്മുടെ ചിന്തയ്ക്കു വിഷയമാകേണ്ടതാണ്. ആ സ്ഥലങ്ങൾക്കെല്ലാം കഴിഞ്ഞ കാലത്തെക്കുറിച്ച് പ്രത്യേകം പ്രത്യേകം ചരിത്രം നമ്മെ അറിയിക്കുവാനുണ്ട്. ക്രിസ്തീയവൈദികന്മാരുടെ അധീനതയിലുള്ള 'മൺറോത്തുരുത്ത്' എന്ന സ്ഥലം റാണി ലക്ഷ്മീഭായിയുടെ കാലത്ത് ദിവാൻജിയായിരുന്ന മൺറോ ധ്വരയുടെ നാമധേയത്തോട് അനുബന്ധിച്ചിട്ടു

ള്ളതു് ആ സ്ഥലം എങ്ങനെ ക്രിസ്ത്യാനികളുടെ കൈവശത്തിലായെന്നുള്ളതിനെ ഒരിയ്ക്കലും മാറാത്ത ഒരു പ്രമാണംപോലെ തെളിയിക്കുന്നുണ്ടല്ലൊ. അനിഴം തിരുനാൾ മാത്താണ്ഡവമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു് ഇദംപ്രഥമമായി ഏപ്പെടുത്തിയതാണു് 'തമ്പി ചെമ്പകരാമൻ' എന്ന സ്ഥാനപ്പേരെന്നു് ചരിത്രംകൊണ്ടു് മനസ്സിലാക്കുമ്പോൾ ചെമ്പ്രാൻചീരയ്ക്കു പ്രസിദ്ധിയുള്ള ചെമ്പകരാമൻപുതൂർ എന്ന പേരിൻെറ പൊരുളു് മഹാരാജമാനിതനായ ഏതു ജനപ്രമാണിയുടെ യശസ്സിൽ അന്തർഭവിച്ചിരിക്കുന്നുവെന്നു് ആരായുവാൻ നാം ഉത്സുകരാകുന്നതാണു്. 'ചവറ' എന്ന ദിക്കിനു് 'ശങ്കരമംഗലം' എന്നുള്ള നൂതനസംജ്ഞ ഏപ്പെട്ടതു് പ്രാമാണ്യമുള്ള വ്യക്തികൾക്കു്-അവർ നാടുവഴികളായിരിക്കണമെന്നില്ല- അവരുടെ പ്രാഭവവിശേഷം കൊണ്ടുതന്നെ സ്വകീയനാമങ്ങളോടു് ഘടിപ്പിച്ചു് അഭിനവങ്ങളായ നാമങ്ങൾ സ്ഥലങ്ങൾക്കു് നല്കി പ്രചാരത്തിൽ എത്തിക്കുവാൻ കഴിയുന്നതാണെന്നു് തെളിയിക്കുന്നുണ്ടല്ലൊ. ഈഴവത്തുരുത്തി, ചെട്ടിവിളാകം, മറവൻചേരി തുടങ്ങിയവ യഥാക്രമം അതാതു ജാതികളോടാണോ ആ ജാതികളിൽതന്നെ വിപുലമായ യശസ്സ് ആജ്ജിച്ചിട്ടുള്ള വ്യക്തികളോടാണോ നാമവിഷയകമായി കടപ്പെട്ടിരിക്കുന്നതെന്നു് തീർച്ചപ്പെടുത്തുവാൻ നിവ്വാഹമില്ലാതെയാണിരിക്കുന്നതു്.

'ഇരണിയൽ' എന്ന പേരു് 'ഹിരണ്യസിംഹനല്ലൂർ' കുറുകിയതാണെന്നു് സാഹിത്യപരിഷത്തിൻെറ ദ്വാദശസമ്മേളനത്തിൽ മഹാകവി ഉള്ളൂർ 'ഗവേഷണം' എന്ന

വിഷയത്തെ ആസ്പദമാക്കിയുള്ള അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു. 'ഹിരണ്യസിംഹനല്ലൂർ' കുറുകിയുണ്ടായിട്ടുള്ളതല്ല 'ഹിരണ്യസിംഹ' എന്നതിൻെറ ദ്രാവിഡീകൃതരൂപമായ 'ഇരണിശിങ്ക' എന്നതിൽ 'ഇരണി' എന്നുമാത്രം എടുത്തു് 'അൽ' പ്രത്യയം ചേർത്തു് ഉണ്ടായിട്ടുള്ളതാണു് 'ഇരണിയൽ' എന്ന രൂപം എന്നു ഞാൻ വിചാരിക്കുന്നു. ആതിച്ചനല്ലൂർ, കോതനല്ലൂർ, കുമാരനല്ലൂർ, ചേരാനല്ലൂർ, മാറനല്ലൂർ, അരുമനല്ലൂർ, എന്നുതുടങ്ങി എത്രയൊ പദങ്ങൾ 'നല്ലൂർ' എന്നുതന്നെ അവസാനിക്കുന്നവയായി കാണുന്നതുകൊണ്ടു് ഇരണിയലിൽ മി. പരമേശ്വരയ്യർ സൂചിപ്പിക്കുന്നതുപോലുള്ള കുറുക്കത്തിനു് പഴുതുണ്ടെന്നു് തോന്നുന്നില്ല. സ്ഥലനാമങ്ങളിൽ ദേശസാമാന്യവാചിയായ അന്ത്യപദം അപ്രത്യക്ഷമാകുന്നതിനു് ദൃഷ്ടാന്തങ്ങൾ സാമാന്യേന ഇല്ലെന്നു് പറയാം.

കരതോറും ചെറുതോ വലുതോ ആയ അമ്പലങ്ങളുള്ള ഒരു നാടാണു് കേരളം. കുളിക്കാൻ കുളവും അതോടുതൊട്ടു് തൊഴുവാൻ അമ്പലവും ഉള്ളിടത്തു് പാർപ്പു് ഉറപ്പിക്കുവാനോ, അതില്ലാത്തിടത്തു് ശരീരത്തിനും മനസ്സിനും ശുദ്ധിചേർക്കുന്ന ജീവിതസൌകര്യങ്ങൾ സമ്പാദിച്ചുകൊള്ളുവാനോ നമുക്കു് പ്രകൃത്യാതന്നെ ആസക്തിയും അവധാനവും ഉണ്ടു്. ആസ്തിക്യബുദ്ധിയിൽ പുരാതന കേരളീയർ എങ്ങനെ ആയിരുന്നാലും, ആര്യസമ്പർക്കത്താൽ ഹൈന്ദവസംസ്കാരം തന്നെ അടിയുറച്ചിട്ടുള്ളതായി പില്ക്കാലംകൊണ്ടു് നമുക്കു് കാണാം. ഇതരഭാഗങ്ങളിൽ ഉപാസിക്കപ്പെട്ടാത്തതായ ചില ദേവതകളും കേരളത്തി

ലെ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ട്. ആസ്തിക്യബുദ്ധികളായ ജനങ്ങൾ കഴിവുള്ളിടത്തോളം ക്ഷേത്രങ്ങൾക്ക് പ്രാധാന്യം ഒരു സ്ഥലത്തുണ്ടാക്കിത്തീൎക്കുന്നതിന് ആഗ്രഹമുള്ളവരായിരിക്കുമെന്നുള്ളതുകൊണ്ട്, പലപ്പോഴും, സ്ഥലനാമങ്ങൾതന്നെ ക്ഷേത്രങ്ങളോട്ട് ബന്ധപ്പെട്ടവയായി വിശ്രുതങ്ങളാകാം. ദേവതകളുടെ പേരുകൾ ചേൎത്ത് സ്ഥലങ്ങൾക്ക് പേരുകളുള്ളതുപോലെ സ്ഥലങ്ങളുടെ പേരുകൾ ചേൎത്ത് ദേവതകളെ തിരുവാറന്മുള കൃഷ്ണൻ, അമ്പലപ്പുഴകൃഷ്ണൻ, വൈക്കത്തപ്പൻ, ഏററുമാന്നൂരപ്പൻ, കൊടുങ്ങല്ലൂർ ഭഗവതി, മണ്ടയ്ക്കാട്ടു ഭഗവതി, തകഴി ശാസ്താവ് കുളത്തൂപ്പുഴ ശാസ്താവ് എന്നിങ്ങനെ വ്യാവൎത്തിപ്പിയ്ക്കുന്ന സമ്പ്രദായവും ഇല്ലാതില്ല. ഈശ്വരനാമസ്മരണം അടിയ്ക്കടി ഉണ്ടാകുവാൻ ഉതകുന്ന വാക്കുകളെ ആളുകളുടെ പേരുകളായിത്തന്നെ കൈക്കൊള്ളുന്നതിൽ ശ്രദ്ധാലുക്കളായ ഹൈന്ദവർ, സമ്പത്തിലും ആപത്തിലും ഏകാശ്രയരായ ദേവന്മാരേയോ, ദേവിമാരേയോ, സൎവ്വവ്യവഹാരങ്ങളിലും സംസ്മരിപ്പിക്കുന്ന പേരുകൾ സ്ഥലങ്ങൾക്ക് നല്കുന്നതിൽ അദ്ഭുതപ്പെടുവാനില്ല. അത്രയുമല്ല, ദിവ്യദേവതാവാസംകൊണ്ട് പവിത്രമായ അതതുസ്ഥലങ്ങൾ മറുനാട്ടിലുള്ളവരെ ആന്തരമായി ആകൎഷിക്കുവാനും കെല്പുള്ളവയായിത്തീരുന്നു. ശ്രീകണ്ഠേശ്വരം, ശ്രീവരാഹം, പദ്മനാഭപുരം, കന്യാകുമാരി, കുമാരകോവിൽ, കൃഷ്ണപുരം, വാമനപുരം, ആനന്ദവല്ലീശ്വരം, ശിവപുരം, തിരുനാരായണപുരം, മഹാദേവേശ്വരം, തൃശ്ശിവപേരൂർ, ശാസ്താംകോട്ട, ശാസ്തമംഗലം, ആയ്യൻകാവ്, അച്ചൻകോവിൽ, എന്നിവ മേല്പ

റഞ്ഞരീതിയിൽ ഉണ്ടായിട്ടുള്ള സ്ഥലനാമങ്ങൾക്ക് ഉദാഹരണങ്ങളാകുന്നു. 'അച്ചൻ' എന്നത്ത് ശാസ്താവിൻെറ പര്യായമായ ആര്യപദത്തിന്റെ തദ്ഭവമാണ്. സംസ്കൃതത്തിൽ 'ആര്യ' എന്നതിന്ന നേരേ പ്രാകൃതത്തിൽ 'അജ്ജ' എന്നുള്ളത്ത് മലയാളത്തിൽ അച്ച(ൻ) എന്നുള്ളരൂപം പ്രാപിക്കുന്നു. ആര്യൻകാവ് എന്നതിൽ ആര്യൻ എന്ന പദം ശാസ്തൃപരമാണെന്നുള്ളത്തും അച്ചൻകോവിലിൻെറ അത്ഥവിജ്ഞാനത്തിന്ന സഹായകമാണല്ലോ. ഇതേ ആര്യപദംതന്നെ അയ്യൻ എന്ന് തനിയേയും, അയ്യപ്പൻ എന്നുള്ളതിൽ അപ്പൻ എന്ന വത്സലനാമത്തോട്ടുചേന്നും കാണുന്നതാകട്ടെ, പാലിഭാഷവഴിയായി നമ്മുടെ ഭാഷയിലോട്ട് പകന്നിട്ടുള്ളതത്രെ.

ശുചീന്ദ്രം മുതലായ സ്ഥലനാമങ്ങൾ പ്രസിദ്ധങ്ങളായ ചില സംഭവങ്ങളോട്ട് ഐതിഹ്യരൂപേണ ആ സ്ഥലങ്ങൾക്ക് സംബന്ധവും തദ്ദ്വാരാ ഏതെങ്കിലും തരത്തിൽ മാഹാത്മ്യവും ദ്യോതിപ്പിക്കുമാറ് ഉണ്ടായിട്ടുള്ളവയാണെന്നുള്ളത്തും ഇവിടെ പ്രസ്താവ്യമാകുന്നു. ശുചീന്ദ്രത്തിൽ ശിവൻെറ പ്രതിഷ്ഠയുള്ള മഹാക്ഷേത്രമുണ്ടെന്ന് നാം അറിയുന്നത്ത് ആ പേരുകൊണ്ടല്ല; പിന്നെയോ? അതിൻെറ പിറകിൽ നില്ക്കുന്ന ഉപാഖ്യാനത്തിൽ കൂടിയാണ്.

യാദൃച്ഛികങ്ങളായ സംഭവങ്ങൾ, അവയുടെ അസാധാരണതകൊണ്ടോ, അവയോട്ട് ബന്ധപ്പെട്ടിട്ടുള്ള വ്യക്തികളുടെ വിശിഷ്ടതകൊണ്ടോ അനന്തരകാലത്തിൽ സ്മരണീയങ്ങളായിത്തീന്നുവെന്ന് വരാം. അങ്ങനെയുള്ള

സംഭവങ്ങൾക്ക് ആധാരമായിരുന്ന ദേശമോ, ദേശവിഭാഗമോ, ജനങ്ങളുടെ വ്യവഹാരത്തിൽ അവയെ കുറിക്കുന്ന ചില സൂചനകളോടുകൂടിയ നാമങ്ങളെ വഹിക്കുന്നതായി നാം കാണുന്നു. "ഇരണിയൽകൊട്ടാരത്തിൽ ഉടവാൾ ചാരിവെച്ച് ഉടലോടെ സ്വൎഗ്ഗംപൂകിയ തമ്പുരാനെ" പരാമശിച്ചുള്ള ധമ്മരാജായിലെ ഭാഗം വാൾവെച്ചഗോഷ്ഠത്തെക്കുറിച്ച് പ്രചാരത്തിൽ ഇരിക്കുന്ന ഐതിഹ്യത്തെ ആസ്പദമാക്കിയുള്ളതാണ്. തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ ഭക്തിപൂവ്വമായ ആരാധനത്തിന് പാത്രമായിരുന്ന ആ സങ്കേതസ്ഥാനം ഗോശാല, തണ്ണീർപന്തൽ മുതലായ ധമ്മസ്ഥാപനങ്ങൾകൊണ്ട് ഭൂഷിതമായിരുന്നുവെന്നുകൂടി നാം അറിയുമ്പോൾ വാൾവെച്ചഗോഷ്ഠത്തിലെ ഗോഷ്ഠപദത്തിനും ഉപപത്തിയുണ്ടെന്ന് വെളിപ്പെടുന്നതാണ്. കൊല്ലം 927-ൽ മാത്താണ്ഡവമ്മ മഹാരാജാവ് ഏതാനും പരദേശബ്രാഹ്മണക്ക് ദാനംചെയ്തിട്ടുള്ള സ്ഥലമത്രെ മഹാദാനപുരം. അതിൻെറ സമ്പൂണ്ണമായ പേരു് പഞ്ചലാംഗലമഹാദാനപുരം എന്നായിരുന്നുവെന്ന് രേഖകൾകൊണ്ട് കാണുന്നു. അയ്മ്പൊന്നുകൊണ്ട് ഒരു കലപ്പ ഉണ്ടാക്കി ഉഴുതിട്ടാണ് ആ ഭൂദാനം നിവ്വഹിച്ചിട്ടുള്ളതെന്ന് പ്രസ്തുതനാമം തന്നെ സൂചിപ്പിക്കുന്നുണ്ടല്ലൊ. വാൾവെച്ചഗോഷ്ഠം വാഴവാച്ചിത്തോട്ടമായും പഞ്ചലാംഗല (മഹാദാന) പുരം പഞ്ചലിംഗപുരമായും തീന്നിട്ടുള്ളതു് ഏതാനും വണ്ണങ്ങളുടെ സാമ്യംകൊണ്ട് മററു ചില ശബ്ദങ്ങളോടു ഘടിപ്പിച്ച് അവ വ്യവഹരിച്ചുപോരുവാൻ ഇടയായിട്ടുള്ളതുകൊണ്ടത്രെ. സ്ഥലനാമങ്ങൾ

അവയുടെ പിറകിൽ ചില ഐതിഹ്യങ്ങളേയും, ഭരണകത്താക്കളുടെ ഔദാൎയ്യാദികളായ അപദാനങ്ങളുടെ ചില ലക്ഷ്യങ്ങളേയും പരിരക്ഷിച്ചുകൊണ്ടിരിക്കുന്നതായി കാണുന്നിടത്തോളം അവയുടെ ആഗമത്തെക്കുറിച്ചുള്ള ചിന്തനം ഏററവും പ്രയോജനകരമാണല്ലൊ.

ആധുനികകാലത്ത് ലക്ഷക്കണക്കിന് രൂപാ ചെലവഴിച്ചിട്ടുള്ള പാലങ്ങളോ വിദ്യുച്ഛക്തിവിതരണകേന്ദ്രങ്ങളോ ശില്പകലാചാതുരിയെ പ്രദൎശിപ്പിക്കുന്ന മന്ദിരങ്ങളോ ഉണ്ടാകുന്നതു് നമ്മുടെ ജീവിതസൌകൎയ്യങ്ങളെ വൎദ്ധിപ്പിക്കുന്നതായി നാം എങ്ങനെ കണക്കാക്കുന്നുവോ അങ്ങനെയോ അതിലധികമായോ ഉള്ള പ്രാധാന്യം, പണ്ട് ഒരു കുഗ്രാമത്തിൽ ഒരു കുളം ഇറയ്ക്കുന്നതിനോ ഒരു തോട്ട വെട്ടുന്നതിനോ ഉള്ളതായി അവിടെ വസിക്കുന്നവർ തങ്ങളുടെ പരിമിതമായ ജീവസന്ധാരണത്തിൻെറ ലക്ഷ്യത്തിൽനിന്ന് വിചാരിച്ചിരിക്കും എന്നുള്ളതാണ് ഇറച്ചകുളവും കുത്തിയതോട്ടും മററും സ്ഥലനാമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതിൽ നിന്നും നാം മനസ്സിലാക്കേണ്ടതു്. എണ്ണത്തിൽ കുറഞ്ഞവരെങ്കിലും സഹകരണത്തിൻെറ ശക്തികൊണ്ട് ഒരു വലിയ ഗവൺമെൻറുതന്നെ നിൎവ്വഹിക്കുന്ന കാൎയ്യങ്ങൾ സാധിച്ചിരുന്ന പ്രാചീനരായ ഗ്രാമവാസികളുടെ സംഘടിതപ്രവൎത്തനമാണ് ഓരോ ഗ്രാമത്തിൻേറയും ഉത്തരോത്തരമായ അഭിവൃദ്ധിക്ക് നിദാനമായിരുന്നതു് എന്നു വ്യക്തമാക്കുവാനും ഏതാദൃശങ്ങളായ സ്ഥലനാമങ്ങൾ സഹായകങ്ങളാണല്ലൊ. സമുദായത്തിൻെറ പല നിലകളിലും വൎത്തിക്കുന്നവൎക്ക് ഒന്നുചേൎന്നുള്ള പെരുമാററ

ത്തിന് ഇടകൊടുക്കുന്ന സ്ഥാപനങ്ങളോ ഏർപ്പാടുകളോ നവംനവങ്ങളായി ആവിർഭവിക്കുന്നത് നൂതനങ്ങളായ സ്ഥലനാമങ്ങളുടെ സൃഷ്ടിക്കും ഇടയാക്കുന്നുണ്ട്. പുത്തൻചന്ത, പുതിയങ്ങാടി, പുത്തൻചിറ, പുതുതുരുത്തി, പുതുപ്പാടി, പുതിയകാവ് എന്നിങ്ങനെയുള്ള പേരുകൾ നാനാപ്രകാരേണ സാമൂഹികമായ ജനസമ്പർക്കത്തിൻെറ പ്രാതിനിധ്യം വഹിക്കുന്ന ഏതെങ്കിലും ഒന്നിനോട് ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. ദേവാലയങ്ങളിലെ മഹോത്സവപരിപാടികൾക്കോ, കലാപ്രകടനങ്ങൾക്കോ, പ്രാധാന്യം വഹിക്കുന്ന സങ്കേതങ്ങളും സ്ഥലസംജ്ഞകൾക്ക് അധിഷ്ഠാനങ്ങളാകാമെന്ന് ആറാട്ടുപുഴയും, ഭരണിക്കാവും, കൂത്തുപറമ്പും മററും വെളിപ്പെടുത്തുന്നു.

പുതുതായ ഒന്നിൻെറ ആവിർഭാവം അത്തരത്തിൽ മുൻപുണ്ടായിരുന്നിരിക്കാവുന്നതിന് പഴമചേർക്കാനും സംഗതിയാകുന്നു. പഴവങ്ങാടിയും പഴയ കുന്നുമ്മേലും അതതു സ്ഥലങ്ങൾക്ക് ആദ്യമേയുണ്ടായിരുന്ന പേരുകളല്ലെന്നും, പില്ക്കാലത്ത് പ്രാഭവത്തിലെത്തിയ അവകാശികൾക്ക് സ്ഥാനമൊഴിഞ്ഞുകൊടുത്ത് പഴയതെന്നുള്ള സ്ഥാനവും വാങ്ങി പിറകോട്ടു പോയവയാണെന്നും പറയേണ്ടിയിരിക്കുന്നു. പുതുമയും പഴമയും കാലികങ്ങളാണെന്നതല്ലാതെ അതിന് ആത്യന്തികമായ പാരമാർത്ഥ്യം ഇല്ലതന്നെ. ഒററപ്പാലവും ഓലകെട്ടിയമ്പലവും മററും അതാതിടത്തുള്ള പാലത്തിൻേറയോ അമ്പലത്തിൻേറയോ മറേറാ ജനദൃഷ്ടിക്ക് വിഷയമാകാനുള്ള പ്രത്യേകതയെ ദൃഷ്ടാന്തീകരിക്കുമാറ് സംഭവിച്ചിട്ടുള്ളവയായിരിക്കും.

സ്ഥലനാമങ്ങളുടെ ഉടലിൻെറ ആകാരത്തിൽ പ്രത്യക്ഷമാകുന്ന വൈചിത്ര്യം ഏറെക്കുറെ നാം ഇവിടെ വിചിന്തനം ചെയ്തുവല്ലോ. സമാനങ്ങളായ പേരുകൾ ഭിന്നങ്ങളായ സ്ഥലങ്ങൾക്കുണ്ടായിട്ടുള്ളതിനു ഉദാഹരണങ്ങൾ സുലഭങ്ങളാണ്. അതുതന്നെ സ്ഥലങ്ങൾക്ക് സംജ്ഞ ചെയ്യുന്നതിൽ ഭൂപ്രകൃതി തുടങ്ങി പലതും പ്രസ്പഷ്ടങ്ങളായ ഉപാധികളായിരിക്കുന്നുവെന്നുള്ള നമ്മുടെ അഭ്യൂഹത്തിന് പ്രാബല്യം വർദ്ധിപ്പിക്കുന്നു. കേരളത്തിൽ തെക്കെന്നോ വടക്കെന്നോ ഉള്ള വ്യത്യാസമില്ലാതെ പല കാര്യങ്ങളിലും ഐകരൂപ്യം ദേശസ്വഭാവവിഷയകമായി അനുഭവപ്പെട്ടിട്ടുള്ളതു തന്നെയാണ് സദൃശങ്ങളായ സ്ഥലനാമങ്ങളെ ജനിപ്പിച്ചിട്ടുള്ളതെന്നുള്ളതിന് സംശയമില്ല. ദേശവിഷയകമായ അകല്ചകൊണ്ടു് വിഭ്രമം വരാതെ സമുദ്ദിഷ്ടമായ പ്രയോജനം സാധിക്കുന്നുവെങ്കിൽ സ്ഥലനാമങ്ങളിലുള്ള സരൂപത ദോഷകരവുമല്ലല്ലോ. തിരുവനന്തപുരത്തെന്നപോലെ കോഴിക്കോട്ടും മണക്കാട്ടുണ്ട്. അട്ടൂർ എന്ന പേരിന് തിരുവിതാംകൂറിൽ എന്നപോലെ കൊച്ചിയിലും പ്രസിദ്ധി ഉണ്ടായിരിക്കുന്നു. ഇതുപോലെ മടവൂർ[1], കാർത്തികപ്പള്ളി[2], കോതമംഗലം[3], ആലംകോട്[4], ആലങ്ങാട്[5], പള്ളിപ്പുറം[6], കുട്ടമംഗലം[7], വയ

1. ചിറയിൻകീഴ് താലൂക്ക്; കോഴിക്കോട്ട് താലൂക്ക്, (മലബാർ)
2. മദ്ധ്യതിരുവിതാംകൂർ; കുറുമ്പ്രനാട്ട് താലൂക്ക് (മലബാർ)
3. മൂവാററുപുഴ താലൂക്ക്, കുറുമ്പ്രനാട്ട് താലൂക്ക് (മലബാർ)
4. ചിറയിൻകീഴ് താലൂക്ക്; പൊന്നാനിത്താലൂക്ക് (മലബാർ)
5. പറവൂർ; വള്ളുവനാട്ട്.
6. ചേർത്തല, ചിറയിൻകീഴ്; വള്ളുവനാട്ട് താലൂക്ക്.
7. മൂവാററുപുഴ; പൊന്നാനി.

ക്കര[8], രായമംഗലം[9], രാമവമ്മപുരം[10], കുളത്തൂർ[11], മണക്കാട്ട്[12], കാപ്പിൽ[13], പുത്തൂർ[14], കുമാരനല്ലൂർ[15] എന്നിങ്ങനെ എത്രയോ സ്ഥലനാമങ്ങൾ കേരളത്തിൽ തെക്കും വടക്കും ഒന്നുപോലെ, ഒരേ ഭാഷ അഭിന്നമായ ആവശ്യകതയെ പുരസ്കരിച്ചു വ്യവഹരിക്കപ്പെട്ടുന്നുവെന്നുള്ളതിനാൽ, ഭിന്നദേശങ്ങൾക്ക് സ്മാനങ്ങളായി സംദൃശ്യങ്ങളാകുന്നു !

ഒരേഭാഷ വ്യവഹരിയ്ക്കുന്ന നാട്ടിൽ അങ്ങേ അററത്തോ ഇങ്ങേ അററത്തോ ഉള്ളവർ അറിയാതെ താന്താങ്ങളുടെ ആവശ്യങ്ങൾ അനുസരിച്ച് പദസമ്പത്തുകൾ ശേഖരിക്കുമ്പോൾ ഇതുപോലുള്ള സാജാത്യം ഉണ്ടാകുക സാധാരണമത്രെ.

ഓരോ സ്ഥലത്തിനും പേരുണ്ടായിത്തീരുന്നത് പല തരത്തിലുള്ള ഉപാധികളെക്കൊണ്ടാണെന്ന് നാം കണ്ടുവല്ലൊ. സ്ഥലനാമങ്ങളിൽ പ്രായേണ എല്ലാററിലും രണ്ടു ഭാഗങ്ങളുള്ളതിൽ ഭൂപ്രകൃതി മുതലായ വൈശിഷ്ട്യത്തെ കുറിക്കുന്ന ആദ്യത്തെ ഭാഗത്തിനാണ് അത്ഥപരമായി കൂടുതൽ പ്രാധാന്യം നല്കേണ്ടത്. കുന്ന്, കുഴി, കാട്, എന്നിങ്ങനെ നാനാരൂപമായ ഭൂപ്രകൃതിയെ കുറിക്കുന്നവ

---

8. കോട്ടയം; ചിറയ്ക്കൽ താലൂക്ക്.
9. കുന്നത്തുനാട്; പൊന്നാനി.
10. നാഗർകോവിൽ; കൊച്ചി.
11. തിരുവനന്തപുരം, നെയ്യാററിൻകര; വള്ളുവനാട്.
12. തിരുവനന്തപുരം; കോഴിക്കോട്.
13. ചിറയിൻകീഴ്, കരുനാഗപ്പള്ളി, ഏറനാട്.
14. കൊട്ടാരക്കര; കോഴിക്കോട്.
15. കോട്ടയം; കോഴിക്കോട്.

യോ ഊരു്, നാട്ടു്, പുരം, പട്ടണം, തറ, പള്ളി തുടങ്ങി സ്ഥലം എന്ന അൎത്ഥത്തെ സാമാന്യമായി അല്ലെങ്കിൽ വിശിഷ്ടമായി കുറിക്കുന്നവയോ ആയ വാക്കുകൾ സ്ഥല നാമങ്ങളിൽ അന്ത്യഭാഗമായി പ്രയുക്തങ്ങളാകുന്നവയെ ക്കുറിച്ചുള്ള ചിന്തയ്ക്കു് ഭാഷാപരമായി അത്യന്തം ഗണനീ യമായ ഒരു സ്ഥാനമുണ്ടു്. മലയാളഭാഷയുടെ സഗോത്ര ഭാഷകൾ വ്യവഹാരത്തിൽ ഇരിക്കുന്ന സ്ഥലങ്ങളിലെ ദേശനാമങ്ങളോടുചേൎത്തുള്ള താരതമ്യപഠനം കേരള ത്തിലെ ദേശനാമങ്ങൾക്കു നിൎവ്വഹിക്കുന്നതു് ദ്രാവിഡദേ ശത്തിനു് പൊതുവേയുള്ള ബഹുവിധങ്ങളായ ലക്ഷണങ്ങ ളേയും, ദേശഭേദംകൊണ്ടു് ഒരേപദത്തിനുതന്നെ വ്യവഹാ രത്തിൽ വന്നുകൂടിയിട്ടുള്ള വൎണ്ണവിപൎയ്യയങ്ങളിൽ പ്രകാശി ക്കുന്ന അതതു ഭാഷകളുടെ വാസനാഭേദങ്ങളേയും വെളി പ്പെടുത്തുന്നതിനു് നല്ലപോലെ ഉപകരിക്കുമെന്നുള്ളതിനു് സംശയമില്ല.

---

# ലീലാതിലകം

## (ഒരു നിരീക്ഷണം)

### I

'മണിപ്രവാളം' എന്ന കാവ്യപ്രസ്ഥാനത്തെക്കുറിച്ച് സംസ്കൃതഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ള ഒരു ശാസ്ത്രഗ്രന്ഥമാണ് ലീലാതിലകം. സൂത്രങ്ങളും അവയെ സോദാഹരണം വിവരിക്കുന്ന വൃത്തിഭാഗവും അടങ്ങിയ ഈ കൃതി മണിപ്രവാളലക്ഷണം, ശരീരനിരൂപണം, ഭാഷാസന്ധിവിവരണം, ദോഷാലോചനം, ഗുണനിരൂപണം, ശബ്ദാലങ്കാരവിവേചനം, അർത്ഥാലങ്കാരവിവരണം, രസപ്രകരണം എന്നിങ്ങനെ എട്ടു ശില്പങ്ങളായി വിഭക്തമായിരിക്കുന്നു.

"നാത്യന്തം സംസ്കൃതേനൈവ
നാത്യന്തം ദേശഭാഷയാ
കഥാ ഗോഷ്ഠിഷു കഥയൻ
ലോകേ ബഹുമതോ ഭവേത്"

എന്നുള്ള ആദർശത്തെ മുൻനിർത്തി ഭാഷാസാഹിത്യത്തിൽ മഹനീയത മണിപ്രവാളശാഖയ്ക്കു നല്കേണ്ടതാണെന്ന് വിശ്വസിക്കുന്ന ഗ്രന്ഥകാരൻ * സംസ്കൃതത്തിലെ സാഹിത്യശാസ്ത്രങ്ങളുടെ തോതിൽ ഒരു ലക്ഷണശാസ്ത്രം നിർമ്മിച്ചതു് സർവഥാ ഉപപന്നമത്രെ.

---

* ലീലാതിലകത്തിലെ സൂത്രഭാഗവും വൃത്തിഭാഗവും ഭിന്ന കർത്തൃകങ്ങളാണെന്നുള്ള അഭിപ്രായം ഉണ്ടെങ്കിലും ഈ ലേഖനത്തിൽ സൂത്രകാരനേയും വൃത്തികാരനേയും 'ഗ്രന്ഥകാരൻ' എന്നു പൊതുവെ വ്യപദേശിച്ചിരിക്കുന്നു.

" ഭാഷാസംസ്കൃതയോഗോ മണിപ്രവാളം " എന്ന സൂത്രത്തിൻെറ വിവരണത്തിൽ 'ഭാഷ' എന്നതുകൊണ്ട് കേരളഭാഷയാണ് വിവക്ഷിതമെന്നും അതിനുതന്നെ സംസ്കൃതത്തോടുകൂടിയുള്ള യോഗമാണ് 'മണിപ്രവാളം' എന്ന അഭിധാനത്തെ അർഹിക്കുന്നതെന്നും പ്രസ്താവിച്ചിട്ട് "തദേതല്ലക്ഷണമയുക്തമേവ ലക്ഷ്യതേ. അസ്തി താവന്മണിപ്രവാളേ ചോളഭാഷാപി......" എന്നു തുടങ്ങിയുള്ള ചച്ച് സഗോത്രഭാഷകളുടെ സാദൃശ്യവൈസാദൃശ്യങ്ങളിലേക്കു കൂടി നമ്മുടെ ശ്രദ്ധയെ ഏറക്കുറെ ആകഷിക്കുന്നു. കേരളഭാഷയിൽ ചോളാദിഭാഷകളുണ്ടെന്നുള്ള പൂർവ്വപക്ഷത്തെ അഭിമുഖീകരിച്ചുകൊണ്ട് 'കലപ്പില്ലാത്ത ഒരു ദേശഭാഷയോ, ഒരു ഭാഷാപ്രബന്ധമോ, ഒരു ദേശം തന്നെയോ കാണുന്നതല്ലെന്നുള്ളതിരിക്കട്ടെ; എന്നാലും ഇതരഭാഷകളിൽനിന്ന് സ്വീകരിക്കപ്പെട്ടിട്ടുള്ള ശബ്ദങ്ങളും കൂടി നമ്മുടെ ഭാഷാശബ്ദങ്ങളായിട്ടേ പരിഗണിക്കാവൂ ; ആ നിലയ്ക്ക് ചില ശബ്ദങ്ങൾ ഇതരഭാഷാസദൃശങ്ങളാണെന്നല്ലാതെ ഇതരഭാഷാശബ്ദങ്ങൾതന്നെയാണെന്നുള്ള വിചാരം സംഗതമല്ല........' എന്നിങ്ങനെ ശബ്ദവിഷയകമായ ഒരു തത്ത്വത്തെ യുക്ത്യനുസൃതം പ്രതിപാദിച്ചിരിക്കുന്നതു് നോക്കുക !

" ദേശീ, സംസ്കൃതഭവാ, സംസ്കൃതരൂപാ " എന്ന് ഭാഷയെ അതിലുള്ള പദങ്ങളെ അധിഷ്ഠിതമാക്കി വിഭജിച്ചിട്ടുള്ള നിരൂപണാവും ചിന്തോദ്ദീപകമാണ്. " അന്തേ വികൃതം സംസ്കൃതം സംസ്കൃതരൂപാ " എന്ന സൂത്രത്തിന്റെ വിവരണത്തിൽ കുങ്കുമം, കാരണം, കുലം ഇത്യാദി ശബ്ദ

ങ്ങളിൽ കാണുന്ന അന്ത്യമായ മകാരം ഭാഷാവശാൽ വന്നിട്ടുള്ളതാണെന്നും സംസ്കൃതത്തിലെ സ്ഥിതി അനുസരിച്ചിട്ടുള്ളതല്ലെന്നും പറഞ്ഞിട്ടുള്ളതു് ശാസ്ത്രീയമായ വീക്ഷണഗതിയെ പ്രകടമാക്കുന്നുണ്ടു്. പ്രാതിപദികം മറെറാരു ഭാഷയിൽനിന്നും സ്വീകൃതമാകാമെങ്കിലും പ്രത്യയാംശത്തിൽ എല്ലാ ഭാഷകളും കഴിവുള്ളിടത്തോളം സ്വന്തം നിലതന്നെ പരിരക്ഷിക്കുമെന്നുള്ളതു് ഭാഷാവിജ്ഞാനീയത്തിൽ അംഗീകൃതമായ ഒരു തത്ത്വമാണു്. "ഊഹനീയസംസ്കൃതപ്രകൃതിഃ സംസ്കൃതഭവാ" എന്ന സൂത്രത്തിൻെറ വൃത്തിയിൽ ഭാഷയിലുള്ള തേവർ, വക്കം, ചങ്ങാത, പലക, പിച്ച, താലി, കമുകു്, കാട്ടു്, ചുരിക, കുതിര ഇത്യാദി ശബ്ദങ്ങൾ സംസ്കൃതപ്രകൃതികങ്ങളായിട്ടു് പ്രദർശിപ്പിച്ചിട്ടുള്ളതിലും ഗ്രന്ഥകാരൻെറ ഭാഷാശാസ്ത്രവിജ്ഞാനം പ്രതിഫലിക്കുന്നുണ്ടു്. അക്കൂട്ടത്തിൽ കമുകു്, കാട്ടു്, കുതിര എന്നീ പദങ്ങളുടെ ആഗമമാകട്ടെ സംസ്കൃതത്തിൽ നിന്നാണോ എന്നുള്ളതു് സന്ദേഹാസ്പദമത്രെ. ഭാഷയിലുള്ള എല്ലാ ശബ്ദങ്ങൾക്കും സംസ്കൃതത്തിൽ പ്രകൃതി ഊഹിക്കത്തക്കതാണെന്നുള്ള ചിലരുടെ അഭിപ്രായം "'വയറു്' എന്നുള്ളതിൻെറ പ്രകൃതി 'വൈരി' എന്നതാണു്; വയറു് ശത്രുതന്നെ; വിശപ്പു കൊണ്ടാണല്ലോ മോഷണം നടത്തി ആപത്തിൽ പെടുന്നതു്......" എന്നിങ്ങനെ അവതരിപ്പിച്ചിട്ടു് നിരസിച്ചിരിക്കുന്നതിലുള്ള തത്ത്വം "A sound etymology has nothing to do with sounds" എന്നുള്ള നവീനസിദ്ധാന്തത്തിൽനിന്നും ഭിന്നമല്ല. "പളുങ്ങു്, ആണ, വക്കാണം, ചിരിതേവി"

ഇത്ര്യാദികൾ പ്രാകൃതഭവങ്ങളായി തിരിച്ചു കാണിച്ചിട്ടുള്ളതും ഭാഷാശബ്ദങ്ങളുടെ പ്രകൃതിനിർണ്ണയത്തിൽ സംസ്കൃതം പോലെതന്നെ പ്രാകൃതവും നിരീക്ഷിക്കപ്പെടേണ്ടതാണെന്നുള്ള ഉദ്ബോധനം നല്കുന്നു.

നകാരവും ണകാരവും അർത്ഥഭേദത്തിനു ഇടയാക്കുന്നവയാകകൊണ്ടു് അവ ഭാഷയിൽ വെവ്വേറെ വർണ്ണങ്ങളാണെന്നും സംസ്കൃതത്തിലെപ്പോലെ ഉച്ചാരണമാത്രനിഷ്ഠങ്ങളല്ലെന്നും 'കാൺക നാവിൽ, കാൺ കണാവിൽ' ഇത്ര്യാദ്യുദാഹരണങ്ങളെടുത്തുകാണിച്ചു് ഉപപാദിച്ചിട്ടുള്ളതു് ഒരേ ലിപികൊണ്ടു രേഖപ്പെടുത്തപ്പെടുന്നവയെങ്കിലും ഉച്ചാരണഭേദം അനുസരിച്ചു് അർത്ഥഭേദം ഉളവാക്കുന്ന വർണ്ണങ്ങളെ വിഭിന്നങ്ങളായിത്തന്നെ കരുതണമെന്നുള്ള ആധുനികമായ phoneme-സിദ്ധാന്തത്തിലെ തത്വത്തെ ലക്ഷീകരിച്ചുകൊണ്ടത്രെ.

മൂന്നാം ശില്പത്തിൽ വിഭക്തികളെ എട്ടായിതിരിച്ചു് അവയുടെ അർത്ഥവിചാരം ചെയ്യുമ്പോൾ ഭാഷയുടെ സ്വഭാവത്തിനു യോജിക്കാത്ത പ്രയോഗരീതികളെ പാടേ ഒഴിക്കേണ്ടതുണ്ടെന്നു് കാണിക്കുന്ന ഗ്രന്ഥകാരൻ സംസ്കൃതപക്ഷപാതം ഒരിക്കലും അതിരു കവിഞ്ഞുപോകുവാൻ അനുവദിക്കരുതെന്നു് ചൂണ്ടിക്കാണിച്ചിരിക്കുന്നു. "കാലാധ്വനോരത്യന്തസംയോഗേ" എന്ന പാണിനിസൂത്രം അനുസരിച്ചു് "ദിവസത്തെ നിൻറാൻ" ഇത്ര്യാദി പ്രയോഗങ്ങളോ, "ഉപാന്വധ്യാങ്വസഃ" എന്ന വിധിയനുസരിച്ചു് "ഗ്രാമത്തെ ആവസിക്കിൻേറാൻ" ഇത്ര്യാദി പ്രയോഗങ്ങളോ ഭാഷയിൽ സമുചിതങ്ങളല്ലെന്നുള്ള ആചാ

ര്യന്റെ മതം ശ്രദ്ധേയമാണ്. അതുപോലെ 'കാന്തായ കുപ്യതി' (ക്രുധദ്രുഹേർഷ്യാസൂയാർത്ഥാനാം യം പ്രതി കോപഃ), 'തസ്മാദധീതം' (ആഖ്യാതോപയോഗേ), 'വ്യാഘ്രാദ് ഭീതഃ' (ഭീത്രാർത്ഥാനാം ഭയഹേതുഃ), പശ്യത സ്തസ്യഗതഃ' (ഷഷ്ഠീചാനാദരേ), 'വൃക്ഷാണാമാമ്രസ്യ' (യതശ്ച നിർദ്ധാരണം), 'ഉദയത്യാദിത്യേ ജാതഃ' (യസ്യ ച ഭാവേന ഭാവലക്ഷണം) എന്നിപ്രകാരമുള്ള സംസ്കൃതവാക്യശൈലികളെ അനുകരിച്ച് 'കാന്തനു കോപിക്കിൻറിതു കാന്ത', 'അവങ്കൽ നിൻറു പയററി', 'പുലിയിങ്കൽ നിൻറു പേടിച്ചു', 'കാൺകേയ്ക്കു പോയി', 'മരങ്ങളുടെ മാവിന്റെ', 'ഉദിക്കിൻറ ആദിത്യനിൽ പിറൻറാൻ' എന്നും മററും ഭാഷയിൽ പ്രയോഗിക്കുന്നതു് വികൃതവും, അയുക്തവും, അഭിമതാത്ഥപ്രതീതിയെ വിഘനിക്കുന്നതും ആണെന്നുള്ള അനുശാസനം സംസ്കൃതഭാഷാനിയമങ്ങളെ വിവേചനമില്ലാതെ സ്വീകരിച്ച് ഭാഷയിൽ വിലക്ഷണപ്രയോഗങ്ങൾ സൃഷ്ടിക്കുന്നവക്ക് ഒരു അങ്കുശം തന്നെയാണ്. "ന ഖലു സംസ്കൃതന്യായഃ സർവ്വോപി ഭാഷായാം പ്രവൎത്തതേ" എന്നു് സംസ്കൃതന്യായങ്ങളെ ഗ്രാഹ്യത്യാജ്യ ബുദ്ധിയോടുകൂടി മാത്രമേ ഭാഷയിൽ ആദരിക്കാവൂ എന്ന് നാലാം ശില്പത്തിൽ ആചാര്യൻ വ്യക്തമായിതന്നെ പറയുന്നുമുണ്ട്.

"ഓജസ്ത്വിഹ നാംഗീക്രിയതേ; തസ്യ പഞ്ചമസഹിതൈഃ രേഫസഹിതൈഃ സംയുക്തവർഗ്ഗൈർദീർഘസമാസേനോദ്ധതരചനയാ ച നിവ്വൎത്യമാനതയാ അതിഗംഭീരത്വാദ് ഭാഷായാ അതിവിരളത്വപ്രസംഗാച്ച"

എന്ന് ശബ്ദഗുണമായ ഓജസ്സിന് ഉത്തമമായ മണിപ്ര വാളകാവ്യത്തിൽ പ്രസക്തിയില്ലെന്നുള്ള പ്രസ്താവവും ഭാഷയുടെ പ്രകൃതിക്ക് അനുരൂപമാകുന്നിടത്തോളം മാത്ര മേ സംസ്കൃതസാഹിത്യശാസ്ത്രഗ്രന്ഥങ്ങളിലെ നിയമങ്ങളെ അനുകരിക്കാവൂ എന്നുള്ള ഗ്രന്ഥകാരൻെറ ആദർശത്തെ സ്പഷ്ടീകരിക്കുന്നു. "തദ്ഗത്തമം ഭാഷാരസപ്രാധാന്യേ" എന്ന സൂത്രത്തിൽ ഭാഷയ്ക്കു് പ്രാധാന്യം സംസ്കൃതപദങ്ങ ളേക്കാൾ ഭാഷാപദങ്ങൾക്ക് സംഖ്യാപരമായ ആധിക്യ മാണെന്നു് വിവരിക്കപ്പെട്ടിട്ടുണ്ടല്ലോ. ഓജോഗുണത്തിനു ചേർന്ന വർണ്ണങ്ങളും ദീർഘസമാസങ്ങളും ഭാഷയിൽ താരത മ്യേന കുറവാകയാൽ സംസ്കൃതപദങ്ങളുടെ ബാഹുല്യത്തി നിടയാക്കുന്ന ആ ഗുണത്തെ മണിപ്രവാളകാവ്യത്തിൽ അങ്ഗീകരിക്കാത്തതു് യുക്തം തന്നെയാണ്. അതോടുകൂടി "സർവ്വഥാ ശ്ലേഷോ മഹാൻ ബന്ധഗുണ ആസ്ഥേയഃ" എന്ന് ശ്ലേഷഗുണത്തെ ഭാഷയിൽ കൈയ്ക്കൊള്ളുക തന്നെ വേണമെന്ന് വ്യവസ്ഥാപിച്ചിട്ടുള്ളതും ശ്രദ്ധേയ മത്രെ. സംസ്കൃതത്തിൽ സമുച്ചയത്തെ ദ്യോതിപ്പിക്കുന്ന ച ശബ്ദം

"ഏകാതപത്രം ജഗതഃ പ്രഭുത്വം
നവം വയഃ കാന്തമിദം വപുശ്ച"

ഇത്യാദി പ്രയോഗങ്ങളിൽ ഒരിടത്തുമാത്രമേ വിന്യസിക്ക പ്പെടുന്നുള്ളുവെങ്കിലും എല്ലാ പദങ്ങളോടും സംബന്ധിക്കു മെന്നും ഭാഷയിലെ സമുച്ചായകമായ ഉം ശബ്ദത്തിന് ആ സ്വഭാവം ഇല്ലെന്നും ഉള്ള നിരീക്ഷണത്തോടുകൂടി "വെള്ള വെളെള രുചി വെള്ളം തിങ്കളും ചൂടുവോനിൽ" എന്നിട

ത്ത് "വെള്ളവും തിങ്കളും" എന്ന് ഓരോന്നിലും സമുച്ച യനിപാതം ചേക്കാതിരുന്നിട്ടുള്ളത് 'ന്യൂനപദം' എന്ന കാവ്യദോഷമാണെന്ന് ഉദാഹരിക്കുന്ന സ്ഥലത്തിലും ഭാഷാസംസ്കൃതങ്ങളുടെ സ്വഭാവതാരതമ്യത്തെ ഗ്രന്ഥകാരൻ വേണ്ടുവോളം പരിഗണിച്ചിരിക്കുന്നുവെന്ന് സ്പഷ്ടമാകുന്നു.

ഇങ്ങനെ കേരളഭാഷയ്ക്ക് അനുസൃതങ്ങളായ ലക്ഷണഗ്രന്ഥങ്ങളുടെ അഭാവം പരിഹരിപ്പാനും സംസ്കൃതസമാവേശംകൊണ്ട് ഭാഷയുടെ വ്യക്തിത്വം ഭഗ്നമായിപ്പോകാതിരിപ്പാനും ആണ് ആചാര്യൻ ലീലാതിലകം നിമ്മിച്ചതെന്ന് തെളിയുമല്ലൊ.

## II

ലീലാതിലകമാണ് മണിപ്രവാളത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ആദ്യത്തെ ലക്ഷണശാസ്ത്രഗ്രന്ഥമെന്ന് നിണ്ണയിക്കുവാൻ പ്രയാസമില്ല. "ന ഖലു കശ്ചിദന്യോ മണിപ്രവാളലക്ഷണഗ്രന്ഥോഽസ്തി........... ന ഖലു കേചിദന്യേ മണിപ്രവാളലക്ഷണകാരാ ഇതഃ പ്രാഗ് ദൃഷ്ടാഃ ; നാപിശ്രുതാഃ........." എന്ന് .ഒരു പൂവ്വപക്ഷത്തിനിടയ്ക്ക് ഗ്രന്ഥകാരൻതന്നെ പ്രാസങ്ഗികമായി പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അത്രയുമല്ല, മതഭേദങ്ങൾ പ്രദർശിപ്പിക്കുമ്പോൾ കേചിദിത്യാദി പദങ്ങളെക്കൊണ്ട് പരാമർശിച്ചിട്ടുള്ളത് ഭാമഹാദികളായ സംസ്കൃതകാവ്യലക്ഷണകാരന്മാരെയാണെന്നും ആചാര്യൻ വിശദമാക്കിയിരിക്കുന്നു.

ഗ്രന്ഥാരംഭത്തിൽ സംസ്കൃതകാവ്യത്തിന് പറയപ്പെട്ടിട്ടുള്ള പ്രയോജനവും നിമിത്തവും തന്നെ മണിപ്രവാള

കാവ്യത്തിനും അറിഞ്ഞുകൊള്ളണം എന്നു നിർദ്ദേശിക്കുന്നതല്ലാതെ ആ വിഷയത്തിൽ ചർവിതചർവണത്തിനോ പക്ഷാന്തരപ്രദർശനത്തിനോ ലീലാതിലകകർത്താവ് ഒരുമ്പെട്ടിട്ടില്ല. സംസ്കൃതത്തിൽ പ്രമാണഭൂതങ്ങളായ മിക്ക സാഹിത്യശാസ്ത്രഗ്രന്ഥങ്ങളും ആചാര്യന് പരിചിതങ്ങളായിരുന്നുവെന്ന് പ്രകൃതഗ്രന്ഥത്തിലുള്ള ലക്ഷണവാക്യങ്ങളും ഉപപാദനപ്രകാരങ്ങളും നിദർശിപ്പിക്കുന്നു. "ഏതദഭിപ്രായേണൈവ

"ചന്ദ്രേ ശരന്നിശോത്തംസേ കുന്ദസ്തബകവിഭ്രമേ
ഇന്ദ്രനീലനിഭം ലക്ഷ്മ സന്ദധാത്യളിനഃ ശ്രിയം"

ഇതി "കാവ്യാദർശേ പാദാനുപ്രാസോദാഹരണേ ദർശിതം" എന്ന് ദണ്ഡിയുടെ കാവ്യാദർശത്തേയും, "കാവ്യപ്രകാശകൃതാ ച സംസ്കൃതകാവ്യലക്ഷണേ സ്തനസ്യ പർവ്വതോപമാനം ആധിക്യദോഷേണ പരിഹൃതം......" എന്ന് മമ്മടഭട്ടൻെറ കാവ്യപ്രകാശത്തേയും സ്പഷ്ടമായിത്തന്നെ സ്മരിച്ചിട്ടുമുണ്ട്. ഏഴാം ശില്പത്തിൽ "അഥാർത്ഥാലങ്കാരാനാഹ. തത്രാപി സർവേഷാമലങ്കാരാണാം പ്രായേണ ബീജഭൂതത്വാത് പ്രഥമമുപമോച്യതേ" എന്ന് ഉപമാലങ്കാരത്തിൻെറ പ്രഥമോപാദാനത്തിനുള്ള കാരണം പറഞ്ഞിരിക്കുന്നത് "ഉപമൈവ പ്രകാരവൈചിത്ര്യേണാനേകാലങ്കാര ബീജഭൂതേതി പ്രഥമം നിർദ്ദിഷ്ടാ" എന്നുള്ള അലങ്കാരസർവസ്വഭാഗത്തെ മിക്കവാറും അനുസരിക്കുന്നു. അതുപോലെ 'സാധർമ്മ്യേ ത്രയഃ പ്രകാരാഃ ; ഭേദപ്രധാനം വ്യതിരേകവത് ; അഭേദപ്രധാനം രൂപകവത് ; ദ്വയോസ്തുല്യത്വം യഥാസ്യാം (ഉപമായാം)" എന്ന് സാ

ധർമ്യത്തെ മൂന്നായി തിരിച്ചു് അവയുടെ സ്വഭാവം അലങ്കാരസർവ്വസ്വത്തിൽ നിരൂപിച്ചിട്ടുള്ളതിന്റെ ഒരു വിപുലീകരണമാണ്, ലീലാതിലകത്തിൽ "സാദൃശ്യസ്യ മൂലം സാധർമ്യം ത്രിവിധം; ഏകം ഉപമാനോപമേയയോർഭേദപ്രാധാന്യേ ഭവതി, യഥാ വ്യതിരേകാദൌ; അന്യദഭേദപ്രാധാന്യേ, യഥാ രൂപകാദൌ; അപരം ഭേദാഭേദതുല്യതായാം, ഏതദുപമാദൌ" എന്ന ഭാഗത്തു് നാം കണ്ടെത്തുന്നതു്. ലീലാതിലകത്തിൽ ഉത്പ്രേക്ഷയെ ലക്ഷിപ്പിക്കുന്ന "വിഷയനിഗരണേനാഭേദപ്രതിപത്തൌ വിഷയിണോഽസത്യതയാ പ്രതീതിരുത്പ്രേക്ഷാ" എന്ന സൂത്രം അലങ്കാരസർവസ്വത്തിൽ "വിഷയനിഗരണേനാഭേദപ്രതിപത്തിർവിഷയിണോഽധ്യവസായഃ. സ ച ദ്വിവിധഃ— സാധ്യഃ സിദ്ധശ്ച. സാധ്യോ യത്ര വിഷയിണോഽസത്യതയാ പ്രതീതിഃ........" എന്നുള്ള ഉത്പ്രേക്ഷാസ്വരൂപവിവരണത്തിന്റെ തനിപ്പകർപ്പാണല്ലൊ.

'സാഹിത്യദർപ്പണ'ത്തോടു് അത്യധികം യോജിപ്പുള്ള പല ഭാഗങ്ങളും ലീലാതിലകത്തിൽ ഉണ്ടു്:—

| ലീലാതിലകം. | സാഹിത്യദർപ്പണം. |
| --- | --- |
| (1) വിഭാവ്യതേ പ്രാഥമ്യേന പ്രകാശ്യതേ പ്രകാശിതമാത്രം വോദ്ദീപ്യതേഽനേനേതി വിഭാവഃ. | (1) വിഭാവ്യന്തേ ആസ്വാദാങ്കുരപ്രാദുർഭാവയോഗ്യാഃ ക്രിയന്തേ സാമാജികരത്യാദിഭാവാ ഏഭിഃ ഇതി വിഭാവാഃ.. |
| (2) സത്ത്വാദ്രജസ്തമോവർജ്ജിതാന്മനസഃ പ്രഭവതീതി സാത്ത്വികഃ | (2) രജസ്തമോഭ്യാമസ്പൃഷ്ടം മനസ്സത്ത്വമിഹോച്യതേ. |

| | |
|---|---|
| (3) ഭാവയതി പ്രകാശയതി രസ മിതി ഭാവഃ. | (3) നാനാഭിനയസംബന്ധാൻ ഭാവയന്തി രസാൻ യതഃ തസ്മാദ് ഭാവാ അമീ പ്രോക്താഃ സ്ഥായിസഞ്ചാരി സാത്ത്വികാഃ. |

ഇങ്ങനെ രണ്ടു കൃതികളിലും സാങ്കേതികശബ്ദങ്ങളുടെ വ്യുത്പാദനത്തിൽ കാണുന്ന ഐകരൂപ്യം എടുത്തുകാണിക്കത്തക്കതാണ്.

അപ്പയ്യദീക്ഷിതരുടെ ചിത്രമീമാംസയിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള ചില ഉദാഹരണപദ്യങ്ങൾക്കും ലീലാതിലകത്തിലെ ചില ഉദാഹരണപദ്യങ്ങൾക്കും സരൂപതാം സൂക്ഷ്മമായ അവലോകനത്തിൽ സ്ഫുടീഭവിക്കുന്നതാണ്.

"വിജയക്കൊടി വിശ്വമംഗളനാം
ത്രിദിവപ്പൊയ്കയുടതൻ പളിങ്ങുതണ്ട്
അമർകെങ്ങളിലംബികാമണാളൻ
തിരുനട്ടത്തിലെടുത്ത ദണ്ഡപാദഃ"

എന്ന് പരമശിവൻെറ താണ്ഡവത്തിൽ ഉയർത്തപ്പെട്ട ദണ്ഡപാദത്തെ അധികരിച്ചുള്ള രൂപകോദാഹരണമായ ആശംസാപദ്യം

"അംഘ്രിദണ്ഡോ ഹരേരൂർദ്ധ്വ-
മുത്ക്ഷിപ്തോ ബലിനിഗ്രഹേ
വിധിവിഷ്ടരപദ്മസ്യ
നാളദണ്ഡോ മുദേഽസ്തു വഃ."

എന്ന് ബലിനിഗ്രഹത്തിൽ ഉത്ക്ഷിപ്തമായ വാമനൻെറ അങ്ഘ്രിദണ്ഡത്തെ വിഷയീകരിച്ച് ചിത്രമീമാംസയിൽ

രൂപകോദാഹരണമായിത്തന്നെ കൊടുത്തിട്ടുള്ള പദ്യത്തിന്റെ സ്വഭാവത്തെ അനുസരിക്കുന്നതാണല്ലൊ. സ്മരണാലങ്കാരത്തിന് ലക്ഷ്യമായി ചിത്രമീമാംസയിൽ ഉദ്ധരിച്ചിട്ടുള്ള

"അപി തുരഗസമീപാദുത്പതന്തം മയൂരം
ന സ രുചിരകലാപം ബാണലക്ഷീചകാര
സപദി ഗതമനസ്കശ്ചിത്രമാല്യാനുകീൎണ്ണേ
രതിവിഗലിതബന്ധേ കേശപാശേ പ്രിയായാഃ"

എന്ന പദ്യവും ലീലാതിലകത്തിൽ ചേൎത്തിട്ടുള്ള

"ഉടനുടനിയൽ ചേരച്ചേൎന്നു കേകാഭിരാമം
ലളിതവിതതമാടിൻറാണ്മയിൽപ്പീലി കണ്ടാൽ
മധുരരുതമിണങ്ങും വല്ലഭായാ വിലാസേ
വിലുളിതകചഭാരം തോൻറുമസ്മാദൃശാനാം"

എന്ന പദ്യവും മയിൽപ്പീലിയുടെ ദൎശനത്തിൽ പ്രിയാകേശപാശാനുസ്മരണത്തെ ഒരുപോലെ വിഷയീകരിക്കുന്നവയത്രെ.

ഇതുപോലെ

"മധുകരമിഥുനം ചേൎന്നഞ്ചിതം പദ്മമോ കിം
ചടുലനയനമേതദ്വക്ത്രമോ കിം ത്വദീയം
ഇതി വിതതവികല്പം കാമിനീ നായികേ കാൺ
മമ ഹൃദയമിദാനീമൂയലാടിൻറതല്ലോ"

എന്ന് ലീലാതിലകത്തിൽ സംശയാലങ്കാരോദാഹരണവും

"കിം താവത്സരസി സരോജമേതദാരാ-
ദാഹോസ്വിന്മുഖമവഭാസതേ തരുണ്യാഃ

സംശയ്യ ക്ഷണമിതി നിശ്ചികായ കശ്ചിദ്-
ബിംബോകൈർബകസഹവാസിനാം പരോക്ഷൈഃ''

എന്ന് ചിത്രമീമാംസയിൽ കാണുന്ന സസന്ദേഹാലങ്കാരോദാഹരണശ്ലോകത്തിൻെറ രീതിയെ അനുസന്ധാനം ചെയ്യുന്നുണ്ട്.

പ്രാചീനരായ ആലങ്കാരികന്മാർ പ്രായേണ കാവ്യത്തിൻെറ ശരീരമായി ശബ്ദത്തേയും അൎത്ഥത്തേയും ഒന്നു ചേൎത്താണ് പ്രകല്പനം ചെയ്തിട്ടുള്ളത്. "ശബ്ദാർത്ഥൗ സഹിതൗ കാവ്യം" എന്ന് ഭാമഹനും, "കാവ്യശബ്ദോ*f*യം ഗുണാലങ്കാരസംസ്കൃതയോഃ ശബ്ദാർത്ഥയോർവർതതേ" എന്ന് വാമനനും, "തദദോഷൗ ശബ്ദാൎത്ഥൗ സഗുണാവനലംകൃതീ പുനഃ ക്വാപി'' എന്ന് മമ്മടനും, "ശബ്ദാൎത്ഥൗ മൂൎത്തിരാഖ്യാതൗ'' എന്ന് വിദ്യാനാഥനും കാവ്യത്തെ ശബ്ദാൎത്ഥോഭയാത്മകമായി വ്യപദേശിച്ചിരിക്കുന്നതു നോക്കുക. "ശരീരം താവദിഷ്ടാർത്ഥവ്യവച്ഛിന്നാ പദാവലീ" എന്ന് ദണ്ഡിയും "വാക്യം രസാത്മകം കാവ്യം" എന്ന് താൻ ചെയ്ത കാവ്യലക്ഷണത്തിലെ 'വാക്യ' പദത്തെ വിവരിച്ചുകൊണ്ടു് "വാക്യം സ്യാദ്യോഗ്യതാകാംക്ഷാസത്തിയുക്തഃ പദോച്ചയഃ" എന്ന് സാഹിത്യദൎപ്പണകാരനും കാവ്യശരീരത്വം പദത്തിനാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ടു്. എങ്കിലും "മണിപ്രവാളസ്യ ശരീരം ദോഷാ ഗുണാ അലങ്കാരാ ആത്മാ ച വിദ്യന്തേ. തത്ര ശരീരം ഭാഷാസംസ്കൃതാത്മകഃ ശബ്ദഃ" എന്ന് രണ്ടാം ശില്പത്തിൻെറ ആരംഭത്തിലും "തസ്മാച്ഛബ്ദോ മണിപ്രവാളസ്യ ശരീരം ഭവതി ന തു ഗുണ ഇതി സ്ഥിതം" എന്നു ഗുണനിരൂപ

ണത്തിൽ ഒരിടത്തും ശബ്ദത്തെ കാവ്യശരീരമായി അംഗീകരിച്ചിട്ടുള്ള ലീലാതിലകകാരന് ജഗന്നാഥന്റെ "രമണീയാത്ഥപ്രതിപാദകഃ ശബ്ദഃ കാവ്യം" എന്നുള്ള ലക്ഷണവാക്യം തന്നെയായിരിക്കും സമത്ഥമായ പ്രചോദനം നല്കിയതെന്ന് അഭ്യൂഹിക്കാവുന്നതാണ്.

മണിപ്രവാളകാവ്യത്തെ ഒൻപതുവിധം തിരിച്ചിട്ടുള്ളതിലും ലീലാതിലകകാരൻ രസഗംഗാധരകാരന്റെ പാദമുദ്രകളെ പിൻതുടരുന്നതായി കാണാം. ഉത്തമം, മധ്യമം, അധമം എന്നുള്ള പൂവാലങ്കാരികന്മാരുടെ ഭേദത്രൈവിധ്യത്തെ അതിക്രമിച്ച് അത്ഥചിത്രത്തിനും ശബ്ദചിത്രത്തിനും സമാനമായ സ്ഥാനം നല്കിയിട്ടുള്ളത് സഹൃദയന്മാരുടെ അനുഭവത്തിന് വിരുദ്ധമായിരിക്കുന്നുവെന്നുള്ള അധിഷ്ഠാനത്തിൽ കാവ്യത്തെ പൊതുവെ ഉത്തമോത്തമം, ഉത്തമം, മധ്യമം, അധമം എന്ന് നാലായി വിഭജിക്കുവാൻ ഉദ്യുക്തനായത് ജഗന്നാഥപണ്ഡിതനാണല്ലൊ. ഭാഷാസംസ്കൃതയോഗമായ മണിപ്രവാളത്തിലാകട്ടെ, മററു ചില ഭേദങ്ങൾകൂടി ഭാഷയുടെ പ്രാധാന്യാപ്രാധാന്യങ്ങളെ പുരസ്കരിച്ച് കല്പിക്കേണ്ടതായി വന്നിട്ടുണ്ടെങ്കിലും ജഗന്നാഥപണ്ഡിതരുടെ അഭിപ്രായത്തിലുള്ള ഉത്തമകാവ്യത്തെ ഉത്തമകല്പമായി ലീലാതിലകകാരൻ സ്വീകരിച്ചിരിക്കുന്നത് പ്രസ്താവാഹമാകുന്നു. "യത്ര വ്യങ്ഗ്യം അപ്രധാനമേവ സത് ചമത്കാരകാരണം തദ് ദ്വിതീയം (ഉത്തമം)" എന്ന് ഉത്തമകാവ്യത്തിന് ലക്ഷണം ചെയ്ത രസഗംഗാധരകാരനും "ഭാഷാപ്രാധാന്യേ രസസാമാന്യേ ഉത്തമകല്പം" എന്ന് ഉത്തമകല്പത്തിന് ലക്ഷണം

ചെയ്ത ലീലാതിലകകാരനും വ്യംഗ്യപ്രാധാന്യമില്ലാത്ത കാവ്യവിഭാഗത്തിന്, പൂർവികന്മാരുടെ മതത്തിൽനിന്നും വിയോജിച്ച്, ഉത്തമത്വവ്യപദേശം നല്കിയിരിക്കുന്നു. ഇതു് ആ രണ്ടു സാഹിത്യാചാര്യന്മാരുടേയും ഉപജീവ്യോപജീവകഭാവത്തെ വിശദീകരിക്കുന്നുണ്ടല്ലോ.

"ഏവം കാവ്യപ്രകാശോക്തമപി 'സാധർമ്യമുപമാ ഭേദേ' ഇതി ലക്ഷണം നാതീവ രമണീയം.........അനന്വയസ്ഥസാദൃശ്യസ്യാപര്യവസായിത്വേനൈവ വാരണേ ഭേദവിശേഷണവൈയർത്ഥ്യാപത്തേഃ" എന്നു് രസഗംഗാധരത്തിലും "ഭേദോപി സാദൃശ്യബലാദുപനതഃ അഭേദേ തദനുപപത്തേഃ" എന്നു് ലീലാതിലകത്തിലും മമ്മടന്റെ "സാധർമ്യമുപമാ ഭേദേ" എന്നുള്ള ഉപമാലക്ഷണത്തിലെ ഭേദപദത്തിന്റെ പരിത്യാജ്യതയെ ഒരുപോലെ ഉപപാദനം ചെയ്തിരിക്കുന്നതും പ്രകൃതത്തിൽ സ്മർത്തവ്യമാണു്.

വ്യതിരേകാലങ്കാരം അഭേദാലീഢമായും വരാം എന്നു് രസഗംഗാധരത്തിലാണു് പ്രസ്തുതമായിരിക്കുന്നതു്. ആ സ്ഥിതിക്കു് "ഉപമാനോപമേയയോഃ കേനചിദ്ധർമ്മേണാഭേദേഽപി വ്യതിരേകഃ കേഷാഞ്ചിന്മതഃ" എന്നിടത്തു് ലീലാതിലകത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന മതഭേദം നേരിട്ടു് ജഗന്നാഥനെ സംബന്ധിക്കുന്നതായിരിക്കുമല്ലോ.

ദമ്പതികളുടെ സഹാവസ്ഥാനത്തിലും ഈർഷ്യാദിസദ്ഭാവംകൊണ്ടു് വിപ്രലംഭശൃംഗാരം വർണ്ണിക്കപ്പെടാവുന്നതാണെന്നുള്ള "ഏകതല്പശയനേഽപി ഈർഷ്യാദിസദ്ഭാവേ വിപ്രലംഭസ്യ വർണ്ണനാത്" എന്ന നവീന

മായ ജഗന്നാഥമതംതന്നെയാണു് "പ്രിയായാ മാനേന വൈമുഖ്യാത് സമീപേƒപി വിപ്രലംഭവൃത്തിരേവ" എന്ന ലീലാതിലകപ്രസ്താവത്തിൽ ആദൃതമായിട്ടുള്ളതു്.

ലീലാതിലകത്തിലെ ചില ഉദാഹരണപദ്യങ്ങളിൽ ജഗന്നാഥകൃതങ്ങളായ പദ്യങ്ങളിലെ ആശയം പകൎന്നുകാണുന്നതും ശ്രദ്ധേയമാണു്.

"ചിതറിന പുരികുന്തൽ ചിത്തരമ്യം
വിതറിന ചാരുവിയർപ്പു വിഹ്വലാംഗേ
രതിചരിതമെടോ മറപ്പനോ ഞാ-
നതിസുകുമാരമൊരായതേക്ഷണായാഃ" എന്നും,

"ആടിൻറ താടങ്കമഴിഞ്ഞു വീഴും
കാർക്കുന്തലാകുഞ്ചിത ചില്ലിവല്ലി
മാഴ്കിൻറ മാൻകൺ മദിരേക്ഷണേ! നിൻ
പോർകൊങ്കതുള്ളിന്റമ കാണ്മനോ ഞാൻ" എന്നും,

"ആടിൻറ കുണ്ഡലമഴിഞ്ഞു കുഴഞ്ഞ കേശം
ചാമ്പിൻറ കണ്ണിണ ചലിച്ചുവരിൻറ ചില്ലി
ഓലിൻറ രാഗരസമോമൽമുഖാരവിന്ദം
കാണ്മങ്കിലോ രഹസി കാന്തയുടേ വിലാസം"

എന്നും ഉള്ള ലീലാതിലകത്തിലെ പദ്യങ്ങൾ,

"സ്വേദാംബുസാന്ദ്രകണശാലികപോലപാലി-
രന്തഃസ്മിതാലസവിലോകനവന്ദനീയാ
ആനന്ദമങ്കുരയതി സ്മരണേന കാപി
രമ്യാ ദശാ മനസി മേ മദിരേക്ഷണായാഃ" എന്നും

"സേദാംബുസാന്ദ്രകണശാലികപോലപാലിർ-
ദോലായിതശ്രവണകുണ്ഡലവന്ദനീയാ
ആനന്ദമങ്കുരയതി സ്മരണേന കാപി
രമ്യാ ദശാ മനസി മേ മദിരേക്ഷണായാഃ" എന്നും ഉള്ള രസഗംഗാധരപദ്യങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന ആശയത്തെ പകുത്ത് ഉൾക്കൊള്ളുന്നവയാണെന്ന്

| ലീലാതിലകത്തിലെ | രസഗംഗാധരത്തിലെ |
| --- | --- |
| (1) രതിചരിതമെടോ മറപ്പ-നോഞാ-നതിസുകുമാരമൊരായ-തേക്ഷണായാഃ | (1) ആനന്ദമങ്കുരയതി സ്മരണേ-ന കാപി രമ്യാ ദശാ മനസി മേ മദി-രേക്ഷണായാഃ |
| (2) ആടിൻറ താടങ്കം (ആടിൻറ കുണ്ഡലം) | (2) ദോളയിതശ്രവണകുണ്ഡലം |
| (3) മാഴ്കിൻറ മാൻകൺ | (3) അലസവിലോകനം |
| (4) വിതറിനചാരുവിയർപ്പു വിഹ്വലാംഗേ | (4) സേദാംബുസാന്ദ്രകണ-ശാലികപോലപാലി....... |
| എന്ന ഭാഗങ്ങളും | എന്ന ഭാഗങ്ങളും |

ഒന്നിനൊന്നു തട്ടിച്ചുനോക്കുമ്പോൾ ബോധ്യപ്പെടുന്നതാണ്.

ആക്ഷേപാലങ്കാരത്തിന് ഉദാഹരണമായി ലീലാതിലകത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള

"ദാതാ ഭവാനിരവലക്ഭിവാഞ്ഛിതാനാം
മാർത്താണ്ഡവമ്മ വെറുതേ ബത കല്പവൃക്ഷാഃ
നിൻ കീർത്തി പോന്നിഹ പരന്നിതു മന്നിലെങ്ങു-
മെന്തൊൻറുവേണ്ടിയിനി നാൾമതിവെണ്ണിലാവ്".

എന്ന പദ്യത്തിൽ രസഗംഗാധരത്തിൽ കാണുന്ന ആക്ഷേപാലങ്കാരോദാഹരണപദ്യങ്ങളുടെ പ്രകൃതി വളരെ കുരു

തലോടെ അനുകരിക്കപ്പെട്ടിരിക്കുന്നു. അർത്ഥികളുടെ അഭീഷ്ടങ്ങളെല്ലാം വർണ്ണ്യനായ മാർത്താണ്ഡവർമ്മനൃപതി സാധിച്ചുകൊടുക്കുമ്പോൾ കല്പവൃക്ഷങ്ങളുടെ വൈയർത്ഥ്യത്തെ പ്രതിപാദിക്കുന്ന പൂർവാർധം

"വസുധാവലയപുരന്ദര! വിലസതി ഭവതഃ കരാംഭോജേ
ചിന്താമണികല്പദ്രുമകാമഗവീഭിഃ കൃതം ജഗതി"

എന്ന് ഒരു രാജാവിന്റെ ദാനപ്രഭാവം വാഴ്ത്തുന്ന പദ്യത്തിന്റെ പ്രകാരാന്തരം തന്നെയാണെന്നുള്ളതിന് സംശയമുണ്ടോ? രാജാവിന്റെ കീർത്തി മന്നിലെങ്ങും പരന്നുകഴിഞ്ഞിരിക്കവെ നാൾതോറുമുള്ള ചന്ദ്രന്റെ വെണ്ണിലാവ് എന്തിനു വേണ്ടിയാണ് എന്ന് ഉപമാനത്തിന്റെ കൈമർത്ഥ്യത്തെ പ്രതിപാദിക്കുന്ന ഉത്തരാർധമാകട്ടെ നായികാവദനസൗന്ദര്യം വർണ്ണിക്കുന്ന രസഗംഗാധരപദ്യത്തിലെ

"കുതോ ഹേതോഃ ശ്വേതോ വിധുരയമുദേതി പ്രതിദിനം" എന്ന ചതുർത്ഥപാദത്തോട് സർവഥാ സരൂപമായിരിക്കുന്നു. ജഗന്നാഥൻ ഉപമാനത്തിന്റെ നിഖില-പ്രയോജനവും ഉപമേയം തന്നെ നിർവഹിക്കുന്നുവെന്നുള്ളതിന് ആർത്ഥമായും ശാബ്ദമായും ഓരോ ഉദാഹരണത്തിനുവേണ്ടി രണ്ടു പദ്യങ്ങൾ നിർമ്മിച്ചിട്ടുള്ളതിനെ ഒററപ്പദ്യത്തിൽ ഉൾപ്പെടുത്തുവാനുള്ള ശ്രമത്തിൽ ലീലാതിലകകാരൻ വിഷയൈക്യം വരുത്തിയെന്നുള്ള ഭേദം മാത്രമേ നാം ഇവിടെ ദർശിക്കുന്നുള്ളു.

ഭാമഹൻ തുടങ്ങി ജഗന്നാഥപണ്ഡിതൻ വരെയുള്ള സാഹിത്യാചാര്യന്മാരുടെ മതങ്ങളെ യഥാർത്ഥം സമാദ

രിച്ച് ഭാഷാസംസ്കൃതയോഗമായ മണിപ്രവാളത്തിന് അനുഗുണങ്ങളായ നൂതനതത്ത്വങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് നിർമ്മിതങ്ങളാണ് ലീലാതിലകത്തിലെ സൂത്രഭാഗവും വൃത്തിഭാഗവും എന്ന് മേൽ ചെയ്ത വിമർശനം കൊണ്ട് വിശദമാകുമല്ലൊ.

III

ലീലാതിലകത്തിൻെറ നിർമ്മിതി കൊല്ലവർഷം ആറാം ശതകത്തിൻെറ മദ്ധ്യഘട്ടത്തിനു ശേഷമായിരിക്കണമെന്ന് പ്രസാധകനായ ആററൂർ കൃഷ്ണപ്പിഷാരടി അവർകൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

"യത് സത്യം തദ് ഭവതു പുണർതംനാൾ പിറന്നെങ്ങൾ കാന്തൻ
വന്നിട്ടിന്റേ മമ മനസിജച്ചൂടൊഴിക്കിൻറുതാകിൽ
തോഴീ! പൂച്ചൊല്ലെഴവതിതു നൻറഷ്ടമേ ശുക്രചന്ദ്രൌ
ഭാഗ്യേ ജീവഃ സ്വയമിതി നുരങ്ങാശ്വസന്തീ സ്ഥിതാ വാ"

എന്ന പദ്യം ലീലാതിലകത്തിൽ ഉദാഹൃതമായിരിക്കുന്നതുകൊണ്ട് ഉണ്ണുനീലീസന്ദേശത്തിൻെറ രചനാകാലത്തിനു പിൻപും, "ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകാമോന*വൃത്തവിശേഷയുക്തം പാട്ട്" എന്ന് ലീലാതി

* 'എതുകാ' എന്നതു് ആകാരാന്തസ്ത്രീലിങ്ഗവും, 'മോന' എന്നതു് അകാരാന്തപുംലിങ്ഗവുമായിട്ടാണ് ആചാര്യൻ കല്പിച്ചിരിക്കുന്നതു്. 'എതുകൈ', 'മോനൈ' എന്നു തമിഴിൽ കാണുന്ന സ്ഥിതിക്ക് അവയെ 'എതുക,' മോന' എന്ന് ഒരുപോലെ അകാരാന്തങ്ങളായി നിർദ്ദേശിക്കുന്നതായിരിക്കും യുക്തമെന്ന് ശ്രീ. പി കൃഷ്ണൻനായർ അഭിപ്രായപ്പെടുന്നു. ഗ്രന്ഥകാരൻെറ ഇച്ഛ അപ്രകാരമുള്ള വൈചിത്ര്യത്തിന് ഹേതുവായിരിക്കാമെന്നു പറയുകയല്ലാതെ ഒരു പാഠഭേദം പ്രകൃതത്തിൽ അംഗീകരിക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

ലകത്തിൽ കാണുന്ന പാട്ടിൻെറ ലക്ഷണം കണ്ണശ്ശരാമായണാദികളിലെ വൃത്തങ്ങളോട് സമന്വയിക്കാത്തതുകൊണ്ട് നിരണംകവികളുടെ കാലത്തിനു മുൻപും, ആവിർഭവിച്ച ലക്ഷണഗ്രന്ഥമായിരിക്കണം ലീലാതിലകം എന്നുള്ള അടിസ്ഥാനത്തിലത്രേ ശ്രീമാൻ പിഷാരടി അവർകൾ കാലനിർണ്ണയം ചെയ്തിരിക്കുന്നത്. ഉണ്ണുനീലിസന്ദേശത്തിൻെറ കാലം അദ്ദേഹത്തിൻെറ അഭ്യൂഹത്തിൽ കൊല്ലം 489-നും 505-നും ഇടയ്ക്കാണ്. നിരണം കവികളുടെ ജീവിതദശ കൊല്ലവർഷം ആറാംശതകത്തിൻെറ അവസാനത്തിനു മുൻപല്ലെന്നും പിഷാരടി അവർകൾ പ്രസ്താവിക്കുന്നു.

പാട്ടിനെ മണിപ്രവാളത്തിൽ നിന്നും വേർതിരിച്ചു കാണിക്കുവാൻ സൂത്രം ചമച്ച ആചാര്യന് മണിപ്രവാളകൃതികളെല്ലാം സംസ്കൃതവൃത്തത്തിൽ നിബദ്ധങ്ങളായിരിക്കണമെന്നുള്ള മതം ഉണ്ടായിരുന്നുവെന്നു വിചാരിക്കുന്നതു് അസ്ഥാനത്തിലാണ്. പാട്ടും ചിലപ്പോൾ ഭാഷാസംസ്കൃതയോഗമായി കാണുന്ന സ്ഥിതിക്ക് അതിനു മണിപ്രവാളത്വവ്യവഹാരം യുക്തമാണോ എന്നുള്ള ആശങ്കയെ അവതരിപ്പിച്ചിട്ടാണ് ഗ്രന്ഥകാരൻ പാട്ടിൻെറ ലക്ഷണം ചെയ്തിരിക്കുന്നത്. "ദ്രമിഡമാതൃകാവർണ്ണങ്ങൾ മാത്രം ഉൾപ്പെട്ടതും 'എതുക', 'മോനം' എന്നീ പ്രാസങ്ങൾ നിയമേന യോജിപ്പിച്ചിട്ടുള്ളതും, മണിപ്രവാളപ്രസിദ്ധങ്ങളായ വസന്തതിലകാദിവൃത്തങ്ങളിൽനിന്നും വിലക്ഷണമായ ഒരു തരം വൃത്തത്തിൽ നിബന്ധിക്കപ്പെട്ടിട്ടുള്ളതും ആണ് പാട്ട്" എന്ന് അനുശാസിച്ചാൽ സംസ്കൃതവർണ്ണ

ങ്ങൾകൂടി ഉൾപ്പെട്ടിട്ടുള്ള ഭാഷാസംസ്കൃതയോഗം പാട്ടാകുകയില്ലെന്നേ വരുകയുള്ളൂ. സംസ്കൃതേതരവൃത്തത്തിൽ രചിച്ചതൊന്നും മണിപ്രവാളമാകുകയില്ലെന്നോ സംസ്കൃതവർണ്ണങ്ങളോടുകൂടിയും സംസ്കൃതവൃത്തത്തിലല്ലാതേയും ഭാഷാസംസ്കൃതയോഗം കാണുന്ന കൃതികൾ ലീലാതിലകത്തെക്കാൾ അർവ്വാചീനങ്ങളാണെന്നോ എങ്ങനെ കരുതാം? ആചാര്യൻ മണിപ്രവാളത്തിൻെറ ലക്ഷണവും ഭേദങ്ങളും പ്രദർശിപ്പിച്ചിരിക്കുന്ന ഭാഗത്തിലോ, മറെറവിടെയെങ്കിലുമോ മണിപ്രവാളത്തിൽ സംസ്കൃതവൃത്തമേ പാടുള്ളൂ എന്നു് ഒരു സൂചനപോലും നല്കിയിട്ടില്ല. അത്രയുമല്ല, ഭാഷാസംസ്കൃതയോഗത്തിലും ഭാഷയ്ക്കു് പ്രാധാന്യമുണ്ടായിരിക്കണമെന്നും, സാർവത്രികമായി സംസ്കൃതനിയമം ആദരിക്കുന്നതു് അയുക്തമാണെന്നും തുറന്നു പ്രസ്താവിച്ചിരിക്കുന്ന ശാസ്ത്രകാരൻ വൃത്തവിഷയത്തിൽ വ്യവച്ഛേദിച്ചു് എന്തെങ്കിലും പറയുന്നതിൽ മൌനം ഭജിച്ചിട്ടുള്ളതിൽ നിന്നും സംസ്കൃതവൃത്തങ്ങളെപ്പോലെ പ്രസിദ്ധങ്ങളോ നൂതനകല്പിതങ്ങളോ ആയ ഭാഷാവൃത്തങ്ങളും മണിപ്രവാളശാഖയിൽ സ്വീകാര്യങ്ങളാണെന്നു മാത്രമേ നാം ധരിക്കേണ്ടതുള്ളൂ.

"മുയലിൻ മൂർധനി കൊമ്പുകണക്കേ
നിന്നിൽ പ്രേമം കാന്ത തനിക്കേ," എന്നും,
"നീലോപലതമസാവൃതമാകിലു-
മരുണമണിച്ചുടരിളവെയിൽ നിചിതം
കയമുണ്ടാകിലുമഖിലവധൂനാ-
മൊഴുകി വരിൻെറ പയാംസി ധയന്തം," എന്നും,

ഉള്ള ഭാഗങ്ങൾ മണിപ്രവാളങ്ങളായി പരിഗണിച്ച് ലീലാതിലകത്തിൽ ഉദാഹരിക്കപ്പെട്ടിട്ടുള്ളത് സംസ്കൃതേതരങ്ങളായ വൃത്തങ്ങൾക്കും മണിപ്രവാളത്തിൽ അനുപ്രവേശം ഉണ്ടെന്ന് വ്യക്തമാക്കുവാൻ മതിയാകുന്നതാണല്ലോ. ഭാഷാചമ്പുക്കളിൽ ഈ മാതിരി വൃത്തങ്ങളിൽ നിബദ്ധങ്ങളായ ഭാഗങ്ങൾ ഗദ്യങ്ങളായി ഗണിക്കപ്പെട്ടിട്ടുള്ളതും വക്തവ്യമത്രെ. 'യദി ഖലു രസികജനമഭിമുഖീകൃത്യാഭിസന്ധാത്തും ഗദ്യരൂപേണ പദ്യരൂപേണ ഉഭയരൂപേണ വാ ചതുരേ പദസന്ദർഭേ പ്രസ്തുതേ തന്മദ്ധ്യേƒനന്യപരം 'ചന്ദനം കൊണ്ടോ' ഇത്യുച്യതേ തത്ര നിരന്തരാഭ്യാം പൂർവാപരാഭ്യാം വാക്യബന്ധാഭ്യാം സാഹചര്യാത് തസ്യാപ്പീയസോƒപി വചസ: സഹൃദയരഞ്ജനസന്നാഹോƒസ്തീത്യവഗമ്യതേ തദാ തന്മണിപ്രവാളം ഭവതി" എന്ന് ഗ്രന്ഥാരംഭത്തിൽ ഗദ്യരൂപവും പദ്യരൂപവും ചമ്പൂരൂപവും ആയ പദസന്ദർഭങ്ങളെല്ലാം തന്നെ സഹൃദയഹൃദയാവർജ്ജനവിഷയകമായ ഭാഷാസംസ്കൃതയോഗമുള്ള നിലയിൽ മണിപ്രവാളമാകുമെന്ന് പ്രകടമായി നിർദ്ദേശിച്ചിട്ടുള്ളതും ഇവിടെ സ്മരണീയമാണ്. മാലോപമയ്ക്ക് "വിരിഞ്ഞ കുവളപ്പൂപോലെയും, മറിഞ്ഞ കയൽപോലെയും, തളന്നമാൻകൺ പോലെയും, കുന്ന വേൽ പോലെയും ശോഭിക്കുന്ന ലോചനം" എന്നും, രശനോപമയ്ക്ക് "ഉദ്യാനത്തിൽ ചൂതലത പോലെയും, ചൂതലതയിൽ പൂന്തൊത്തുപോലെയും, പൂന്തൊത്തിൽ വണ്ടിൻചാത്തുപോലെയും, വണ്ടിൻചാത്തിൽ മാരഗീതിപോലെയും ഇവ്വുത്സവത്തിലതീവ രാജത്യേഷാ" എന്നും നല്കിയിട്ടുള്ള ഉദാഹരണങ്ങൾ

ഗദ്യരൂപങ്ങളായ മണിപ്രവാളങ്ങളാണു താനം. കിളിപ്പാട്ടുകളിൽ പരിചിതമായ ഒരു വൃത്തബന്ധമാണല്ലോ നാം,

"ചുഴലമരുവാരുടെ ചോരിതൻ പരിമള-
ച് ഛുരിതപുരികച്ഛടാഘ്രാണനം ചെയ്കയും"

എന്നുള്ള ലീലാതിലകോദാഹരണത്തിൽ ദശിക്കുന്നതു്. അതുകൊണ്ടു് അത്തരം ഗാനവിശേഷങ്ങളും മണിപ്രവാളത്തിൽ അന്തർഭവിക്കുന്നതായിട്ടു് ഗ്രന്ഥകാരൻ കണക്കാക്കിയിരിക്കുന്നുവെന്നു് വിശദീഭവിക്കുന്നു. ഇങ്ങനെ ഏതു വിധം നോക്കിയാലും ലീലാതിലകത്തിലുള്ള പാട്ടിൻെറ ലക്ഷണം കാലവിഷയകമായി ഒരവധി കല്പിക്കുന്നതിനു് ആധാരമാകുകയില്ല തന്നെ.

അപ്പയ്യദീക്ഷിതരുടെ ചിത്രമീമാംസയേയും ജഗന്നാഥപണ്ഡിതരുടെ രസഗംഗാധരത്തേയും ലീലാതിലകകാരൻ ലക്ഷണകരണത്തിലും, ഉപപാദനത്തിലും, ഉദാഹരണപ്രദർശനത്തിലും അവിടവിടെ അനുകരിച്ചിട്ടുണ്ടെന്നു് നാം കണ്ടുവല്ലൊ. * അപ്പയ്യദീക്ഷിതരുടെ കാലം ക്രിസ്ത്വബ്ദം 16-ാം ശതകത്തിൻെറ ഉത്തരാദ്ധത്തിനും 17-ാംശതകത്തിൻെറ പ്രഥമപാദത്തിനും (1550—1625) ഇടയ്ക്കാണെന്നു് നിരൂപകന്മാർ വ്യവസ്ഥാപിച്ചിട്ടുണ്ടു്. ജഗന്നാഥപണ്ഡിതരാകട്ടെ ഷാജഹാൻ ചക്രവത്തിയാൽ ബഹുമാനിതനായിരുന്നുവെന്നതു് സുപ്രസിദ്ധവുമാണു്. കവിതയിലും ശാസ്ത്രങ്ങളിലും അത്യന്തം നിഷ്ണാതനായിരുന്ന ജഗന്നാഥപണ്ഡിതരുടെ സാഹിത്യപരിശ്രമത്തിൽ ഏറി

* ഈ ഉപന്യാസത്തിൻെറ രണ്ടാംഭാഗം നോക്കുക.

യഭാഗവും 1620-നം 1660-നം ഉള്ളിലാണെന്നുള്ളതിന് ലക്ഷ്യങ്ങൾ സുലഭങ്ങളത്രെ. ഈ സ്ഥിതിക്ക് ലീലാതിലകത്തിൻെറ നിമ്മിതി ചിത്രമീമാംസയുടേയും അതിൻെറ ഖണ്ഡനംകൂടി അന്തർഭവിച്ചിരിക്കുന്ന രസഗംഗാധരത്തിൻേറയും ആവിർഭാവത്തിനുശേഷമേ ആകുവാൻ തരമുള്ളൂ. അതിനാൽ ക്രിസ്ത്വബ്ദം 1660-നു നേരായ കൊല്ലവർഷം 835-ന് ഇപ്പുറമാണ് ലീലാതിലകത്തിൻെറ രചനയെന്ന് ആഭ്യന്തരങ്ങളായ തെളിവുകൾകൊണ്ട് അഭ്യൂഹിക്കേണ്ടിയിരിക്കുന്നു.

## IV

ലീലാതിലകം കൈരളിക്ക് ഗൈർവാണിയുമായുണ്ടായ ദൃഢസൗഹാർദ്ദത്തിൻെറ സുവ്യക്തഫലങ്ങളായി ആവിർഭവിച്ച എത്രയോ ഗ്രന്ഥതല്ലജങ്ങളുടേയും മുക്തകങ്ങളുടേയും നഷ്ടശിഷ്ടങ്ങൾക്ക് ഒരു സുരക്ഷിതഭണ്ഡാഗാരം എന്ന നിലയിലും നമ്മുടെ സമാദരത്തെ അർഹിക്കുന്നു. ലക്ഷ്യങ്ങളുടെ വൈവിധ്യവും പ്രചാരപ്രാചുര്യവും ഒരു ലക്ഷണഗ്രന്ഥത്തിൻെറ രചനയ്ക്ക് പ്രയോജകീഭവിക്കത്തക്കവണ്ണം അന്ന് ഭാഷയിൽ ഉണ്ടായിരുന്നുവെന്നുള്ളത് ഈ ഗ്രന്ഥത്തിലെ ഉദാഹരണഭാഗങ്ങൾ വേണ്ടുവോളം തെളിയിക്കുന്നു. ആചാര്യനാൽ നൂതനമായി രചിക്കപ്പെട്ട ചില ഉദാഹരണങ്ങൾ ലീലാതിലകത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അഭ്യൂഹിക്കുവാൻ സമർത്ഥങ്ങളായ ഹേതുക്കളും ഉണ്ട്. അതോടുകൂടിത്തന്നെ പൂർവ്വികരും സമകാലികരും ആയ കവികളുടെ നിരവധിപദ്യങ്ങൾ പ്രകരണാന്തരോ

ധേന ഗ്രന്ഥകാരൻ ഉദ്ധരിച്ചിട്ടുള്ളതും നമ്മുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നു.

ലക്ഷണസമന്വയത്തിനുവേണ്ടി തിരഞ്ഞെടുത്തിട്ടുള്ള ഉദാഹരണങ്ങൾ ഏറിയകൂറും ശൃങ്ഗാരപ്രധാനങ്ങളത്രെ. രസങ്ങളുടെ കൂട്ടത്തിൽ ശൃങ്ഗാരത്തിന് പരമാഹ്ലാദകത്വം സുസമ്മതമാണല്ലൊ. "ഏഷു (രസേഷു) വീരഃ പ്രധാനം ദേവേഷു മഹേന്ദ്ര ഇവ; തതോഽപി ഭഗവാൻ പുണ്ഡരീകാക്ഷ ഇവ ശൃങ്ഗാരഃ പ്രധാനം" എന്ന് ശൃങ്ഗാരത്തിന് ദേവദേവനായ പുരുഷോത്തമനെന്നപോലെ പരമപ്രാധാന്യം ആചാര്യൻ വ്യവസ്ഥാപിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ ശൃങ്ഗാരപക്ഷപാതിത്വത്തെ പ്രകടീകരിക്കുന്നു.

ലീലാതിലകത്തിൽ കാണുന്ന ഉദാഹരണപദ്യങ്ങളുടെ പൂർണ്ണമായ ആസ്വാദനത്തിന് പലയിടങ്ങളിലും വ്യാഖ്യാനം അപേക്ഷണീയമായിരിക്കുന്നുണ്ടെങ്കിലും ശബ്ദഭംഗികൊണ്ടും സങ്കല്പസൗകുമാര്യം കൊണ്ടും സഹൃദയഹൃദയത്തെ ആവർജ്ജനം ചെയ്യുവാൻ അവയ്ക്കുള്ള പ്രാഗല്ഭ്യം ഒന്നു വേറെ തന്നെയാണ്. ശൃങ്ഗാരരസത്തിന്റെ നാനാഭാവങ്ങളെ ഇത്രത്തോളം സുമധുരമായി ചിത്രണം ചെയ്തിട്ടുള്ള കവനങ്ങൾ ഏതൊരു ഭാഷയിലും സുദുർലഭങ്ങളായിരിക്കുകയേ ഉള്ളു. അല്പമായ വൈരസ്യത്തിനുപോലും ഇട കൊടുക്കാത്തവണ്ണം പ്രസന്നമധുരമായ സാരസ്വതാമൃതം നമുക്ക് ആസ്വാദ്യമാക്കിത്തീർത്ത മണിപ്രവാളകവികളോട് നാം അത്യന്തം കൃതജ്ഞരായിരിക്കേണ്ടതാണ്.

"പണ്ടില്ലാതോരമൃതുപതിനാറാണ്ടു പുക്കോരു പദ്മാ
പൂപ്പാൻ പൊന്നിൻമുകുളമുളവാനോരു ഭൃകല്പവല്ലീ
അംഭോജംകൊണ്ടണിമതിനിറം തൂകുവോരിന്ദുലേഖാ
ചിത്രാകാരാ ജയതി ചിരിതേവീതി മേ ചിത്തനാഥാ"

എന്നിങ്ങനെ വൎണ്ണിക്കപ്പെട്ട ചിരിതേവിയെപ്പോലെ എത്ര സുന്ദരീലലാമങ്ങളാണു് കേരളസാഹിത്യാരാമത്തിൽ നിത്യ വിഹാരം ചെയ്യുമാറു് രസികോത്തംസമായ ഗ്രന്ഥകാരൻ അവതരിപ്പിച്ചിട്ടുള്ളതു്.

"ചെൻറേനങ്ങൊരിടത്തു പണ്ടു ചിലനാൾ
ചെയ്തോരു പുണ്യാശ്രയാൽ
കണ്ടേനങ്ങൊരു പങ്കജം പുനരതിൽ
കണ്ടേനപൂൎവ്വം തുലോം
കാരും വണ്ടിനൊഴുക്കുമിന്ദുകലയും
കണ്ണാടിയും വീണയും
വില്ലും മുല്ലയുമല്ലസത്കുവളയും
മുത്തും കിളിപ്പൈതലും"

എന്നു് കാമുകൻെറ സുകൃതിതാസംഭാവനത്തിനു് ഇട കൊടുത്ത പ്രകൃതിമോഹനങ്ങളായ പല പദാൎത്ഥങ്ങളുടേയും സമ്മേളനരംഗമായി അധ്യവസായം ചെയ്യപ്പെട്ട ആ കമനീമണിയുടെ അദ്ഭുതാകാരം വാങ്മയാദൎശത്തിൽ ശാശ്വതമായി പ്രതിഫലിച്ചിരിക്കുന്നു.

മാധുൎയ്യപ്രകൎഷം കൊണ്ടു് സചേതസ്സുകളുടെ ഹൃദയത്തെ ആൎദ്രീകരിക്കുവാൻ സമൎത്ഥതരമായ വിപ്രലംഭശൃംഗാരമാണു് ലീലാതിലകത്തിലെ മിക്ക പദ്യങ്ങളുടേയും ആത്മാവു്.

"അംഗം തുംഗസ്തനഭരനതം
പുല്കുവാനോ നനാവിൽ
പോരാ പുണ്യപ്രസരമൊരുനാ-
ളെന്നുടേ വല്ലഭായാഃ
നിന്നെക്കൊണ്ടെന്നഭിമതമെനി-
ക്കെയ്തലാമെൻറിരിൻേറൻ
നിദ്രേ! ഭദ്രേ! ത്വമപി വിധിനാ
ദുർലഭാ വല്ലഭേവ"

ഇത്യാദിപദ്യങ്ങളിലെ സാരസ്യം അനിർവചനീയമത്രെ.

കേരളത്തിൽ കഴിഞ്ഞു പോയ കാലത്ത് വിശ്രുതകളായിരുന്ന ഒട്ടധികം വിലാസിനികളുടെ രൂപയൗവനാദിസമ്പത്തുക്കളെ ലീലാതിലകം എന്നെന്നേക്കും നിലനിത്തുന്നുണ്ട്. നായികമാരിൽ ചിലർ കല്പനാലോകത്തിൽ ജന്മമെടുത്തിട്ടുള്ളവരുമാകാം. പലരുടേയും പേരുകൾ അറിയുവാൻ കഴിയുന്നുണ്ടെങ്കിലും അജ്ഞാതനാമകളും ഈ വിലാസിനീസംഘത്തിൽ അന്തർഭവിക്കുന്നു. കുളിച്ചു കുന്തൽപുറയും തുവത്തി രസികവർഗ്ഗത്തെ കുളിക്കെ നോക്കി മണല്പുറത്തു കൂടി മന്ദഗമനം ചെയ്യുന്ന ആ മനോഹരാംഗി,

"നല്ലോരു മാന്തളിർനിറം നവയൗവനാഢ്യം
നാണിത്തളൻ്റ മഴവും നയനാഭിരാമം
നാനാവിലാസമൊരു നായരുടേ കളത്രം
നാരായണായ നമ നല്ലുയിർ തീക്കുമെന്നെ"

എന്ന് നമ്പൂരിയെക്കൊണ്ട് 'നാരായണായ നമഃ' ചൊല്ലിച്ച ആ 'നായരുടെ കളത്രം',

"കാരേല്പം നീലവാർമൽപ്പൂരികുഴലൊളികൊ-
ണ്ടെങ്ങുമൊക്കൻറിയാക്കി-
ത്താരേശാസ്യാ തനിത്തേൻ ചിതറിന വചനാ
ചോതിമേവും നതാംഗീ
ഓരോ ഭൂഷാവിശേഷൈഃ കനകമണിമയൈഃ
കാമിനീ നായികാ സാ
മാരാസ്ത്രം മംഗലാംഗം മഴറിന നയനാ
ഭൂഷയാമാസ ഭൂയഃ"

എന്ന് പ്രകൃത്യാ മാരാസ്ത്രമായ മംഗലാംഗത്തെ ഒന്നുക്രുടി മണ്ഡനംചെയ്ത ആ 'മഴറിനനയന'—എന്നിങ്ങനെ നാമഗ്രാഹം ചെയ്യാതെ പല സൗന്ദൎയ്യധാമങ്ങളും മണിപ്രവാളകവികളാൽ കീൎത്തിതരായിട്ടുണ്ട്.

പേരുകൊണ്ട് പരാമൃഷ്ടരായ നായികമാരിൽ നാരണീനന്ദന പ്രാമുഖ്യം വഹിക്കുന്നു. പത്തോളം പദ്യങ്ങൾ ആ സുഷമാനിധാനത്തെ വാഴ്ത്തുന്നവയായി ലീലാതിലകത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഈ നാരണീനന്ദന ആരായിരുന്നാലും അവളുടെ വിലാസവിഭവങ്ങൾ മണിപ്രവാളപ്രസ്ഥാനത്തിന് മോടിയും ധാടിയും വൎദ്ധിപ്പിച്ചുവെന്നുള്ളത് നിസ്സന്ദേഹമത്രെ.

"'ഒട്ടും പൂട്ടേൻ ; മുകവുമണയേൻ ;
തവലിൻപാലുമെൻറും
താരേൻ കൊള്ളേനദയ! ഭവതാ
ദത്ത'മിത്ഥം കനാവിൽ
അന്യാഗോത്രശ്രവണസമയേ
കോപനായാഃ സബാഷ്പം
കേൾപ്പോരാർപോൽ കലഹവചനം
നാരണീനന്ദനായാഃ."

"പട്ടാങ്ങുതൻ പവഴവായ് പ്രതിബിംബമെന്മേ-
ലൊട്ടേ പകന്നൊളികിളുന്നതു കണ്ടവാറേ
എങ്ങേനമുള്ള പട്ടമഞ്ഞളിതെൻറു കോപാൽ
ചെങ്ങി കടാക്ഷമിഹ നാരണിനന്ദനായാഃ."

"കൺകൊണ്ടിന്ദീവരാണാം കുറിയ ശിരസിജൈ
ശ്ശൈവലാനാം മുഖംകൊ-
ണ്ടംഭോജാനാമളീനാമളകരചനയാ
കൊങ്കയാ കോരകാണാം
ഏതേഷാം കാന്തിമേതൈർഗതിമപി ഭവതാം
കല്പിതെന്നിന്നളിന്ദ്യാ-
മായാന്തീം നാരണീതൻദുഹിതരമരയ-
ന്നങ്ങളേ കണ്ടിതുണ്ടോ ?"

എന്നിങ്ങനെയുള്ള പദ്യമൗക്തികങ്ങളുടെ മൂല്യം തിട്ടപ്പെടുത്തുവാൻ കഴിയുന്നതാണോ ?

ഉണ്ണിയച്ചി, പാറക്കാട്ട് ഉണ്ണിനങ്ങ, പള്ളിപ്പുഴനിലയമെഴും മാതവി, കാവ്, നാരണി, ഉമ്മിണിനന്ദന, കോളിക്കൽ നങ്ങ, ക്രൂററമ്പിൽ ഇളയച്ചി, ചിരുതേവി, കോടി, ഉണ്ണിയാടി, നീല, ഉണ്ണിച്ചിരുതേവി, പാച്ചി, ചെറിയച്ചി, ഉണ്ണുനീലി നങ്ങ, നീലിയമ്മ— എന്നിവർ മാത്രമല്ല, അച്ചീസുതയും, 'പങ്ങനിമലച്ചാരത്തൊരേണീദൃക്കും,' 'ഇളമാൻകുളനിലതകം മൂന്നാം ചകോരീദൃക്കും,' 'ചിജയമലച്ചേന്ന നാലാമതെന്നാ മുള്ളിത്താർമത്തും' ലീലാതിലകത്തിൽ മോഹനതരങ്ങളായ ഭാവങ്ങളോടെ രംഗപ്രവേശം ചെയ്യുന്നു. ഈ നായികമാരിൽ മിക്കവരും പല

തവണ കീർത്തിതരായിട്ടുണ്ടെന്നുള്ളതും വക്തവ്യമാകുന്നു, ആ പദ്യങ്ങളിൽ ഓരോന്നും കവനചാതുരിയുടെ പ്രതിബിംബകമാണെന്നു പറഞ്ഞാൽ ഒട്ടും കൂടിപ്പോകുന്നതല്ല.

ഗ്രന്ഥകാരൻ ചിരുതേവി, നങ്ങ, നാരണി മുതലായ പേരുകളെ സാംസ്കാരികങ്ങളായ നായികാനാമങ്ങൾക്ക് ഉദാഹരണമായി പറഞ്ഞിരിക്കുന്നു. വിജയമല, അഞ്ചിതമല, നളിനപ്പുഴ, ഇളമാൻകുളം, പൂന്തേൻകുളം, ചെല്വംചിറ ഇത്യാദിസംജ്ഞകളാൽ നായികമാരെ നിർദ്ദേശിക്കുന്നതു് അനുപപന്നമാണെന്നത്രേ ആചാര്യന്റെ മതം. ആ പ്രകൃതത്തിൽതന്നെ സാംസ്കാരികനാമങ്ങളെ വെടിഞ്ഞു് സ്ത്രീത്വപ്രതീതിക്ക് വിരുദ്ധവും അതു കൊണ്ടുതന്നെ ഉപനിബന്ധിക്കപ്പെടുന്ന ശൃംഗാരരസത്തിന് വിധ്വംസകവും ആയ ഷണ്ഡനാമങ്ങളെ സ്വീകരിച്ച് നായികമാരെ വർണ്ണിച്ചിട്ടുള്ള മണിപ്രവാളകവികളുടെ സാഹസത്തെ നിശിതമായി വിമർശിച്ചിട്ടുള്ളതിനു പുറമേ നൂതനമായി നിർമ്മിക്കപ്പെടുന്ന നാമങ്ങൾ കൂടുതൽ ലളിതങ്ങളും രസോചിതങ്ങളും ആയിരിക്കണമെന്നുള്ള നിർദ്ദേശം നല്കിയിട്ടുള്ളതും പ്രസ്താവ്യമാണ്. പൂമേനക, നവമാലിക പൂമാലിക ഇത്യാദികളായ അഭിനവനാമങ്ങൾ 'ശൃംഗാരാനുഗുണങ്ങളാകയാൽ നായികാനാമങ്ങളാകുവാൻ അർഹങ്ങളായി ആചാര്യൻ ഉദാഹരിച്ചിരിക്കുന്നു. പേരോട്ടുകൂടിയ നായികമാരെയേ വർണ്ണിക്കാവൂ എന്നൊരു നിയമം ഇല്ലാത്ത സ്ഥിതിക്ക് കവികളുടെ നാമകരണപ്രയാസം പരിഹാസ്യമായിട്ടാണ് ആചാര്യൻ വീക്ഷിച്ചിട്ടുള്ളതു്. ഇങ്ങനെ നായികാനാമവിഷ

യകമായ നിരൂപണഗതിയിൽ നിന്ന് മണിപ്രവാളങ്ങൾ ഒററശ്ലോകങ്ങളായും പ്രബന്ധങ്ങളായും പല കവികളുടേയും കൃതികളായി അക്കാലത്തു് പ്രസിദ്ധങ്ങളായിരുന്നവെന്ന് സുഗ്രഹമാകുമല്ലോ.

സൗന്ദര്യാദികളാൽ കേളികേട്ട വനിതകളെക്കുറിച്ച് കവനം ചെയ്യുന്നതിൽ ഉത്കടമായ അഭിനിവേശമുള്ള ഒരു കൂട്ടം കവികൾ അന്നുണ്ടായിരുന്നുവെന്ന് ലീലാതിലകം തെളിയിക്കുന്നു. ശ്ലോകം എന്നുവെച്ചാൽ എന്താണെന്നുപോലും ഗ്രഹിച്ചിട്ടില്ലാത്ത നാട്ടുകാരികൾക്കും തങ്ങളെക്കുറിച്ചുള്ള കവിത കേൾക്കുന്നതിന് മോഹമുണ്ടായിരുന്നുവെന്ന്,

"ശ്ലോകഃ കിം വേർമരുന്നോ കിമിദമിലമരു
    ന്നോ കറുത്തോ വെളുത്തോ
കിം വാ നീണ്ടിട്ടിരിപ്പോൻറഥ ച കുറിയതൊ
    ൻറുഷ്ണമോ ശീതമോ താൻ
ഉണ്മാനാവോന്നുടപ്പാനിതി പുനരറിയാ
    പ്രേതയിൽ * പ്രേമമോതാൻ
നാണാതേ നാട്ടുനാര്യാം പ്രിയസഖ!
    കവിചൊല്ലിൻെറനിക്കേ നമോഽസ്തു"

* ഇവിടെ 'പ്രേത' എന്നതു് മുഢ എന്നർത്ഥമുള്ള 'പേത' എന്നായിരിക്കണമെന്ന് ശ്രീ. പി. കൃഷ്ണൻനായർ അഭിപ്രായപ്പെട്ടിരിക്കുന്നു. ശ്ലോകത്തെപ്പററി അത്യന്തഭിന്നമായ ഓരോ വികല്പം കാണിച്ച് അത്രത്തോളം പോലും അറിഞ്ഞുകൂടാത്ത പ്രേതയിൽ—മൃതയിൽ, അതായതു് അങ്ങനെയുള്ളവൾ ജീവിക്കുന്നുവെങ്കിലും മരിച്ചതിനു തുല്യയാണെന്നു വിവക്ഷ—പ്രേമത്തെ വാഗ്രൂപേണ പ്രകാശിപ്പിക്കുവാൻ ലജ്ജയില്ലാതെ നാട്ടുകാരിയെക്കുറിച്ച് കാവ്യംചമച്ചു ചൊല്ലുന്ന ഞാൻ എത്രമാത്രം നിന്ദ്യനാണ് എന്നു് കൂട്ടുകാരനോടു പറയുന്ന അനന്തരവാക്യത്തിൽ പ്രേത നല്ലവണ്ണം ഘടിക്കുന്നുണ്ടല്ലോ.

എന്ന പദ്യം തെളിയിക്കുന്നു. ഗണികകളുടെ ചിത്തം കവരുന്നതിന് അവരുടെ സൗഭാഗ്യാതിശയം വാഴ്ത്തുന്ന പദ്യങ്ങൾ നിർമ്മിച്ച് ചൊല്ലുന്നതിൽ അക്കാലത്ത് കവികൾ ഉത്സുകരായിരുന്നുവെന്നുള്ളതിന് ഇതരകൃതികളിലും ലക്ഷ്യങ്ങളില്ലാതില്ല. 'ഉണ്ണുനീലിസന്ദേശ'ത്തിലെ

'കേട്ടിലല്ലീ കിരണമലമേൽ പഞ്ചകം ഞാൻ ചമ-
ച്ചൊന്റാട്ടം ചൊന്റാൽ പുടവതരുവുണ്ടമ്മന്തൂർതേവി
[അമ്മൻ
പാട്ടും പയ്യൂർകവിതചുവയില്ലെൻറാരോ മാതർവീട്ടിൽ
പാട്ടുംചൊല്ലി കുഹചന കവിക്കാരർ മേവീടുമേടം"

എന്നുള്ള കവിഗൃഹങ്ങളുടെ വർണ്ണനയും 'കാമദഹനംചമ്പു'വിലെ

"സാരസ്യത്തിനുചെന്നൊരുത്തനുമിരിപ്പീലാരുമമ്മേനകാ-
ഗാരേ നാലുമണിപ്രവാളമുയരെച്ചൊല്ലുന്നതുമില്ലാരുമേ"

എന്നുള്ള കാമദേവൻെറ നിര്യാണാനന്തരം ലോകത്തിനു വന്ന പ്രണയശൂന്യമായ അവസ്ഥയുടെ വർണ്ണനയും പ്രകൃതത്തിൽ ഉദാഹാര്യങ്ങളത്രെ.

"അതുചൊല്ലുവിനെന്നണ്ണിയച്ചിയാരേ
തുടരോ പാടകമോ മണിപ്രവാളം" എന്ന് മണിപ്രവാളത്തെ തുടരോ (സ്ത്രീകൾ അരയിൽ അണിയുന്ന ഒരു ആഭരണം), പാടകമോ (സ്ത്രീകൾ കാലിൽ അണിയുന്ന ഒരു ആഭരണം) ഏതാണെന്ന് ശങ്കിക്കുന്ന നാരിമാരെ വിഷയീകരിച്ചും മണിപ്രവാളശ്ലോകങ്ങൾ ആവിർഭവിച്ചിരിക്കാം. എന്തിനധികം പറയുന്നു? ജുഗുപ്സാപാത്രങ്ങളായ ഉരൽപുരനാരിമാർ മുതൽ അധൃഷ്യകളായ പെരിയേടത്തെ നാരിമാർ വരെയുള്ള പലതരക്കാരുടെ പ്രകൃതി

ചിത്രങ്ങളും ലീലാതിലകത്തിലെ ഉദാഹരണങ്ങളിൽ പ്രദർശിതങ്ങളായിരിക്കുന്നു.

കാമുകരായി വർണ്ണിതരായ പുരുഷന്മാരിൽ ചിലരുടെ സംജ്ഞകൾ മാത്രമേ നിർദിഷ്ടങ്ങളായിട്ടുള്ളൂ. അങ്ങനെയുള്ളവരാകട്ടെ 'ധനപതികുലമന്ത്യം നീലതൻദ്രോഹൊഴിപ്പാൻ' മെല്ലെ പിൻവാങ്ങിയ വടമനകരയച്ചുതം, ആറന്നൂർനീലീവിരഹവിധുരനായി ഊണുമുറക്കവും ത്യജിച്ച മാത്തൂർജാതനായ മാണിയും, കുലധനമായ ശാന്തിയെ കൈവിട്ടിട്ട് നടികുലമുടിയായ നങ്ങയിൽ മോഹിതനായിത്തീർന്ന ജളനായ തുളുവനും, അരസികശിരോമണിയായ തുളുവാസുവുമത്രെ. സ്ത്രീകളോടുള്ള വേഴ്ചയിൽ പരിഹാസ്യത കലർന്ന ഒരു ഭാവത്തിലാണ് ഇവരെ ചിത്രീകരിച്ചിരിക്കുന്നതെന്നുള്ളത് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

ലീലാതിലകത്തിലെ ഉദാഹരണങ്ങളിൽ രാജാക്കന്മാരെ പരാമർശിക്കുന്ന ചില പദ്യങ്ങളും കാണുന്നുണ്ട്.

"എണ്ണിക്കൊൾവാനരിയ ഗുണവാനെണ്മർചാമന്തരെന്നും
താരാശ്രേണീനടുവിൽ മറവില്ലാത * താരാമണാളഃ
മാററാരെന്നും കുഴമിയ പതംഗാനലോദ്ഭൂത് പുരോദ്സ്മിൻ
കോളംബൊംഭോരുഹദിനമണിഃ കോതമാർത്താണ്ഡ പണ്ട്"

എന്ന് എട്ടു സാമന്തഭൂപന്മാരാകുന്ന താരങ്ങളുടെ നടുവിൽ ചന്ദ്രനായി പ്രശോഭിച്ചിരുന്ന കോതമാർത്താണ്ഡനെ

* ഇവിടെ ശ്രീ. പി. കൃഷ്ണൻനായർ 'മറവില്ലാത' എന്ന പാഠം യുക്തതരമാണെന്ന് അഭിപ്രായപ്പെടുന്നു. 'മറവില്ലാത' എന്ന പദത്തിന് 'തിളങ്ങുന്ന' (വിദ്യോതിക്കുന്ന) എന്നാണ് അർത്ഥം. അല്ലാതെ 'കളങ്കമില്ലാത്ത' എന്ന് അർത്ഥംവരുന്ന 'മറവില്ലാത' എന്ന പദത്തിന് പ്രകൃതത്തിൽ സ്ഥാനമുണ്ടെന്നു തോന്നുന്നില്ല.

കോളംബേശ്വരനായി വർണ്ണിച്ചിരിക്കുന്നു. 'പണ്ടു് അത്ര ത്' എന്നു് നിർദ്ദിഷ്ടനാകകൊണ്ടു് പ്രസ്തുതപദ്യത്തിൻെറ രചനാകാലത്തിനു് പല തലമുറകൾ മുൻപായിരിക്കണം ഈ രാജാവു് നാടുവാണിരുന്നതെന്നു് വ്യക്തമാകുന്നു.

"തസ്മിൻ കാലേ ഭുവി യദുശിശോർജ്ജന്മമാകിൻെറ മാധ്വീം
വീതവ്രാ മത്തോ ദ്വിജപരിഷദാമർത്ഥിനാം ചേതരേഷാം
കയ്നോവോളം കഥമപി ധനംകൊണ്ടു തപ്പിച്ചു കാമം
കോരിക്കൊൾകെൻറടനരുളിനാൻ കോതമാർത്താണ്ഡ-
[വീരഃ"

എന്ന പദ്യത്തിൽ യദുശിശുവിൻെറ ജനനത്തിൽ ആനന്ദമത്തനായി ബ്രാഹ്മണാദികൾക്കു് 'കൈയ്നോവോളം' ധനം കൊടുത്ത കോതമാർത്താണ്ഡവീരനും ഭൂതകാലഗർഭത്തിൽ മറഞ്ഞ നിലയിലേ കീർത്തിതനായിട്ടുള്ളു. "തസ്മിൻ കാലേ......അരുളിനാൻ" എന്നുള്ള കാലനിർദ്ദേശത്തിൻെറ സ്വഭാവം ഇതിലേക്കു് അനുകൂലമാണു്. യദുശിശു രവിവർമ്മഭൂപനാണെന്നുള്ളതു് നിസ്സംശയമാണല്ലൊ. മേൽ കാണിച്ച രണ്ടു പദ്യങ്ങളിലേയും കോതമാർത്താണ്ഡൻ ഒരേ വ്യക്തിതന്നെ ആയിരുന്നിരിക്കാം.

യദുപതിയായ വേണാട്ടു രവിവർമ്മഭൂപൻ പാണ്ഡ്യരാജാവിനെ ജയിച്ചു് പദ്മാനനയായ തദീയതനയയെ പാണിഗ്രഹണം ചെയ്തതായി പ്രസ്താവിക്കുന്ന

"ദ്രോണായ ദ്രുപദം ധനഞ്ജയ ഇവ
ക്ഷ്മാപാലബാലാം ബലീ
വേണാട്ടിന്നുടയോരു വീരരവിവ-
ർമ്മാദ്ധ്യോ യദൂനാം പതിഃ

പാണ്ഡ്യം വിക്രമപൂർവ്വകം പടയിൽ
വെച്ചാട്ടിപ്പിടിച്ചങ്ങനെ
പ്പാണ്ഡ്യേശായ കൊടുത്തു തസ്യ തനയാം
പദ്മാനനാമഗ്രഹീത്"

എന്ന പദ്യവും ലീലാതിലകത്തിൽ ഉദ്ധൃതമായിട്ടുണ്ട്.

"ഏററം തിമത്തു തിറമേററാണയും നൃപാൻ താൻ
കാററത്തു സംവലിതതൂലസമാൻ വിതേനേ
ചീററത്തിനാൽ മതിമറന്ന മഹാനുഭാവാൻ
ക്രൂററത്തിലും കൊടിയ വിക്രമപാണ്ഡ്യസിംഹഃ"

എന്നും,

"പരമുടനേ പരതപ്പനാം
പാണ്ഡ്യനൃപഃ ഖണ്ഡയാം ചകാര ഗളേ
തുരഗാരൂഢാസ്ത്വരയാ
തുരുതുരമണ്ടീ തുരുക്കരെല്ലാരും"

എന്നും ഉള്ള പദ്യങ്ങളിൽ അരിഭീഷണനായി വർണ്ണിതനായ വിക്രമപാണ്ഡ്യസിംഹൻ തന്നെയാണ് മേല്പ്രസ്താവിക്കപ്പെട്ട പാണ്ഡ്യരാജാവ്.

ആക്ഷേപാലങ്കാരപ്രകരണത്തിൽ ഉദാഹൃതമായ

"ദാതാ ഭവാനിരവലക്ഷിഭിവാഞ്ഛിതാനാം
മാർത്താണ്ഡവർമ്മ വെറുതേ ബത കല്പവൃക്ഷാഃ
നിൻകീർത്തി പോന്നിഹ പരന്നിതു മന്നിലെങ്ങു-
മെന്തൊൻറു വേണ്ടിയിനിനാകമതിവെണ്ണിലാവ്"

എന്ന പദ്യത്തിന് ജഗന്നാഥന്റെ രസഗംഗാധരത്തിലുള്ള ആക്ഷേപാലങ്കാരോദാഹരണപദ്യങ്ങളോട് ആശയവിഷയത്തിലും ശാസ്ത്രീയതത്വപ്രതിപാദനത്തിലും വ്യക്ത

മായ സാരൂപ്യമുണ്ടെന്ന് അന്യത്ര † വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഈ മാത്താണ്ഡവമ്മനൃപതിയും

"ഇഹ ജലനിധിയെത്താൻ വിണ്ണിലാക്കീസ്സിതാത്ഥം
സകലമപി കൊടുപ്പാനാള്ള ചാതുര്യശാലി
ക്ഷിതിസുരനിവഹാനാം വീരമാത്താണ്ഡ നീയേ
പടുരഭിമതമെല്ലാമുററ തോററീടുവാനായ്"

എന്ന് ശ്ലാഘിതനായ വീരമാത്താണ്ഡവമ്മയും അന്നു നാടുവാഴുന്ന നിലയിൽ പ്രസ്തുതരായിരിക്കുകയാൽ അഭിന്നരാണെന്നും തദ്വിഷയകങ്ങളായി കാണുന്ന പദ്യങ്ങൾ രണ്ടും ലീലാതിലകകാരനാൽ തന്നെ നിമ്മിതങ്ങളാണെന്നും അഭ്യൂഹിക്കുന്നത് സംഗതമായിരിക്കും. ഈ മാത്താണ്ഡവമ്മയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ചരിത്രകാരന്മാരുടെ ഗവേഷണത്തെ അപേക്ഷിക്കുന്നുവെന്നുമാത്രമേ തത്കാലം പറയുവാൻ നിർവാഹമുള്ളൂ.

ദേവതാവിഷയകങ്ങളായ പദ്യങ്ങളിൽ

"മുന്നിൽ കുളുത്ത മുഖമണ്ഡപമങ്ങുകാണാം
തൃക്കാല്പുകൊള്ളുമളവത്തിരുമേനി കാണാം
ആനന്ദമായ പുകഴേന്തിന തൃശ്ശിവപേരൂർ
മാനേന്തുമപ്പനെ മറക്കരുതേതു ചെയ്കിലും"—എന്നതും

"പൊന്നിന്മാലയണിഞ്ഞപോർ മുലയിണ-
ക്കുന്നിങ്കലൊൻറീടുവാൻ
പൊന്നില്ലായ്കയോ പകുത്തുടൽ മല-
പ്പെണ്ണിന്നു നല്കിൻറതു്"

† ഈ ലേഖനത്തിൽ രണ്ടാമത്തെ ഭാഗം നോക്കുക.

പൊന്നിന്മാമല വില്ലുമാക്കിന വിഭോ!
തീൎക്കെങ്ങൾ പാപങ്ങളേ
പൊന്നിന്മാളിക വിണ്ണുളാപുരിതൊട്ടും
തൃക്കാരിയൂരണ്ണരേ!

എന്നതും കേരളത്തിലെ രണ്ടു മഹാക്ഷേത്രങ്ങളുടെ നാമധേയത്തോടു ഘടിപ്പിക്കപ്പെട്ടിരിക്കുകയാൽ സവിശേഷം പ്രസ്താവ്യങ്ങളാണ്.

പന്നിയൂർ ഗ്രാമക്കാരായ നമ്പൂതിരിമാൎക്ക് ഭ്രഷ്ടു കല്പിച്ചതിനെ തുടൎന്നുണ്ടായ ഒരു ബഹളത്തെ വൎണ്ണിക്കുന്ന

“പൃവൂകിരേ പന്തലകത്തു ചൂകരാ-
ശ്ചുചൂടിരേ മാലപറിച്ചൊരോത്തരേ
തതല്ലിരേ തമ്മിലതീവ ഘോരമായ്
മമണ്ടിരേ കൊണ്ടുമണാട്ടിതന്നെയും”

എന്ന ശ്ലോകവും ലീലാതിലകത്തിൽ ഉദ്ധൃതമായിട്ടുണ്ട്.

ഭാഷയിൽ മണിപ്രവാളശാഖയ്ക്കുണ്ടായിരുന്ന സാരസ്വതമാധുര്യം ലീലാതിലകത്തിലെ ദൃഷ്ടാന്തപദ്യങ്ങൾ വേണ്ടുവോളം വെളിപ്പെടുത്തുന്നു. അവയിൽ വൈശികതന്ത്രത്തിലും ആട്ടപ്രകാരത്തിലും ഉണ്ണുനീലിസന്ദേശത്തിലും മററും ഉൾപ്പെട്ടിട്ടുള്ളവയ്ക്കു പുറമേയുള്ള നിരവധി പ

* ഇവിടെ ‘തൃക്കാരിയൂരണ്ണലേ’ എന്നു വേണ്ടതായി ശ്രീ. പി. കൃഷ്ണൻനായർ അഭിപ്രായപ്പെടുന്നു. ശ്ലോകത്തിലെ ഫലിതപ്രധാനമായ രീതി നോക്കുമ്പോൾ ‘തൃക്കാരിയൂരണ്ണർ’ എന്നു ദേവനെ നിൎദ്ദേശിക്കുന്നതിൽ വളരെ ഔചിത്യം തോന്നുന്നുണ്ട്. രേഫത്തിന്റെ അസുഖകരമല്ലാത്ത ആവൎത്തനം കൊണ്ടുള്ള അനുപ്രാസ ... ജിച്ചിട്ടുള്ളതും ശ്രദ്ധാൎഹമാണ്.

165425
38353
032;bN00b;11
MUL
165425

ദ്ദ്യങ്ങരം ഏതേതു കൃതിയിൽ ഉരംപ്പെട്ടതാണെന്നും മാതൃഭാഷയെ ധന്യയാക്കിത്തീത്ത തത്കത്താക്കരം ആരെല്ലാമെന്നും അറിയുവാൻ കേരളത്തിൻെറ ഒരററം മുതൽ മറെറാരററംവരെയുള്ള ഗ്രന്ഥപ്പുരകളിൽ എത്രതന്നെ ചികഞ്ഞാലും അധികമായിപ്പോകുന്നതല്ല സാഹിത്യശാസ്ത്രത്തിലെ സാങ്കേതികതത്ത്വങ്ങരംക്കൊക്കെയും തക്ക ലക്ഷ്യങ്ങരം നമ്മുടെ ഭാഷയുടെ സ്വത്തായി പ്രദശിപ്പിക്കുവാൻ ഭാഷയിലെ മണിപ്രവാളശാഖമാത്രം പര്യാപ്തമായിരുന്നുവെന്ന് അറിയുമ്പോരം നമ്മുടെ നിരൂപണത്തിന് വിഷയീഭവിക്കത്തക്കവണ്ണം പൂവ്വികന്മാർ നല്കിയിട്ടുള്ള സാഹിത്യസമ്പത്തിൻെറ മേന്മയും വലിപ്പവും പ്രസ്ഫുടമാകുമല്ലൊ.

---

# കഥകളിയിലെ പ്രാകൃതഭാഗങ്ങൾ

കേരളത്തിൽ അതിപുരാതനമായ കാലംമുതല്ക്കു തന്നെ ആൎയ്യഭാഷയായ സംസ്കൃതം വ്യാവഹാരികഭാഷയുടെ പരിപുഷ്ടിക്കു മാത്രമല്ല ദേശീയസാഹിത്യത്തിൻെറ നാനാമുഖമായ അഭിവൃദ്ധിക്കും പരക്കെ സമാദരിക്കപ്പെട്ടിരുന്നു എന്നുള്ളതു് സുപ്രകടമാണല്ലൊ. ആൎയ്യഭാഷാഗോത്രത്തിൽ തന്നെ ഉൾപ്പെട്ടതും ഏറിയോരു കാലം വ്യവഹാരദശയിൽ വൎത്തിച്ചിരുന്നതുമായ പ്രാകൃതഭാഷയും ഗൈൎവ്വാണിയോടു് ഒപ്പംതന്നെയില്ലെങ്കിലും ഏറെക്കുറെ മലയാളഭാഷയുടെ വളൎച്ചയ്ക്കു് പ്രയോജകീഭവിച്ചിട്ടുണ്ടെന്നു് കാണാം. ഒരു കാലത്തു് നമ്മുടെ നാട്ടിൽ രാജാക്കന്മാരും കവികളും പ്രാകൃതഭാഷയെ യഥോചിതം കൊണ്ടാടുന്നതിൽ ജാഗരൂകരായിരുന്നു. ഉണ്ണുനീലിസന്ദേശത്തിൽ "തൃപ്പാപ്പൂർമൂപ്പുഴകറെപ്പാഴിയും വീരൻ ആതിച്ചവൎമ്മനെ" "ആറല്ലോ ചൊല്ലുമരസരണൊ സംസ്കൃതപ്രാകൃതാനാം മാറില്ലല്ലോ പുനരതിൽ നിനക്കിൻെറ മംഗല്യകീൎത്തേ!" എന്നു് സങ്കീൎത്തനം ചെയ്യുന്ന കവി പ്രാകൃതഭാഷാപരിജ്ഞാനവും വിദഗ്ദ്ധത്വത്തിൻെറ മാനദണ്ഡമായി കരുതപ്പെട്ടിരുന്നു എന്നു് നിദൎശിപ്പിക്കുന്നുണ്ടല്ലൊ. പ്രാകൃതഭാഷയെ നിയമനം ചെയ്യുന്ന ശാസ്ത്രഗ്രന്ഥങ്ങളും പ്രാകൃതഭാഷാകാവ്യങ്ങളും കേരളീയകൃതങ്ങളായി ഉപലബ്ധങ്ങളാകുന്നതു് പ്രാകൃതഭാഷാപഠനത്തിൽ നിലവിലിരുന്ന ഔത്സുക്യത്തിൻെറ സ്വഭാവത്തെ വിശദതരമാക്കുന്നു.

കഥകളിഗ്രന്ഥങ്ങളിൽ പാത്രങ്ങളുടെ സംഭാഷണം ഗാനരൂപത്തിലും സംഭവങ്ങളുടെ പൌർവ്വാപര്യപ്രസ്താവം ശ്ലോകരൂപത്തിലും ആണല്ലൊ പ്രായേണ നിർവ്വഹിക്കപ്പെട്ടിരിക്കുന്നതു്. ശ്ലോകങ്ങൾ ഒട്ടുമുക്കാലും സംസ്കൃതഭാഷയിൽതന്നെ നിബന്ധിച്ചിട്ടുള്ളതു് കവികളുടെ പാണ്ഡിത്യപ്രകടനേച്ഛയുടെ ഫലമായിരിക്കാം. അതിൽ ഒരു പടികൂടി കടന്നിട്ടാണു് ചില കഥകളികളിൽ തത്കർത്താക്കൾ ശ്ലോകമായും പദമായും പ്രാകൃതഭാഷാകവനം നിർവഹിച്ചിട്ടുള്ളതെന്നു് പറയേണ്ടിയിരിക്കുന്നു. സംസ്കൃതനാടകങ്ങളിൽ സംസ്കൃതഭാഷയും പ്രാകൃതഭാഷയും കഥാപാത്രങ്ങളുടെ സ്വഭാവമനുസരിച്ചു് കവികളാൽ പ്രയുക്തങ്ങളായിട്ടുണ്ടു്. കഥകളിയിൽ പ്രാകൃതഭാഷാപ്രയോഗത്തിനു മുതിർന്നിട്ടുള്ള കവികൾക്കു് ആ വിഷയത്തിൽ മാതൃക ലഭിച്ചതു് സംസ്കൃതനാടകങ്ങളിൽ നിന്നായിരിക്കാമെങ്കിലും പ്രാകൃതത്തെ സംബന്ധിച്ചു നിശ്ചിതമായ ഒരു നിയമം അവർ ദീക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. ചില നീചപാത്രങ്ങളുടെ പുറപ്പാട്ടുശ്ലോകങ്ങളും ചുരുക്കമായി ചില പദങ്ങളുമാണു് കഥകളിയിലെ പ്രാകൃതഭാഷാനിബദ്ധങ്ങളായ ഭാഗങ്ങൾ.

നീചപാത്രങ്ങളുടെ സംഭാഷണം പ്രാകൃതഭാഷയിൽ രചിക്കുന്ന സംസ്കൃതനാടകങ്ങളിലെ രീതി കഥകളികർത്താവിനു് സ്വീകരിക്കുവാൻ വളരെ വൈഷമ്യമുണ്ടു്. കഥകളിയിലെ പദങ്ങൾ മിക്കവാറും മണിപ്രവാളരൂപത്തിലായിരിക്കെ പ്രാകൃതഭാഷാപ്രയോഗത്തിനു് മറെറാരു സ്ഥാനം തേടുവാനേ കവികൾക്കു് നിർവ്വാഹമുള്ളു. അത്രു

കൊണ്ട് പുറപ്പാട്ടുശ്ലോകം പ്രാകൃതത്തിലും അതിനെത്തുടൎന്നുള്ള പദം മണിപ്രവാളത്തിലും നിൎമ്മിക്കപ്പെട്ടിട്ടുള്ളതു് അനുപപന്നമല്ല. കഥകളിയിൽ സംസ്കൃതത്തിൻെറ സ്ഥാനത്തു് ചിലയിടങ്ങളിൽ പ്രാകൃതം പ്രയോഗിക്കുവാനാണു് പ്രാകൃതഭാഷാകുതുകികളായ ചില കവികൾ ഉദ്യുക്തരായിട്ടുള്ളതു്. അടുത്തുവരുവാൻ പോകുന്ന രംഗത്തിൻെറ പ്രകൃതിക്കൊത്തവണ്ണം പ്രാകൃതശ്ലോകരൂപത്തിൽ പശ്ചാത്തലം സജ്ജമാക്കിയിട്ടുള്ള ആ കവികളുടെ ഉചിതജ്ഞതയ്ക്കു് യാതൊരു ലോപവും പറയുവാനില്ല. പുറപ്പാട്ടുശ്ലോകങ്ങൾ മാത്രമല്ല അതോടുകൂടി ചേൎന്നുവരുന്ന പദവും, ചിലപ്പോൾ പദം മാത്രവും, പ്രാകൃതഭാഷയിൽ ആക്കിയിട്ടുള്ള കവികളും ഇല്ലെന്നില്ല.

കഥകളിസാഹിത്യത്തിൽ ആകപ്പാടെ പത്തു സ്ഥലങ്ങളിലാണു് പ്രാകൃതം പ്രയോഗിച്ചുകാണുന്നതു്. ആ ഭാഗങ്ങളുടെ സംസ്കൃതച്ഛായയാകട്ടെ അൎത്ഥമാകട്ടെ പാഠദോഷങ്ങൾകൊണ്ടും മററും ഇന്നത്തെ നിലയ്ക്കു് പ്രായേണ ദുൎഗ്രഹമായിത്തീൎന്നിട്ടുണ്ടു്. പ്രത്യേകമായി അച്ചടിക്കപ്പെട്ട ഒന്നു രണ്ടു കൃതികളിൽ പ്രാകൃതഭാഗങ്ങൾക്കു് ഛായയും വ്യാഖ്യാനവും നല്കിയിട്ടുള്ളതു് ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ അവയെ സംബന്ധിച്ചും പ്രാകൃതഭാഗങ്ങളെ സംബന്ധിച്ചും നിഷ്കൃഷ്ടമായ ഒരു പഠനം ആവശ്യകമായിരിക്കുന്നു. കഥകളികളിലെ പ്രാകൃതഭാഗങ്ങൾ ഉദ്ധരിച്ചു് അവയ്ക്കുള്ള സംസ്കൃതച്ഛായയും പരിഭാഷയും നല്കി പാഠശോധനം ചെയ്യുന്നതു് കഥകളിസാഹിത്യത്തിൻെറ സമുപാസകന്മാൎക്കു് പ്രയോജനകരമായിരിക്കുമെന്നു് വിശ്വസിക്കുന്നു.

## ഒന്ന്.

[നിവാതകവചവധം കഥയിൽ അജ്ജുനൻ ഉവ്ശിയുടെ രതിപ്രാത്ഥനയെ തിരസ്കരിച്ചുകൊണ്ട് അവളുടെ മനോഭിലാഷം സവ്ഥാ നിന്ദ്യമാണെന്ന് നിരൂപണം ചെയ്യവേ മദനാതുരയായ ആ സ്വവേശ്യ ഭഗ്നാശയായി ശാപവചസ്സ് ഉരചെയ്യുന്നതായുള്ള പദത്തിന്റെ അവതരണിക]

പ്രാകൃതം.

സുമണോരഹപഡിയൂളം
ഭണിതം ഏദസ്സ സുണിയ സുരവണിയാ
വത്തും പക്കന്തെവ്വം
വയണം മയണേണ വഞ്ചിയാ പത്ഥം.

ഛായ.

സ്വമനോരഥപ്രതികൂലം
ഭണിതം ഏതസ്യ ശ്രുത്വാ സുരവനിതാ
വക്തും പ്രക്രാന്തൈവം
വചനം മദനേന വഞ്ചിതാ പാത്ഥം

പരിഭാഷ.

സ്വാഭിലാഷസിദ്ധിക്ക് വിരുദ്ധമായ ഇവന്റെ (അജ്ജുനന്റെ) മൊഴി കേട്ടിട്ട് മദനാവിഷ്ടയായ ദേവസുന്ദരി (ഉവ്ശി) പാത്ഥനോട്ട് ഇപ്രകാരമുള്ള വചനത്തെ പറയുന്നതിന് പ്രക്രാന്തയായി. (ആരംഭിച്ചു)

പാഠശോധനം.

ഉദ്ധൃതമായ പ്രാകൃതശ്ലോകത്തിന്റെ രണ്ടാമത്തെ പാദത്തിൽ 'എദസ്സ' എന്നാണ് അച്ചടിച്ചു കാണുന്നത്. ഏകാരത്തിനും എകാരത്തിനുമൊരേ ലിപിയാണല്ലൊ മുൻകാലങ്ങളിൽ ഉപയോഗിച്ചു വന്നിരുന്നത്. അതുകൊണ്ട്

നിലയ്ക്ക് 'ഏദസ്സ' എന്നതു് 'ഏദസ്സ' എന്നു രേഖപ്പെട്ടത്തേണ്ടതാണു്. മൂന്നാമത്തെ പദത്തിൽ 'വക്കം' എന്നു് എല്ലാ പതിപ്പുകളിലും കാണുന്ന പാഠം ലേഖകപ്രമാദം കൊണ്ടു് വന്നിട്ടുള്ളതായിരിക്കുവാനേ തരമുള്ളു. 'വക്ത്രം' എന്നുള്ള സംസ്കൃതത്തിനു് നേരായി പ്രാകൃതത്തിലെ രൂപം 'വത്തം' എന്നതാണു്. 'പക്കമിതവ്വം' എന്നതു് 'പക്കന്തെവ്വം' എന്നു തിരുത്തിപഠിക്കുന്നതു് ഉചിതമായിരിക്കും 'പ്രാക്രമതൈവം' (പ്ര+അക്രമത+ഏവം) എന്നാണു് സംസ്കൃതമെങ്കിൽ പ്രാകൃതത്തിൽ 'പക്കമെഇ എവ്വം' എന്നു വരേണ്ടതായിരുന്നു. സംസ്കൃതത്തിലുള്ള ആത്മനേപദത്തിനു് പരസ്മൈപദവും ഭൂതകാലത്തിനു് വർത്തമാനകാലവും പ്രാകൃതത്തിൽ പ്രസിദ്ധമാണു്. അതുകൊണ്ടു് 'പ്രക്രമതേ ഏവം' എന്നുള്ളതു് 'പക്കമെഇ എവ്വം' എന്നു വരുന്നതിനു് വിരോധമില്ല. എന്നാൽ 'പക്കമിതവ്വം' എന്നുള്ള മുദ്രിതപാഠത്തിൽ തകാരവും സ്വരസന്ധിയും ഘടിപ്പിച്ചിരിക്കുന്നതുകൊണ്ടു് 'പ്രക്രാന്തൈവം' (പ്രക്രാന്താ+ഏവം) എന്നുള്ളതിനോടൊക്കുന്ന 'പക്കന്തെവ്വം' എന്നുള്ള പാഠമാണു് സ്വീകാര്യമായിരിക്കുന്നതു്.

## രണ്ടു്.

[നരകാസുരവധംകഥയിൽ ജയന്തനാൽ നികൃത്തകുചനാസികയായി നരകാസുരന്റെ അടുക്കൽ മടങ്ങിയെത്തിയ നക്രതുണ്ഡിയുടെ പുറപ്പാടുശ്ലോകം.]

പ്രാകൃതം.

ശക്കോധം ളക്ഖശീ ശാ ശദമഹതണയേ-
ണാഹവേ ളൂണണാശാ-
വക്ഖോയാ വിക്ഖളന്തീ ളുഹിളമഇകയാ-
ളംബഘോളന്തമാളാ
വിക്ഖോഹം തത്ഥ കാദൂണയ വിവിഹമദോ
ണിഗ്ഗദാ ഭഗ്ഗകാമാ
വിക്കോശന്തീ വിളൂവാ ഭണയി ണിയദശാം
ഭുശ്ശുയം ഭീശണാംഗീ.

ഛായ.

സക്രോധം രാക്ഷസീ സാ ശതമഖതനയേ-
നാഹവേ ലൂനനാസാ-
വക്ഷോജാ വിസ്ഖലന്തീരുധിരവത്കുചാ
ലംബഘോരാന്ത്രമാലാ
വിക്ഷോഭം തത്ര കൃത്വാ വിവിധമദോ
നിർഗതാ ഭഗ്നകാമാ
വിക്രോശന്തീ വിരൂപാ ഭണതി നിജദശാം
ഭ്രസുതം ഭീഷണാംഗീ.

പരിഭാഷ.

ഇന്ദ്രപുത്രനാൽ ക്രോധപൂർവ്വം യുദ്ധത്തിൽ മൂക്കും മുലകളും മുറിക്കപ്പെട്ടവളായി, ഏററവും സ്ഖലിക്കുന്ന ഗതിയോടു കൂടിയവളായി, ചോരയൊഴുകുന്ന സ്തനങ്ങളോടു കൂടിയവളായി, തൂങ്ങിക്കിടക്കുന്ന ഘോരമായ കുടൽമാലയോടു കൂടിയവളായി, അവിടെ പലവിധത്തിലുള്ള ഭ്രമണങ്ങൾ ചെയ്തിട്ട്, ആ രംഗത്തിൽ നിന്നും (ദേവലോ

കത്തിൽ നിന്നും) നിർഗ്ഗമിച്ചവളും ഭഗ്നകാമയും ഉച്ചത്തിൽ നിലവിളിക്കുന്നവളും വിരൂപയും ഭീഷണാംഗിയും ആയ ആ രാക്ഷസി ഭൂസുതനോട്ട് (നരകാസുരനോട്ട്) നിജാവസ്ഥയെ പറഞ്ഞു.

പാഠശോധനം.

അച്ചടിപ്പുസ്തകങ്ങളിൽ, ഉഖ്ഖശീ, വഖ്ഖോയാ, വിഖ്ഖലന്തീ, വിഖ്ഖോഹം എന്നിങ്ങനെ വർഗ്ഗദ്വിതീയങ്ങളുടെ ഇരട്ടിപ്പ് കാണുന്നതു് തെററാണ്. അവയിൽ ആദ്യവ്യഞ്ജനം ക് എന്നാക്കി വിന്യസിക്കണം. 'ളുഹിളമണികുയാ' എന്ന ഭാഗത്തിലെ മണിശബ്ദം പ്രകൃതാനുരൂപമല്ലാത്തതായിത്തോന്നുന്നതു കൊണ്ടു് 'മഇ' എന്നുള്ളതല്ലയോ യുക്തമായ പാഠം എന്ന് സംശയിക്കുന്നു. സംസ്കൃതത്തിലെ മതുപ്പ്രത്യയത്തിൻെറ സ്ഥാനത്തിൽ പ്രാകൃതത്തിൽ മഇ എന്നാണ് ചേർക്കാറുള്ളതു്. ണിയദശം എന്നതു് ണിയദശാം എന്നും, ഭുത്തുയാ എന്നതു് ഭുത്തുയം എന്നും പ്രകരണാനുരോധേന മാററിയിട്ടുള്ളതും പ്രസ്താവ്യമാണ്. മേൽ വരുന്ന പദത്തിൽ നിജദശയാണ് നക്രതുണ്ഡി പറയുന്നതെന്നുള്ളതുകൊണ്ടും ഭൂസുരവീര എന്നാണ് നരകാസുരനെ അഭിസംബോധനം ചെയ്യുന്നതു് എന്നുള്ളതുകൊണ്ടും അപ്രകാരമേ വരുവാൻ തരമുള്ളുവല്ലൊ.

## മൂന്ന്.

[അംബരീഷചരിതം കഥയിൽ യുദ്ധസന്നാഹത്തോടെ എത്തിയ അംബരീഷൻെറ ഞാണൊലി കേട്ട സമയം യവനന്മാർ തമ്മിലുണ്ടായ സംഭാഷണം.]

 പ്രാകൃതം.

ചാവഗുണഘോസോ സുണീയദി ഗോപുരേ പരുസോ
കാളമേഘകുള ചണ്ഡകോളാഹളസണ്ണിഹോ
കാളരുദ്ദകണ്ഠണാദകണ്ഠണാദിളംപഡോ
വീരപുരുസാട്ടഹാസമേളണാവിജിംഭിയോ
പാരാവാരഭവമഹാഘോരാരവഡംബരോ
താഡിദപഡഹരവസംബളണമംസളോ
താമരസഭവളോയളംഘണവിയഡ്ഢിയോ
ഗജ്ജന്തഗയണിവഹബിംഹിദവിവഡ്ഢിയോ
ണച്ചന്തഘോഡബഹളഹേസാരവമേദുരോ
പവ്വയഗഹീരദരകന്ദരാസു പിണ്ഡിയോ
സവ്വഭൌമമൂഹഗയകണ്ണഭേദപണ്ഡിയോ

ഛായ.

ചാപഗുണഘോഷഃ ശ്രൂയതേ ഗോപുരേ പരുഷഃ
കാലമേഘകുല ചണ്ഡകോലാഹലസന്നിഭഃ
കാലരുദ്രകണ്ഠനാദകണ്ഠനാതിലമ്പടഃ
വീരപുരുഷാട്ടഹാസമേലനാവിജൃംഭിതഃ
പാരാവാരഭവമഹാഘോരാരവഡംബരഃ
താഡിതപടഹരവസംവലനമാംസലഃ
താമരസഭവലോകലംഘനവിദഗ്ദ്ധഃ
ഗർജ്ജദ്ഗജനിവഹബൃംഹിതവിവർദ്ധിതഃ
നൃത്യദ്ഘോടബഹലഹേഷാരവമേദുരഃ
പർവ്വതഗഭീരതരകന്ദരാസു പിണ്ഡിതഃ
സാർവ്വഭൌമമുഖഗജകർണ്ണഭേദപണ്ഡിതഃ

പരിഭാഷ.

ഗോപുരത്തിൽ പരുഷവും കാർമേഘക്കൂട്ടത്തിൻെറ ചണ്ഡമായ കോലാഹലത്തോട് സദൃശവും സംഹാരരുദ്രൻെറ കണ്ഠനാദത്തെ അധഃകരിക്കുന്നതിൽ ഏററവും ഉത്സുകവും, വീരപുരുഷന്മാരുടെ അട്ടഹാസത്തിൻെറ മേലനംകൊണ്ട് വിശേഷേണ വർദ്ധിച്ചതും, സമുദ്രത്തിൽ ഉണ്ടാകുന്ന മഹാഘോരമായ ധ്വനിയോടൊക്കുന്ന ഡംബരത്തോടുകൂടിയതും, പെരുമ്പറയടിമുഴക്കം ചേൎന്ന് പെരുകിയതും, ബ്രഹ്മലോകത്തെ അതിക്രമിക്കുന്നതിൽ നിപുണവും, ഗർജ്ജിക്കുന്ന ഗജങ്ങളുടെ കൂട്ടത്തിൽനിന്നും പൊങ്ങുന്ന മഹാരവത്താൽ ഏററവും വർദ്ധിപ്പിക്കപ്പെട്ടതും, തുള്ളിച്ചാടുന്ന കുതിരകളുടെ ഉച്ചത്തിലുള്ള ഹേഷാശബ്ദംകൊണ്ട് മേദുരവും, പൎവ്വതങ്ങളിലുള്ള അതിഗംഭീരങ്ങളായ ഗുഹകളിൽ ഉരുണ്ടുകൂടുന്നതും, സാൎവ്വഭൌമൻ തുടങ്ങിയ ദിഗ്ഗജങ്ങളുടെ ചെകിടു പൊളിക്കുന്നതിൽ പ്രഗല്ഭവും ആയ ഞാണൊലി ഇതാ കേൾക്കപ്പെടുന്നു.

പാഠശോധനം.

മൂന്നാമത്തെ വരിയിൽ ഉംപടൊ എന്നും, ആറാമത്തെ വരിയിൽ പടഹ എന്നും, സംബളണംസളോ എന്നും, ഏഴാമത്തേ വരിയിൽ ഉഘണ എന്നും, എട്ടാമത്തെ വരിയിൽ വിവിസ്ഥിയോ എന്നും, ഒൻപതാമത്തെ വരിയിൽ ഘോഡ എന്നും, പതിനൊന്നാമത്തെ വരിയിൽ സവ്വഭൌമ എന്നും, അച്ചടിച്ച പതിപ്പിലുള്ള പാഠവൈകല്യം പരിഹരിച്ച് ശുദ്ധപാഠമാണ് മേൽ കൊടുത്തിട്ടുള്ളത്. സംസ്കൃതത്തിൽ വിദശ്ധ എന്നുള്ളതിന് നേരായി

പ്രാകൃതത്തിൽ വിവസ്ഥിയോ എന്നു കാണുന്നതു് പ്രാകൃത സാധാരണമായ ഒരു രൂപനിഷ്പാദനസമ്പ്രദായത്തെ ഉദാഹരിക്കുന്നു. സ്വാത്ഥത്തിൽ തന്നെ അക, ഇക, ഉക എന്നിവ മൂന്നും വിശേഷണപദങ്ങളോടു് അനുബന്ധിച്ചിട്ടുള്ള പ്രയോഗം പ്രാകൃതത്തിൽ സുലഭമാണു്.

## നാലു്.

[പൂതനാമോക്ഷം കഥയിൽ കംസനോടു് ഭടന്മാർ ശിശുജനനവൃത്താന്തം നിവേദനം ചെയ്യുന്നതു്.]

പ്രാകൃതം.

ശത്തുണാശണ ശുണാദു ശാമി ഭാശിയം
ശത്തശത്തിമോഹശത്ഥശണ്ണിഹഭുയപ്പദാവ
ശത്തശമുദ്ദവലയശോഹിയഭൂമിവല്ലഹ
ശുത്തളോഏ രത്തിമജ്ഝേ എത്ഥ ആയതമംഹ്മേഹി
ശത്തരം ശിശുണിണാദം ശോദൂണ തുഹ സവിഹേ.

ഛായ.

ശത്രുനാശന ശൃണോതു സ്വാമിൻ ഭാഷിതം
സപ്തസപ്തിമയൂഖസാത്ഥസന്നിഭഭുജപ്രതാപ
സപ്തസമുദ്രവലയശോഭിതഭൂമിവല്ലഭ
സുപ്തലോകേ രാത്രിമദ്ധ്യേ അത്രാഗതമസ്മാഭിഃ
സത്വരം ശിശുനിനാദം ശ്രുത്വാ തവ സവിധേ.

പരിഭാഷ.

അല്ലയോ ശത്രുനാശനനായുള്ളോവേ, സ്വാമിൻ! സൂര്യ്യകിരണനികരത്തോടു തുല്യമായ ഭുജപ്രതാപത്തോടുകൂടിയുള്ളോവേ! സപ്തസമുദ്രങ്ങളാകുന്ന വലയത്താൽ ഭൂഷിത

മായ ഭൂമിക്ക് നാഥനായുള്ളോവേ! ലോകരെല്ലാം നിദ്ര യിലാണ്ടിരിക്കുന്ന ഈ അൎദ്ധരാത്രത്തിൽ ശിശുനിനാദം കേട്ടിട്ട് അവിടുത്തെ തിരുമുൻപിൽ ഞങ്ങളാൽ വേഗം വരുക എന്നുള്ളത് ഉണ്ടായി.

പാഠശോധനം.

ശണ്ഡിഹ, ണിനാദം, ദുഹ എന്നിങ്ങനെ അച്ചടി പ്പുസ്തകങ്ങളിൽ കാണുന്ന പാഠത്തെ ശണ്ണിഹ, ണിണാദം തുഹ എന്ന് യഥാക്രമം തിരുത്തേണ്ടതായിരിക്കുന്നു. സവി ഹേ (സവിധേ) എന്നതിനു മുൻപ് സംബന്ധവാചക മായ ഒരു പദം പ്രകൃതത്തിൽ തുഹ (തവ) എന്നു തന്നെ ആയിരിക്കണമല്ലൊ.

അഞ്ച്.

[പൂതനാമോക്ഷത്തിൽ ശ്രീകൃഷ്ണൻ സ്തന്യത്തോടുകൂടി പൂതനയുടെ പ്രാണങ്ങളും ചൂഷണംചെയ്യുവേ ആ രാക്ഷസിയുടെ വിലപനരൂപമായ പദത്തിൻെറ അവതരണിക.]

പ്രാകൃതം.

ഈശാള്ളോശകശായള്ളോയണജ്ജയാ ണിളബ്ഭ
 ഗബ്ഭപ്പഹാ
ദാഢാമോഹശമുഹഭീശണമുഹീ ഘോളന്ത-
 ജീഹായുളാ
താളാഘോളിയജീഹയേണ ശിശുണാ
 പിജ്ജന്തപീണത്ഥണാ
ദീണാശാ പഡിയാ ഖണം വിളപണം
 കാദൂണ ശാ പൂദണാ.

ഛായ.

ഈൎഷ്യാരോഷകഷായലോചനയുഗാ
നീലാഭ്രഗർഭപ്രഭാ
ദംഷ്ട്രാമയൂഖസമൂഹഭീഷണമുഖീ
ഘൂർണ്ണജ്ജിഹ്വാകുലാ
താരാഘൂൎണ്ണിതജിഹ്വേന ശിശുനാ
പീയമാനപീനസ്തനാ
ദീനാശാ പതിതാ ക്ഷണം വിലപനം
കൃത്വാ സാ പൂതനാ

പരിഭാഷ.

ഈൎഷ്യകൊണ്ടും രോഷംകൊണ്ടും ചുവന്നു കലങ്ങിയ കണ്ണിണയോടുകൂടിയവളും കാൎമ്മേഘത്തിന്റെ അന്തർഭാഗംപോലുള്ള നിറം ചേൎന്നവളും ദംഷ്ട്രകളുടെ രശ്മിജാലംകൊണ്ടു് ഭയങ്കരമായ മുഖത്തോടുകൂടിയവളും ചുഴലുന്ന നാവുകൊണ്ടു് ആകുലയായവളും അത്യുച്ചസ്വരത്തോടെ ചുഴററപ്പെട്ട നാക്കോടുകൂടിയ ശത്രുവിനാൽ (ശ്രീകൃഷ്ണനാൽ) പാനം ചെയ്യപ്പെടുന്ന പീനസ്തനത്തോടുകൂടിയവളും ദീനാശയും ആയ ആ പൂതന, ക്ഷണനേരം വിലപനംചെയ്തിട്ടു്, നിലം പതിച്ചു.

പാഠശോധനം.

രണ്ടാമത്തെ പാദത്തിൽ 'ഭീഷണ' എന്നു് അച്ചടിച്ചു കാണുന്നതു് 'ഭീശണ' എന്നു് തിരുത്തേണ്ടതാണു്.

ആറു്.

[ശാകുന്തളം തൃതീയകഥയിൽ ദുഷ്യന്തന്റെ മൃഗയാവിനോദംകൊണ്ടു് നിർവ്വിണ്ണനായ മാഢവ്യൻ തന്റെ ദീനാവസ്ഥയെ നിവേദനം ചെയ്യുന്ന രൂപത്തിലുള്ള പദത്തിന്റെ അവതരണിക]

പ്രാകൃതം.

ഘെത്തൂണദണ്ഡജട്ഠിം
ഗത്തുണ കഹമ് വി ണമ്മസയിവോ സോ
ദിണ്ണാണുഗ്ഗഹവയണോ
രണ്ണേ വിണ്ണാവിയായുളോ ഭണായി.

ഛായ.

ഗൃഹീത്വാ ദണ്ഡയഷ്ടിം
ഹസ്തേന കഥമപി നർമ്മസചിവഃ സഃ
ദത്താനുഗ്രഹവചനോ
രാജ്ഞേ വിജ്ഞാപിതാകുലോ ഭണതി.

പരിഭാഷ,

—ആ നർമ്മസചിവൻ കൈകൊണ്ടു് ഒരു തടിക്കമ്പിനെ പണിപ്പെട്ടു് ഗ്രഹിച്ചിട്ടു്, മഹാരാജാവിനായിക്കൊണ്ടു് നല്കപ്പെട്ട ആശീർവാദത്തോടുകൂടിയവനായി സവൈദന്യത്തെ വിജ്ഞാപനം ചെയ്തുകൊണ്ടു പറഞ്ഞു.

പാഠശോധനം.

'ദണ്ഡജട്ഠിം' എന്നതിൻെറ സ്ഥാനത്തു് 'ദണ്ഡയദിം' എന്നും, 'വിണ്ണാവിയായുളോ' എന്നതിൻെറ സ്ഥാനത്തു് 'വിണ്ണോവിയായുളോ' എന്നുമാണു് പല പതിപ്പുകളിലും അച്ചടിച്ചുകാണുന്നതു്. ആ പാഠങ്ങളിൽ ആദ്യത്തേതു് പ്രകൃതാനുപയുക്തവും രണ്ടാമത്തേതു് ലേഖനദോഷത്താൽ ആപതിതവും ആകയാൽ ത്യാജ്യങ്ങളാകുന്നു.

## ഏഴ്.

[ശാകുന്തളം തൃതീയകഥയിൽ ദുഷ്യന്തനാൽ ഹതനായ മധുകരൻ എന്ന രാക്ഷസൻെറ ഭാർയ്യയായ ധൂമ്രകേശി പ്രതീകാരോദ്യുക്തയായി പ്രവേശിക്കുന്ന രംഗം].

<u>പ്രാകൃതം</u>

ണവളിയ മഹുയളണിഹണം
ശുണിയ പളം ശോയളോശകളുശയളാ
തശ്ശ പിയാ പഡികാദ്ദും
വവശായം കുണായി ധൂമ്മയേശീ ശാ

<u>ഛായ.</u>

സഹസാ മധുകരനിധനം
ശ്രുത്വാ പരം ശോകരോഷകലുഷതരാ
തസ്യ പ്രിയാ പ്രതികർത്തും
വ്യവസായം കരോതി ധൂമ്രകേശീ സാ

<u>പരിഭാഷ.</u>

നിനച്ചിരിയാതെ മധുകരൻെറ മരണവൃത്താന്തം കേട്ടിട്ട് അത്യധികമായ ദുഃഖം കൊണ്ടും കോപംകൊണ്ടും ക്രമത്തിലധികം ആകുലീഭവിച്ചവളും അവൻെറ പ്രിയയും ആയ ആ ധൂമ്രകേശി പകവീട്ടുന്നതിനുള്ള വ്യവസായത്തെ ചെയ്യുന്നു.

<u>പാഠശോധനം.</u>

'ധുമ്മയെശി ശാ' എന്നുള്ള പാഠം തെററാണ്. 'ധൂമ്രകശീ സാ' എന്നുള്ളതിനെതിരായി പ്രാകൃതത്തിൽ 'ധുമ്മയേശീ ശാ' എന്നാണ് വരേണ്ടത്.

## എട്ട്.

[ശാകുന്തളം പഞ്ചമകഥയിൽ ശകുന്തളയുടെ പ്രണയലേഖനം. ഇതാകട്ടെ കാളിദാസൻെറ അഭിജ്ഞാനശാകുന്തളം നാടകത്തിൽ നിന്നും കവി ഉദ്ധരിച്ചിട്ടുള്ളതാണ്. ആറു ഭാഗങ്ങളോടുകൂടിയ ഈ ആട്ടക്കഥ തന്നെ ആപാദചൂഡം കാളിദാസീയശാകുന്തളത്തിൽ ശകുന്തളാസമാഗമ

ത്തിനുശേഷം ദുഷ്യന്തൻ രാജധാനിയിൽ തിരിച്ചെത്തുന്നതുവരെയുള്ള കഥയെ കഥാഗതിയിലും പദഗുംഫനത്തിലും ആശയാനുവാദത്തിലും സമ്പൂർണ്ണമായി ഉപജീവിച്ചിരിക്കുന്നു.]

പ്രാകൃതം.

തുജ്ഝണ ജാണേ ഹിയയം
മമ യുണ മയണോ ദിവാപി രത്തിമ്പി
ണിഗ്ഘണ തവേയി വളിയം
തുയി ജുത്തമണോരഹം ഹിയയം

ഛായ.

തവ ന ജാനേ ഹൃദയം
മമ പുനർമദനോ ദിവാപി രാത്രിമപി
നിർഘൃണ തപതി ബലീയ-
സ്ത്വയി യുക്തമനോരഥം ഹൃദയം.

പരിഭാഷ.

അങ്ങയുടെ ഹൃദയത്തെ ഞാൻ അറിയുന്നില്ല. അല്ലയോ നിഷ്കൃപനായുള്ളോവേ! അങ്ങയിൽ ബദ്ധാഭിലാഷമായ എന്റെ ഹൃദയത്തെയാകട്ടെ മദനൻ രാവും പകലും ബലവത്തരമാകുംവണ്ണം തപിപ്പിക്കുന്നു.

പാഠശോധനം.

ഉത്തരാർദ്ധത്തിൽ 'ണിഘണ' 'തുഹ' 'ഹിയയം' എന്നും ഉള്ള പാഠങ്ങൾ യഥാക്രമം 'ണിഗ്ഘണ' 'തുയി' 'ഹിയയം' എന്നും ശോധനം ചെയ്യേണ്ടതാണ്. 'ജുത്തമണോരഹം ഹിയയം' എന്നുള്ള കഥകളിയിലെ പാഠത്തിന്റെ സ്ഥാനത്തിൽ 'വുത്തമണോരഹാഇം അംഗാഇം' (വൃത്തമനോരഥായാഃ അംഗാനി) എന്നാണ് അഭി

ജ്ഞാനശാകുന്തളം നാടകത്തിന്റെ ചില പതിപ്പുകളിൽ കാണുന്നതു്. 'മമ ഉണ്ണ' (മമ പുനഃ) എന്നുള്ളിടത്തു് 'പുനഃ' ശബ്ദത്തിന്റെ സാമർത്ഥ്യത്താൽ ദുഷ്യന്തഹൃദയത്തിൽ നിന്നും ശകുന്തളയുടെ ഹൃദയത്തിനുള്ള വ്യതിരേകപ്രദർശനമാണല്ലോ പ്രകൃതത്തിൽ കൂടുതൽ ഉപപന്നമായിട്ടുള്ളതു്. അതിനാൽ കഥകളിയിലെ പാഠം സർവ്വഥാ യുക്തം തന്നെ.

## ഒൻപതു്.

[മുചുകുന്ദമോക്ഷംകഥയിൽ യവനാധിപതി നാരദനെ ദൂരത്തിൽ കണ്ടു് സപവർഗ്ഗത്തെ അനുഗ്രഹിക്കുവാൻ സൂര്യൻതന്നെ വരുകയാണോ എന്നു് സംശയിക്കുന്നതു്.]

പ്രാകൃതം.

ദീസയി ഖു സൂജ്ജോ ജഗപ്പയി അജ്ജജണമണ്ണോ
തെള്ളോക്കപാളണലീലോ ഹേളയാ ണോ പാളേയി
കമ്മണാ ണം തോസയദ സത്തുഹാണിലദ്ധയേ
വീണാണിണാദം സിണോമി കസ്സ വത്ത പസ്സയ.

ഛായ.

ദൃശ്യതേ ഖലു സൂര്യോ ജഗത്പതിരാര്യജനമാന്യഃ
ത്രൈലോക്യപാലനലീലോ ഹേലയാ നഃ പാലയതി
കർമ്മണൈനം തോഷയത ശത്രുഹാനിലബ്ധയേ
വീണാനിനാദം ശൃണോമി കസ്യ വാത്ര പശ്യത.

പരിഭാഷ.

ജഗത്പതിയും ആര്യജനമാന്യനും ത്രൈലോക്യപാലനലീലനും ആയി നമ്മെ ലീലയാ പാലിക്കുന്ന ആ സൂര്യനല്ലേ കാണപ്പെടുന്നതു്! ശത്രുനാശം സിദ്ധിക്കുവാ

നായി നിങ്ങൾ ഇദ്ദേഹത്തെ കർമ്മംകൊണ്ട് പ്രസാദിപ്പിക്കുവിൻ! വീണാധ്വനി ഞാൻ കേൾക്കുന്നുണ്ട്; ആരുടേതാണെന്ന് നിങ്ങൾ നോക്കിയാലും.

പാഠശോധനം.

സുയ്യോ, തെല്ലക്ക, ദോസയദ, കസ്സവാത്ര എന്നിവ അശുദ്ധപാഠങ്ങളാണ്. അവയെ യഥാക്രമം സുജ്ജോ, തെല്ലൊക്ക, തോസയദ, കസ്സവത്ത എന്ന് മാററണം.

## പത്ത്.

[ദുര്യോധനവധം കഥയിൽ രാക്ഷസന്മാരും പ്രേതങ്ങളും പിശാചുക്കളും ഇടചേർന്ന ഭൂതാളിവേതാളികളുടെ രണാങ്കണത്തിലുള്ള സമാപതനത്തെ തുടർന്നുള്ള പദവും ശ്ലോകവും.]

പ്രാകൃതം. (പദം)

ഭൂളിളായശളീളണിജ്ജളവേളിളാളജളട്ഠിളാ-
യാള്ണെക്കവിളോളുവേണ ഹ്ല ശോളിണാ
ഖളശോളിണാ
കാളിയെമ്മി മഹാളണെമ്മി ണിവാള്ളവീളവളാവള്ളേ
ആളിയാളിശളാഹണിജ്ജബളാ ലഹ്ലവിയകാളിയാ
ജഥ പഥ്ഥയഹതഥശതഥവിഹഥ്ഥിയോള്ളസ്ത്ര
[യോഹണേ
ണിഝവേ ളിവുശഝമട്ടണമഝ പഝയി ദോണിണം
ശാസമത്തദശാവശസ്സ വി ശാശണേണ പഹ്ലസ്സ ശേ
ഭുസ്രുളേ കയവമ്മഗോദമഭാസ്രുളേ ശിവിളം ഗയേ
ഇസ്സളസ്സ പശാദയാ പുണ ശേശിയാഹിളശത്തുയേ
ആസ്രു ഷിന്ദയി ശേശിണാ കദള്ളീസ്രുഹം സ്രുഹ-
[സ്രുത്തയേ

ളോശളോഹിയഃളായണേ ഗ്ഗളദേശിണം പശയപ്പയം
ണാശിയ്യണ മഹാശളാശണപാശപാശിയഗീവയം
ശിശളയണവിണാശണ്ണശ്ശ ഖു പേശിയ്യണ ജമാളയേ
പശ്ശയീശിശ്ശുയേവി കോളവപാശമേശ ശമാഗയേ.

പ്രാകൃതം. (ശ്ലോകം)

ഏശേയേശേ ളശേശേ കുളുകുളകളശംഭോഹി-
[ഹാളാഹളേ ശേ
ഭാശാം ദോണിശ്ശ ശാശം ശ്ശുണിയ മുണിയപഞ്ചാള
[ബാളാശിശ്ശുശ്ശ
ണട്ടേ ത്തുട്ടേ വികട്ടം കുളണിഹണമിയശ്ശേയ-
[സാ ജായശോയേ
വീളേ വീളെക്കളെബ്ഭം ളഹയി ളഹ്ഹേ ളഹീ ണായ
[ളോയം പുളോഅ

ഛായ. (പദം)

ഭൂരിരാജശരീരനിൎജ്ജരവൈരിഭാരചലസ്ഥിരാ-
പാലനൈകവിലോലുപേന ഖലു ശൌരിണാ ഖല-
[സൗരിണാ
കാരിതേ മഹാരണേ നൃപാലവീരവരാ വരേ
ആൎയ്യാളിശ്ലാഘനീയബലാ ലഘു കൃതകാൎയ്യാഃ
യത്ര പാൎത്ഥ (ക) ഹസ്തശസ്ത്രവിഹസ്തിതോരു
[സുയോധനോ
നിസ്ത്രപോ രിപുസാൎത്ഥമൎദ്ദനമത്ര പ്രാൎത്ഥയതേ
[ദ്രോണിം
ശ്വാസമാത്രദശാവശസ്യാപി ശാസനേന പ്രഭോഃ സ
ഭ്രസുരഃ കൃതവൎമ്മഗൌതമഭാസുരഃ ശിബിരം ഗതഃ

ഈശ്വരസ്യ പ്രസാദാത് പുനഃ ശേഷിതാഖില-
[ശത്രൂൻ
ആശ്രു ഷിനത്തി സോഽസിനാ കദളീസുഖം സുഖ-
[സുപ്താൻ
രോഷരോഹിതലോചനോ ഗുരുദ്വേഷിണം പൃഷ
[താത്മജം
നാശയിത്വാ മഹാശരാസനപാശപാശിതഗ്രീവകം
ശീഘ്രരത്നവിനാശനസ്യ ഖലു പ്രേഷ്യ യമാലയം
പാർത്ഥിശിശ്രൂനപി കൌരവപാർശ്വമേഷ സമാഗതഃ

ഛായ (ശ്ലോകം)

ഏഷ ഏഷ രസേശഃ കുരുകുലകലശാംഭോധിഹാലാ
[ഹലഃ സഃ
ഭാഷാം ദ്രൌണേഃ സാശം ശ്രുത്വാ മാരിതപാഞ്ചാ-
[ലബാലാശിശോഃ
നഷ്ടസ്തസ്യോപി കഷ്ടം കുലനിധനമിതശ്ചേ-
[തസാ ജാതശോകഃ
വീരോ വീരൈകലഭ്യം ലഭതേ ലഘു രഥീ നാക-
[ലോകം പ്രലോകയ !

പരിഭാഷ.

അസംഖ്യം നൃപരൂപധാരികളായ അസുരന്മാരുടെ ഭാരംകൊണ്ട്, ഉലഞ്ഞ ഭൂമിയുടെ പാലനത്തിൽ ഏററവും കുതുകിയും, ഖലന്മാൎക്ക് കാലനുമായ ശ്രീകൃഷ്ണനാൽ നടത്തിക്കപ്പെട്ട ശ്രേഷ്ഠമായ മഹായുദ്ധത്തിൽ ആര്യന്മാരുടെ സമൂഹത്താൽ ശ്ലാഘിക്കപ്പെടത്തക്ക ബലത്തോടുകൂടിയ രാജവീരന്മാർ (പാണ്ഡവന്മാർ) വേഗത്തിൽ കൃതകൃത്യന്മാരായിത്തീൎന്നു. യാതൊരു യുദ്ധത്തിൽ ഭീമന്റെ കര

ത്തിലുള്ള ആയുധത്താൽ തകർക്കപ്പെട്ട തുടയോടുകൂടിയ ദുര്യോധനൻ നിർല്ലജ്ജനായി ഇവിടെ ശത്രുസമൂഹത്തിൻെറ മർദ്ദനത്തെ ദ്രോണപുത്രനോട് (അശ്വത്ഥാമാവിനോട്) പ്രാർത്ഥിച്ചു. പ്രാണനിര്യ്യാണഘട്ടം അടുത്ത് അവശനായിട്ടുള്ള പ്രഭുവിൻെറയും ശാസനത്താൽ ആ ബ്രാഹ്മണൻ (അശ്വത്ഥാമാവ്) കൃതവർമ്മാവിനോടും ഗൌതമനോടും (കൃപാചാര്യ്യരോടും) ചേർന്ന് ശോഭിക്കുന്നവനായി (പാണ്ഡവന്മാരുടെ) പടപ്പാളയത്തിലേക്ക് ചെന്ന് ഈശ്വരപ്രസാദംകൊണ്ട് അനന്തരം (യുദ്ധാനന്തരം) ശേഷിച്ചവരും സുഖമായി ഉറങ്ങുന്നവരും ആയ ശത്രുക്കളേയും വാൾകൊണ്ടു വേഗത്തിൽ വാഴത്തണ്ടുകളെന്നപോലെ നിഷ്പ്രയാസം ഛേദിച്ചു. കോപംകൊണ്ട് ചുവന്ന കണ്ണോടുകൂടിയ ഇവൻ ഗുരുദ്വേഷിയായ പാഞ്ചാലപുത്രനേയും (ദ്രോണാചാര്യ്യരെ ഹനിച്ച ധൃഷ്ടദ്യുമ്നനേയും) വലിയ വില്ലിൻെറ കയറുകൊണ്ട് (ഞാൺകൊണ്ട്) ബന്ധിക്കപ്പെട്ട കഴുത്തോടുകൂടിയവനാക്കി നശിപ്പിച്ചിട്ട് ശിരോരത്നത്തിൻെറ വിനാശനത്തിന് ഇടയാകുമാറ്, പാഞ്ചാലീപുത്രന്മാരേയും യമാലയത്തിലേക്കയച്ചിട്ട്, ദുര്യോധനൻെറ അടുക്കൽ എത്തിച്ചേർന്നു.

കുരുവംശമാകുന്ന പാലാഴിയിൽ നിന്നും ഉണ്ടായ കാളകൂടമായ ആ ഈ രാജാവ് പാഞ്ചാലപുത്രിയുടെ ശിശുക്കളെ നിഗ്രഹിച്ചവനായ അശ്വത്ഥാമാവിൻെറ വാക്കിനെ ആശ്ചര്യപൂർവ്വം കേട്ടിട്ട് നഷ്ടനായിട്ടും (ആസന്നമരണനായിട്ടും) സന്തുഷ്ടനായിത്തീർന്നു. കഷ്ടം! കുലനാശം പ്രാപിച്ചവനായി മനസ്സുകൊണ്ട് ദുഃഖിക്കുന്നവനായ വീര

നായ ഈ മഹാരഥൻ വീരന്മാക്കുമാത്രം ലഭിക്കത്തക്ക സ്വൎഗ്ഗത്തെ നേടി— കണ്ടാലും!

പാഠശോധനം.

പഴയ പതിപ്പുകളിൽ അപപാഠബഹുലമായിട്ടാണ് ഈ പ്രാകൃതഭാഗം അച്ചടിച്ചുകാണുന്നത്. കെ. വി. എം.-ൻെറവ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ദുര്യോധനവധത്തിൻെറ പുതിയ പതിപ്പിൽ ചില ഭേദഗതികളോടുകൂടി ഈ ഭാഗം ചേക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം സ്വീകരിച്ചിട്ടുള്ള പാഠംതന്നെയും പരിപൂൎണ്ണമായ ശുദ്ധിയുള്ളതല്ല. ഇവിടെ നല്കിയിട്ടുള്ള പാഠം പല തിരുത്തലുകളും ഉൾപ്പെട്ടിട്ടുള്ളതാണ്. ദുര്യോധനവധകൎത്താവ് പ്രയോഗിച്ചിട്ടുള്ള പ്രാകൃതം മാഗധിയുടെ ലക്ഷണമാണ് പ്രായേണ ആവഹിക്കുന്നത്. ഏകാരാന്തമായ പ്രഥമാവിഭക്തിരൂപങ്ങളും ശഷസങ്ങൾക്ക് ശകാരവും രേഫത്തിന് ലകാരവും (ളകാരം) ഉപയോഗിച്ചിട്ടുള്ളത് നോക്കുക.

## പ്രാകൃതസാങ്കൎയ്യം

പ്രാകൃതഭാഷയുടെ പ്രകാരഭേദങ്ങളിൽ മഹാരാഷ്ട്രി, ശൌരസേനി, മാഗധി എന്നിവ മൂന്നുമാണ് പ്രാധാന്യം വഹിക്കുന്നത്. ഭിന്നങ്ങളായ പ്രാകൃതങ്ങളുടെ സ്വീകരണത്തിൽ സംസ്കൃതകവികൾ പ്രായേണ ചില നിയമങ്ങൾ ആദരിച്ചിട്ടുണ്ട്. എന്നാൽ കഥകളിയിലുള്ള പ്രാകൃതഭാഗങ്ങൾക്ക് അത്തരത്തിൽ ഒരു നിയമാനുസന്ധാനം ഇല്ലതന്നെ. പ്രാകൃതഭേദങ്ങളുടെ നിൎദ്ധാരണത്തിന് പരികല്പിതങ്ങളായ വൎണ്ണവിപരിണാമപ്രകാരങ്ങൾ ഒന്നിനോടൊന്നു

ചേൎന്ന് സങ്കീൎണ്ണമായിട്ടുള്ള ശബ്ദരൂപങ്ങളാണ് കഥകളി-ഗ്രന്ഥങ്ങളിൽ പ്രയുക്തങ്ങളായിട്ടുള്ളത് എന്ന് സാമാന്യേന പറയാം.

നിവാതകവചവധത്തിൽ മഹാരാഷ്ട്രിയിലുള്ള വൎണ്ണവികാരങ്ങളും ശൌരസേനിയിലുള്ള വൎണ്ണവികാരങ്ങളും കാണപ്പെടുന്നുണ്ട്. ഭണിദം, ഏദസ്സ എന്നീ പദങ്ങളിൽ സ്വരമധ്യവൎത്തിയായ തകാരത്തിന് ദകാരമായുള്ള അവസ്ഥാനം ശൌരസേനിക്ക് അനുഗുണമാണ്. മഹാരാഷ്ട്രിയിലാകട്ടെ സ്വരമധ്യവൎത്തിയായ തകാരം ലുപ്തമാകുകയും തൽസ്ഥാനത്തിൽ ലഘുപ്രയത്നകമായ യകാരം ഉച്ചാരണത്തിൽ കടന്നുകൂടുകയും ചെയ്യും. ആ യകാരം ലിപിവിന്യസനത്തിലും ആദൃതമായിട്ടാണ് വണിയാ, ഭാശിയം, ജഗപ്പയി എന്നിങ്ങനെ ഉദാഹൃതഭാഗങ്ങളിൽ ചിലയിടത്ത് പ്രയോഗിച്ചുകാണുന്നത്. പദമധ്യത്തിൽ വരുന്ന മററു വ്യഞ്ജനങ്ങളുടെ ലോപത്തിനു ശേഷവും യകാരോച്ചാരണം സാധാരണമായി കാണപ്പെടുന്നുണ്ടെന്നുള്ളതിനും വയണം, മയണേണ ഇത്യാദിപദങ്ങൾ ലക്ഷ്യങ്ങളാകുന്നു. ശ, ഷ, സ എന്നിവയുടെ സ്ഥാനത്ത് ശ എന്നും, ര എന്നതിൻെറ സ്ഥാനത്ത് ല (ള) എന്നും വരുന്നത് മാഗധിയ്ക്കനുഗുണമാണ്. നരകാസുരവധത്തിൽ ശക്കോധം, ളക്ഖശീ, ളൂണണാശാ ഇത്യാദികൾ മാഗധിയുടെ മേൽപറഞ്ഞ സ്വഭാവത്തെ ആശ്രയിക്കുന്നു. ണിഗ്ഗദ എന്നിടത്ത് തകാരത്തിന് ദകാരാദേശം വന്നിരിക്കുമ്പോൾ ഭ്രൂശുയം എന്നിടത്ത് ലോപവും യകാരാഗമവും വന്നിരിക്കുന്നു. അതിനാൽ ശൌരസേനിയും മഹാ

രാഷ്ട്രിയുംകൂടി കലർത്തിയിട്ടുള്ള ഉദാഹരണങ്ങളും ദൃശ്യങ്ങളാണ്. അംബരീഷചരിതത്തിൽ പ്രാചുര്യേണ ശൌരസേനിയുടേയും ഒന്നു രണ്ടു വാക്കുകളിൽ മഹാരാഷ്ട്രിയുടേയും പ്രകൃതി ലക്ഷീകരിക്കത്തക്കതാണ്. ശഷസങ്ങളുടെ സ്ഥാനത്തിൽ സകാരവും രേഫത്തിൻെറ സ്ഥാനത്തിൽ രേഫം തന്നെയും പ്രയുക്തങ്ങളാകുന്നതു് ശൌരസേനീസാധാരണമാണല്ലോ. ഘോസോ, പരുസോ, താമരസ എന്നിവ നോക്കുക. പവ്ത എന്നതിന് പവ്വയ എന്നുള്ള രൂപം മഹാരാഷ്ട്രിക്കു യോജിച്ചതത്രെ. ഇതുപോലെ മററു കൃതികളിലും സമ്മിശ്രിതസ്വഭാവങ്ങളായ പ്രാകൃതഭാഗങ്ങൾ സ്ഥാനം പിടിച്ചിട്ടുണ്ട്.

## ഉപസംഹാരം.

കഥകളിസാഹിത്യത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രാകൃതഭാഗങ്ങളുടെ ശുദ്ധപാഠവും ഛായയും പരിഭാഷയും കൊടുത്തിട്ടുള്ളതിൽനിന്നും ആട്ടക്കഥാകർത്താക്കന്മാരുടെ പ്രാകൃതഭാഷാനിബന്ധനവിഷയകമായ ഔന്മുഖ്യത്തിന്റെ സ്വഭാവം സാമാന്യേന ഗ്രഹിക്കാവുന്നതാണല്ലോ. രങ്ഗാവതാരകമായും മററും പ്രയുക്തങ്ങളായിട്ടുള്ള പ്രാകൃതഭാഗങ്ങളിൽ പ്രസ്തുത്യമായ കവിതാഗുണം ദൃശ്യമാകുന്നില്ലെങ്കിൽ തന്നെയും സംസ്കൃതത്തോടുകൂടി നാടകാദികളിൽ സാഹചര്യം സിദ്ധിച്ചിട്ടുള്ള പ്രാകൃതഭാഷയെ കേരളത്തിൻെറ പ്രത്യേകസ്വത്തായ നാട്യകലാപ്രസ്ഥാനത്തിൽ നിശ്ശേഷം വിസ്മരിക്കാതിരുന്ന തത്കർത്താക്കൾ അഭിനന്ദനീയരാണ്. കംസവധം, ശൌരിചരിതം മുതലായ കാവ്യങ്ങളെ സാഹിത്യലോകത്തിന് ഉപഹാരമായി സമർപ്പിച്ച

കവികൾ കേരളീയരുടെ പ്രാകൃതഭാഷാപാണ്ഡിത്യത്തെ സമർത്ഥമായി വ്യക്തമാക്കിയിട്ടുണ്ട്. കഥകളിഗ്രന്ഥങ്ങളിലാകട്ടെ, പ്രാകൃതഭാഗങ്ങൾ ആനുഷങ്ഗികങ്ങളാണെങ്കിലും പ്രാകൃതഭാഷാവിഷയകമായി നിലവിലിരുന്ന അഭിരുചിയെ സമാദരിച്ച് പ്രവൃത്തങ്ങളാകയാൽ അവയ്ക്കും ന്യായ്യമായ ഒരു പരിഗണനത്തിന് അവകാശം ഉണ്ടെന്നുള്ളത് നിസ്സംശയമത്രെ.

---

# പൊരുളിൻെറ വിളയാട്ടം

വേദാന്തിയുടെ പൊരുൾ ഏകവും അവികാര്യവും അവിചാല്യവും ആണല്ലൊ. എന്നാൽ ശബ്ദവൈജ്ഞാനികൻെറ പൊരുളാകട്ടെ, വിചിത്രവും വികാരിയും വിചാല്യവുമത്രെ. നമ്മുടെ നിഖിലവ്യവഹാരങ്ങളിലും വ്യാപ്തമായിരിക്കുന്ന ആ പൊരുളിൻെറ വിളയാട്ടം കാണുവാൻ ആൎക്കും കൌതുകം ഉണ്ടാകുന്നതു് സ്വാഭാവികമാണു്. അതീതകാലത്തിലെ കേളികളുടെ സ്മരണത്തിലെന്നപോലെ ജീവദ്ഭാഷകളിൽ കടന്നുകൂടിയിട്ടുള്ള പ്രയോഗവിഷയകങ്ങളായ അൎത്ഥവിപരിണാമങ്ങളെ പ്രത്യവലോകനം ചെയ്യുമ്പോൾ അവയുടെ ഉച്ഛൃംഖലവും എന്നാൽ ഉപപന്നവും ആയ പരിപാടി ഹൃദയാകൎഷകമായി പ്രതിഭാസിക്കുന്നു. ഭാഷയുടെ അകൃത്രിമമായ പ്രവൎത്തനത്തിനു് ചെറുപൈതലിൻെറ കളിയെക്കാൾ ഒരു ദൃഷ്ടാന്തം വേറെ വേണ്ട. മോഹനങ്ങളായ ആ ചേഷ്ടകളുടെ പിന്നിൽ ഇരിക്കുന്ന ഭാവനയെ പ്രേരിപ്പിച്ച വസ്തുവോ പരിതഃസ്ഥിതിയോ പ്രഥമവീക്ഷണത്തിൽ അവ്യക്തവും അകിഞ്ചിത്കരവും ആയിത്തോന്നിയാലും പ്രകൃതിസിദ്ധമായ ഏതോ വൈശിഷ്ട്യം അപ്രത്യക്ഷമായ നിയന്ത്രണം അനുഷ്ഠിക്കുന്നു എന്നു് ഏറെക്കുറെ കാണുവാൻ കഴിയും.

ഭാഷയിൽ സ്വകീയങ്ങളോ പരകീയങ്ങളോ ആയ പദങ്ങളിൽ ഉച്ചാരണപ്രയുക്തമായ രൂപവിപരിണാമം പോലെതന്നെ മൌലികമായ അൎത്ഥത്തിനു് വിവിധങ്ങ

ളായ സാഹചയ്യങ്ങളാൽ സംഭവിക്കുന്ന ഹ്രാസവികാസങ്ങളും നമ്മുടെ ഗാഢമായ ശ്രദ്ധയെ ആകഷിക്കുവാൻ പയ്യാപ്തങ്ങളാണ്. പദത്തിൻെറ സ്വീകരണം അത്ഥത്തിനവേണ്ടിയായതുകൊണ്ട് മാനസികവ്യാപാരത്തിന് കുറച്ചുകൂടി പ്രസക്തിയുള്ളതു് അത്ഥപരമായ അഭിവൃദ്ധിയിൽ ആയിരിക്കും. വണ്ണവിപരിണാമത്തിലാകട്ടെ, ശബ്ദജനനേന്ദ്രിയങ്ങളുടെ വ്യാപൃതിയത്രേ പ്രാമുഖ്യം അർഹിക്കുന്നതു്. ഒരു ഭാഷ ജീവിക്കുന്നുവെന്നുള്ളതിന് പല ലക്ഷണങ്ങളും വേണ്ടതായിട്ടുള്ളതിൽ ഒട്ടും അപ്രധാനമല്ലാത്ത അത്ഥവിപരിണാമക്രമത്തിൻെറ ആലോചനാപൂവ്വകമായ അങ്ഗീകാരം ഭാഷാഭ്യുദയകാംക്ഷികളുടെ അപരിഹാര്യമായ കത്തവ്യമാകുന്നു. അതിനാൽ മലയാളഭാഷയിൽ പ്രയോഗപ്രാചുയ്യം നേടിയിട്ടുള്ള ചില പദങ്ങളുടെ അത്ഥപരമായ നിരീക്ഷണത്തിലൂടെ അത്ഥവിപരിണാമസിദ്ധാന്തത്തിനുള്ള സവ്വതോമുഖമായ വ്യാപ്തിയെ വിശദീകരിക്കുന്നതു് സംഗതമായിരിക്കുമെന്നു വിചാരിക്കുന്നു.

അത്ഥത്തിനോട്ട് പദത്തിനുള്ള ബന്ധം സംകേതം കൊണ്ട് പരിനിഷ്ഠിതമാകുന്നതാണല്ലോ. സംകേതം അല്ലെങ്കിൽ ശക്തി എന്ന് വ്യവഹരിക്കപ്പെടുന്ന ആ സംബന്ധം ഭാഷയുടെ ആദിമദശ മുതൽ ഏതെല്ലാം ഉപാധികളിലൂടെ സ്ഥാനം നേടിയെന്നുള്ളതു് ഇവിടെ വിചാരിക്കുന്നില്ല. ഭാഷോത്പത്തിയെ പരാമശിക്കുന്ന അത്തരം സിദ്ധാന്തങ്ങൾ ശബ്ദശാസ്ത്രത്തിൻെറ വിപുലമായ പ്രവത്തനത്താൽ മിക്കവാറും അഭ്യുപഗതങ്ങളായിട്ടുണ്ട്. നിശ്ചിതാത്ഥകങ്ങളായ പദങ്ങളെക്കൊണ്ട് ഒരു വസ്തുവിനേ

യോ ഒരു സംഭവത്തേയോ വിവരിക്കുമ്പോൾ അതിൻെറ അവയവങ്ങളായ ആശയങ്ങളെ ഉൾക്കൊള്ളുന്ന പദങ്ങൾക്ക് അന്യോന്യം ചില ബന്ധങ്ങൾ അപേക്ഷിതങ്ങളാകുമല്ലോ. അങ്ങനെ പ്രത്യയം എന്നു പറയപ്പെടുന്ന അംശം കൂടിച്ചേൎന്ന് പദങ്ങൾ നിഷ്പന്നങ്ങളായിത്തീരുന്നു. ഈ രീതിയിൽ ഒരേ പ്രകൃതിയിൽനിന്നും അല്പാല്പമായ ഭേദത്തോടുകൂടി പല രൂപങ്ങളും ഉണ്ടായിത്തീരുന്നതിൻെറ ഉപപത്തിയെക്കുറിച്ചുള്ള ചിന്ത ശബ്ദശാസ്ത്രത്തിൻെറ ഒരു വിഭാഗം മാത്രമാണ്. വ്യവഹാരത്തിൻെറ ആധിക്യംകൊണ്ട് ഭാഷയ്ക്ക് അഭിവൃദ്ധിയുണ്ടാകുമ്പോൾ മാററങ്ങളും മറിച്ചിലുകളും നേരിടുന്നു. വീട്ടിലുള്ള പാത്രങ്ങൾക്കും മററുപകരണങ്ങൾക്കും പതിവുപോലുള്ള ഉപയോഗക്രമത്തിന് വല്ല അടിയന്തിരമോ മറേറാ വരുമ്പോൾ പല വ്യത്യാസങ്ങളും അറിഞ്ഞും അറിയാതേയും നല്ലപോലെ നിഷ്കൎഷമുള്ളവരുടെ കാൎയ്യത്തിലും വന്നുപോകുമല്ലോ. അതുപോലെ ഭാഷയുടെ വളൎച്ചയ്ക്കൊത്തവണ്ണവും പ്രവക്താവിൻെറ അറിവും ആവശ്യകതയും അനുസരിച്ചും പദഗതങ്ങളായ സങ്കേതങ്ങൾക്ക് വിവിധങ്ങളായ പരിണാമങ്ങൾ ലബ്ധപ്രതിഷ്ഠങ്ങളാകുന്നതിൽ സൂക്ഷ്മനിരീക്ഷകന്മാൎക്ക് സാംഗത്യം ദൎശിക്കുവാൻ കഴിയുന്നതാണ്.

ഒരു പദത്തിന് മൂലാൎത്ഥത്തോട് ഏതെങ്കിലും തരത്തിലുള്ള ബന്ധംകൊണ്ട് മററൎത്ഥങ്ങൾകൂടി ഉണ്ടാകുകയോ നൂതനമായ ഒരൎത്ഥത്തിൽ നിയമിതമായി മൂലാൎത്ഥം തിരസ്കൃതമാകുകയോ ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെ വിചിന്തനംചെയ്താൽ മാത്രമേ ഓരോ ഭാഷയി

ലേയും കോശഗ്രന്ഥങ്ങളിൽ സമുദ്ധരിക്കപ്പെട്ടിട്ടുള്ളവയോ അപ്രകാരം രേഖപ്പെടുത്തപ്പെടാതെ വ്യവഹാരത്തിൽ മാത്രം നിലകൊള്ളുന്നവയോ ആയ പദങ്ങളുടെ അൎത്ഥഭേദങ്ങൾ, ഭാഷയുടെ സജീവപ്രകൃതിയെ ലക്ഷീകരിക്കുന്നതായി നമുക്ക് ബോദ്ധ്യപ്പെടുകയുള്ളു. ഞായറാഴ്ച, തിങ്കളാഴ്ച എന്നീ പ്രയോഗങ്ങളിൽ ഞായർ, തിങ്കൾ എന്നീ വാക്കുകൾ യഥാക്രമം സൂൎയ്യനേയും ചന്ദ്രനേയും ആണ് കുറിക്കുന്നതെന്നു സ്പഷ്ടമാണല്ലൊ. ആ വാരങ്ങൾക്ക് സൂൎയ്യനോടും ചന്ദ്രനോടും ഉള്ള ബന്ധം ജ്യോതിശ്ശാസ്ത്രപ്രകാരം അറിയാത്തവരും അതാതുദിനങ്ങളുടെ പേരുകളായി ഞായർ, തിങ്കൾ എന്നീ പദങ്ങൾ പ്രയോഗിക്കുന്നു. ഞായർ എന്നതിനു നേരായി നേസർ പദമത്രെ സൂൎയ്യവാചിയായി കൎണ്ണാടകത്തിൽ കാണുന്നതു്. മലയാളത്തിലും തമിഴിലും 'സമയം' എന്ന അൎത്ഥത്തിൽ 'നേരം' എന്നു കാണുന്ന വാക്ക് സൂൎയ്യവാചിയായ പദത്തോട്ട് ബന്ധമുള്ളതാകുന്നു. കാലകൎത്താവോ കാലഗണനയ്ക്കു് പ്രമാണഭൂതനോ ആയ സൂൎയ്യനു് നേരത്തിനോട്ട് ആൎത്ഥികമായുള്ള ബന്ധം സുസ്പഷ്ടമത്രെ. ക്രൂഗ്ഗ്ഭാഷയിൽ 'നേര' എന്ന പദത്തിനു 'സൂൎയ്യൻ' എന്നും 'സമയം' എന്നും അൎത്ഥങ്ങൾ കാണുന്നുണ്ടു്. അതിനാൽ നേരം എന്ന പദത്തിനു് സൂൎയ്യാൎത്ഥകമായ പ്രകൃതിയോട്ട് ബന്ധമുണ്ടെന്നു് വ്യവസ്ഥാപിക്കാവുന്നതാണു്. നേസർ എന്നതിൽ രണ്ടു സ്വരങ്ങളുടെ ഇടക്കിരിക്കുന്ന സകാരം യകാരമായി മാറി നേയർ എന്നായിട്ട് നകാരത്തിനു് ഏകാരത്തിൻെറ സാന്നിധ്യത്താൽ താലവ്യാദേശം വന്നു് ഏകാരസ്വരം വിവൃത

മായി ആകാരമായിട്ട് ഞായർ എന്നുള്ള രൂപം സിദ്ധമാകുന്നു. അതുപോലെ 'നേസർ' എന്നതു് നേയർ എന്നായിട്ട് താലവ്യാദേശംവരാതെ 'യ' എന്നതിനു ലോപംവന്ന് നേർ എന്നായിട്ട് 'അം' എന്ന അംഗപ്രത്യയം ചേന്ന് നേരം എന്നുള്ള മറെറാരു രൂപത്തിലും ആയിത്തീരുന്നു. 'നേരം' എന്ന പദത്തിന് പൎയ്യായഭൂതമായ ഒരു പദമാണല്ലോ 'പൊഴുതു്'. ആ പദവും സൂൎയ്യാൎത്ഥകമായ ഒരു പ്രകൃതിയോട്ട് ബന്ധപ്പെട്ടതാണെന്നുള്ളതിന് തെലുങ്കിൽ, "സൂൎയ്യൻ, സമയം, ദിവസം, രാവിലെ" എന്നെല്ലാമൎത്ഥമുള്ള 'പ്രൊദ്ദു' എന്ന പദം കാണുന്നതു് അനിഷേധ്യമായ ഒരു തെളിവാണു് ചന്ദ്രവാചിയായ 'തിങ്കൾ' എന്ന പദത്തിന് 'മാസം' എന്നുള്ള അൎത്ഥം 'തിങ്ങൾക്കോപ്പു' 'തിങ്ങൾപ്പണം' ഇത്യാദിപ്രയോഗങ്ങളിൽ സിദ്ധമായിട്ടുണ്ടല്ലോ. മാസഗണനത്തിൽ ചന്ദ്രനുള്ള സ്ഥാനം ശ്രാവണം, പ്രോഷ്ഠപദം മുതലായ ചാന്ദ്രമാസസംജ്ഞകളിൽ നിന്നുതന്നെ സുഗ്രഹമാകുന്നതാണു്. ഇംഗ്ലീഷിൽ മാസാൎത്ഥകമായ 'Month' എന്ന പദത്തെ ചന്ദ്രവാചിയായ Moon എന്ന പദത്തോട്ട് ബന്ധമുള്ള Mona എന്ന പ്രകൃതിയിൽനിന്നും ശബ്ദശാസ്ത്രജ്ഞന്മാർ വ്യുൽപാദിപ്പിച്ചിരിക്കുന്നതു് ഒരു തുല്യനിദൎശനം എന്ന നിലയിൽ പ്രസ്താവ്യമത്രെ.

ഞായറാഴ്ച മുതലായി ദിനങ്ങളെ കുറിക്കുന്നിടത്തു് ആഴ്ച, 'ആധിപത്യം വഹിക്കുക' എന്ന അൎത്ഥത്തിലുള്ള 'ആളു്' എന്ന ധാതുവോട്ട് സംബദ്ധമാണെന്ന് വിചാരിക്കുവാൻ ന്യായമുണ്ട്. "ഇന്ന് ആഴ്ചയെന്തു്?" ഇത്യാദി

പ്രശ്നങ്ങളിൽ ദിനം എന്നുള്ള അർത്ഥം ആഴ്ച എന്ന പദത്തിന് പ്രത്യേകമായിത്തന്നെ കല്പിതമായിരിക്കുന്നു. ഏഴു ദിവസങ്ങൾ കൂടിയകാലം എന്നുള്ള അർത്ഥം ആഴ്ച എന്നതിന് സംകേതിതമായിത്തീർന്നതു് അർത്ഥപരമായ വികാസത്തെ ഉദാഹരിക്കുന്നതായി പറയാം. 'ആഴ്ചപ്പതിപ്പു്', 'ആഴ്ചയിൽ രണ്ടുതവണ' എന്നു തുടങ്ങിയ വ്യവഹാരങ്ങളിൽ മേൽ വിവരിച്ച അർത്ഥവികാസം സ്പഷ്ടമാണല്ലോ. സംസ്കൃതത്തിലെ 'വാരം' എന്ന പദത്തേയും ആഴ്ച എന്നതുപോലെ രണ്ടത്ഥങ്ങളിലും മലയാളഭാഷയിൽ പ്രയോഗിക്കാറുണ്ടു്. ഉടുപ്പു് എന്ന വാക്ക് 'ഉടുക്കുക' എന്ന ക്രിയയോടു ബന്ധപ്പെട്ടതായതുകൊണ്ടു് 'ഉടുമുണ്ടു്' എന്നുള്ള അത്ഥത്തിലാണ് ആദ്യം ശക്തമായിത്തീർന്നതെന്നു് വിചാരിക്കാം. എന്നാൽ ഇപ്പോൾ കുപ്പായം എന്നുള്ള അത്ഥത്തിൽ ഉടുപ്പു് എന്നുള്ള പദം നിയന്ത്രിതമായിപ്പോയിരിക്കുന്നു. ഇങ്ങനെ ശബ്ദപരമായ അത്ഥവികാസത്തിന്റെ അനുഗ്രഹത്താൽ പ്രസവിക്കാത്ത സ്ത്രീകളുംകൂടി അമ്മമാരും, വയസ്സന്മാരെല്ലാം ചുമ്മാതെ അമ്മാവന്മാരും ചുമ്മാതെ അപ്പൂപ്പന്മാരും ആയിത്തീരുന്നുണ്ടല്ലോ. കുഞ്ഞുങ്ങളുള്ള ഭവനത്തിൽ ചെല്ലുന്ന ഒരു മാന്യൻ അവരുടെ ഒരു 'മാമൻ' ആണെന്നുള്ള നിലയിൽ മാതാപിതാക്കളാൽ പരിചയപ്പെടുത്തപ്പെടുവാൻ ഇടയായിത്തീരുന്നതു് ഇവിടങ്ങളിൽ അസാധാരണമല്ല. ഇംഗ്ലീഷിലെ 'സർ' എന്ന പദത്തിന് മലയാളത്തിൽ 'സാർ' എന്നുള്ള രൂപഭേദത്തോടുകൂടി അധ്യാപകൻ എന്നുള്ള അർത്ഥവും ഉണ്ടായിത്തീർന്നിട്ടുണ്ടല്ലോ.

ഒന്നിലധികം പദങ്ങൾ ചേൎന്നുള്ള സംഘാതത്തിന് പ്രയോഗംകൊണ്ടുണ്ടാകുന്ന പ്രഹേതാൎത്ഥത്വം അൎത്ഥവിപരിണാമസിദ്ധാന്തത്തിൽ നിന്നും വിഭിന്നമായ നിലയിൽ പരിചിന്തിക്കപ്പെടേണ്ടതാണ്. പമ്പകടക്കുക, അടിയറവു പറയിപ്പിക്കുക, തലയിൽക്കൂടി വണ്ടിഓട്ടുക, പുളിശ്ശേരി കുടിക്കുക, ദീപാളികുളിക്കുക മുതലായ ശൈലികൾ, അവയുടെ വാച്യാൎത്ഥത്തെ പാടേ ഉപേക്ഷിച്ച് സാജാത്യമോ സാദൃശ്യമോ സാഹചൎയ്യമോ മററോ ഉള്ള ഏതെങ്കിലും അൎത്ഥത്തിൽ നിയമിതമായിപ്പോയിട്ടുണ്ടെങ്കിലും അവയുടെ സംഘാതത്തിനല്ലാതെ ഘടകപദങ്ങൾക്ക് പ്രത്യേകമായി അൎത്ഥഭേദം വന്നിട്ടില്ല. ബസ്സിലും ബോട്ടിലും മററും യാത്ര ചെയ്യുമ്പോൾ, 'നാലു നെടുമങ്ങാടിറങ്ങി', 'ഏഴ് ആലപ്പുഴ കയറിയിട്ടുണ്ട്' എന്നൊക്കെ നമുക്ക് കേൾക്കുവാൻ ഇടവന്നിരിക്കുമല്ലോ. അവിടെ അതാതു സ്ഥലങ്ങളിൽ പോകുന്ന യാത്രക്കാരെ ഉദ്ദേശിച്ച് പ്രയുക്തമാകുന്ന അത്തരം വ്യവഹാരങ്ങൾ, 'നില്ക്കുന്നു,' 'കയറിയിട്ടുണ്ടു' മുതലായ ചേതനസാദ്ധ്യങ്ങളായ ക്രിയകളുടെ സാന്നിദ്ധ്യത്താൽ അവയോട് അടുത്ത ബന്ധമുള്ള അൎത്ഥങ്ങളിൽ ശക്തങ്ങളായിത്തീരുന്നു. സംസ്കൃതത്തിൽ 'മഞ്ചാഃ ക്രോശന്തി'(മഞ്ചങ്ങൾ മുളുന്നു), 'കുന്താഃ പ്രവിശന്തി' (കുന്തങ്ങൾ പ്രവേശിക്കുന്നു) മുതലായ പ്രയോഗങ്ങളിൽ മഞ്ചപദത്തിനു മഞ്ചവാഹികൾ എന്നും കുന്തപദത്തിന് കുന്തധാരികൾ എന്നും മററും ഉള്ള അൎത്ഥത്തിൽ ലക്ഷണ കല്പിക്കപ്പെടുന്നതുപോലെയാണു് മേല്ക്കാണിച്ച പ്രയോഗങ്ങളിലും ഉപപത്തികാണേണ്ടതെന്ന് പറയേണ്ടതില്ലല്ലോ.

പദാന്തരസാഹചര്യാദികൾകൊണ്ട് സംഭവിക്കുന്ന ആ അത്ഥഭേദവും പൃഥക്പ്രയോഗത്തിന് വിഷയമാകാത്തതിനാൽ ശൈലികളിൽ പ്രത്യക്ഷമാകുന്ന അത്ഥവിപരിണാമനയത്തെ അനുസരിക്കുന്നതേയുള്ളു. ഭാഷയിൽ സ്വകീയങ്ങളോ പരകീയങ്ങളോ ആയ പദങ്ങളിൽ പ്രയോഗവൈവിധ്യം കൊണ്ട് സംജാതമായിട്ടുള്ളതും ഓരോ പദത്തിൻെറയും പ്രത്യേകമായ ഗ്രഹണത്തിൽ തന്നെയും സംകേതരൂപമായ ശക്തികൊണ്ട് സ്ഫുരിക്കുന്നവയും ആയ അത്ഥപരങ്ങളായ ഹ്രാസവികാസങ്ങളെ കുറിച്ചു മാത്രമേ ഇവിടെ ചിന്തിക്കുന്നുള്ളു.

ഏതു ഭാഷയിലെ കോശഗ്രന്ഥം പരിശോധിച്ചാലും ഒരേ പദത്തിന് ഈഷദ്ഭിന്നങ്ങളായ അനേകം അത്ഥങ്ങൾ വ്യവഹാരത്തിൽ വന്നിട്ടുള്ളതിനെ പ്രായേണ നിരീക്ഷണംചെയ്തു രേഖപ്പെടുത്തിയിട്ടുള്ളതായിക്കാണാം. സ്വകീയശബ്ദങ്ങളുടെ ഉച്ചാരണത്തിലും ലിപിവിന്യാസത്തിലും അർത്ഥകല്പനത്തിലും അംഗീകരിക്കുന്ന പരിണതികളെ പരിഗണിക്കുമ്പോൾ പരകീയശബ്ദവിഷയകമായി നാം പുലത്തുന്ന മനോഭാവം പല അംശങ്ങളിലും വ്യത്യസ്തമായി കാണുവാൻ കഴിയും. വസ്തുസ്ഥിതി ആലോചിച്ചുനോക്കുന്നതായാൽ ഈ വ്യത്യസ്തമായ വീക്ഷണം ഒട്ടും കാര്യകാരിയല്ലെന്ന് വ്യക്തമാകും. നമ്മുടെ ഭാഷയിലുള്ള ശബ്ദഭണ്ഡാഗാരത്തിൽ എത്രയോ ഭാഷകളിൽനിന്നും കണക്കില്ലാത്ത പദങ്ങൾ പല കാലങ്ങളിലും പല കാരണങ്ങളാലും കടന്നുകൂടിയിട്ടുണ്ട്. അവയെ എല്ലാം ഇന്ന ഇന്നഭാഷയിൽനിന്നും വന്നിട്ടുള്ളതാണെന്നുള്ള വിവേചന

ബുദ്ധിതോട്ടുകൂടിയേ പ്രയോഗിക്കാവൂ എന്ന് ശഠിക്കുന്നത് ഏതെങ്കിലും തരത്തിൽ യുക്തമാകുന്നതാണോ?

നാം ഏതു ഭാഷയിൽനിന്നും ആ വക പദങ്ങളെ ഗ്രഹിച്ചുവോ അവയുടെ പ്രക്രിയയും മൂലാർത്ഥവും ഗ്രഹിച്ച് അണുവും ഭേദംവരാത്തവണ്ണം അതേ രൂപത്തിലും അതേ അർത്ഥത്തിലും പ്രയോഗിച്ചുകൊള്ളണമെന്നുള്ള നിയമവും അസ്ഥാനത്തിലാണ്. ആ ഭാഷകൾ ജീവദ്ഭാഷകൾ ആയിരുന്നാൽ നാം എപ്പോൾ പദങ്ങളെ സ്വീകരിച്ചുവോ അതിനുശേഷം അവിടെത്തന്നെ പല വിപരിണാമങ്ങളും സംഭവിച്ചിരിക്കാം. അതുകൊണ്ട് നമ്മുടെ ഭാഷയിലുള്ള പ്രയോഗപ്രാചുര്യത്തെ ആസ്പദമാക്കി രൂപത്തിനും അർത്ഥത്തിനും വ്യവസ്ഥിതിയേർപ്പെടുത്തുന്നതാണ് അഭിലഷണീയമായിട്ടുള്ളതെന്ന് പറയേണ്ടതില്ലല്ലൊ.

അർത്ഥവിപരിണാമസിദ്ധാന്തത്തിന് സ്വകീയശബ്ദങ്ങളിലും പരകീയശബ്ദങ്ങളിലും തുല്യമായ അനുപ്രവേശമാണുള്ളതെങ്കിലും ഭൂപരിക്ഷം പ്രയോക്താക്കളെ സംബന്ധിച്ചിടത്തോളവും പരകീയശബ്ദങ്ങളുടെ അവയവാർത്ഥം ദുർഗ്രഹമായതിനാൽ അവയുടെ അർത്ഥത്തിൽ ഹ്രാസവികാസങ്ങൾ മിക്കവാറും നിയന്ത്രണാതീതങ്ങളും അതിമാത്രം വ്യാകുലങ്ങളും ആയിത്തീർന്നേക്കാമെന്നുള്ളത് പ്രത്യേകം ശ്രദ്ധയെ അർഹിക്കുന്നു. സംസ്കൃതഭാഷാപദങ്ങൾക്ക് മലയാളികളുടെ പ്രയോഗത്തിൽ ഉണ്ടായിട്ടുള്ളതുപോലെ അർത്ഥഭേദങ്ങൾ മറേറതെങ്കിലും ഭാഷയിൽ സംഭവിച്ചിട്ടുണ്ടോ എന്നുള്ളത് സംശയമാണ്. സംസ്കൃതം ഒരു ഗ്രന്ഥഭാഷയായിരിക്കുന്ന സ്ഥിതിക്ക് പൂർവ്വകവികളു

ടെ കൃതികളിൽ കാണുന്ന അർത്ഥങ്ങളിൽ കവിഞ്ഞു് അ താതുപദങ്ങൾക്ക് അർത്ഥവ്യാപ്തി വരുവാൻ ഇടയില്ലാത്ത വണ്ണം പരിക്ഌപ്തിയുണ്ട്. നേരെമറിച്ച് ഭിന്നമായ ഒരു നൂതനാർത്ഥത്തിൽ ഏതെങ്കിലും പദം പ്രയുക്തമാകുന്ന പക്ഷം സംസ്കൃതത്തിൽ അതു് സമ്മതമാകുന്നതല്ല. ഒരു അല്പപക്ഷത്തിന് സംസ്കൃതഭാഷയിൽ ഗാഢമായ പാണ്ഡിത്യം സമ്പാദിക്കുവാൻ കഴിഞ്ഞു എന്നു വന്നാൽ തന്നെയും മലയാളികളുടെ പൊതുവേയുള്ള വ്യവഹാരരീതിയെ തടഞ്ഞു് സംസ്കൃതത്തിൽനിന്നു് സ്വീകൃതങ്ങളായ പദങ്ങളെ രൂപത്തിലും അർത്ഥത്തിലും അക്ഷതങ്ങളായി പരിപാലിക്കുക സാദ്ധ്യമല്ല.

വളമില്ലാത്ത നിലത്തുനിന്നും ഒരു വിത്തെടുത്തു് അനുകൂലമായ പരിതഃസ്ഥിതിയിൽ നിക്ഷേപിച്ചാൽ വളർച്ചയിൽ വ്യത്യാസം വരുന്നതു് സ്വാഭാവികമാണല്ലൊ. അതുപോലെയാണു് ഒരു ജീവദ്ഭാഷയിൽ സ്ഥാനം നേടിയ ഇതരഭാഷാപദത്തിന്റെയും അവസ്ഥ. വായ്മൊഴിയിലെന്നപോലെ വരമൊഴിയിലും ലബ്ധപ്രതിഷ്ഠങ്ങളായ ഒട്ടനേകം സംസ്കൃതപദങ്ങൾ മൂലാർത്ഥത്തിൽനിന്നു് ബഹുധാ ഭേദം ആവഹിക്കുന്നവയാണു്. വർത്തമാനം, സംസാരം, അവകാശം, അവധി, ഉദ്യോഗം, യജമാനൻ, വിവരം, പ്രസ്ഥം, ഭംഗി, കല്യാണം, സംബന്ധം, പരോശം (Colloquial), ആവശ്യം, ഭാഗവതർ, സാവധാനം, ശിക്ഷ എന്നു തുടങ്ങിയ വാക്കുകൾക്ക് മലയാളത്തിൽ ഉണ്ടായിട്ടുള്ള ഭിന്നാർത്ഥകത്വം മിക്കവാറും ഉറച്ചുപോയിരിക്കുന്നുവെന്നുതന്നെ പറയാം. സംസ്കൃതപദങ്ങ

ളെ മൂലാർത്ഥത്തിന് ഭേദം കൂടാതെ പ്രയോഗിക്കണമെന്ന് ചിലർ ശഠിക്കുന്നതായി കണ്ടിട്ടുണ്ടെങ്കിലും മുൻകാലത്ത് ഇറക്കുമതിചെയ്തിട്ടുള്ള ചരക്കുകളുടെ കാര്യത്തിൽ യാതൊരു വിപ്രതിപത്തിയും പ്രദർശിപ്പിക്കുന്നില്ല. അതേ നയം ആധുനികദശയിൽ തിരസ്കൃതമാകുന്നതിലോ അപലപിക്കപ്പെടുന്നതിലോ എന്തൊരു സാംഗത്യമാണ് പറയുവാൻ കഴിയുന്നത് ? ഒരാളുടേയോ ഏതാനും ചിലരുടേയോ പ്രയോഗത്തെ ആസ്പദമാക്കി അർത്ഥഭേദം അനുവദിക്കപ്പെടണമെന്നല്ല ഇവിടെ പ്രസ്താവിക്കുന്നതെന്നും ഒരു ശബ്ദം പ്രയോഗപ്രാചുര്യം നേടിക്കഴിഞ്ഞാൽ അതിന്റെ സമ്മതിയെക്കുറിച്ച് സംകുചിതബുദ്ധി പ്രദർശിപ്പിക്കുന്നത് നിഷ്പ്രയോജനമാണെന്ന് ചൂണ്ടിക്കാണിക്കുകയാണെന്നും വ്യക്തമായിരിക്കുമല്ലൊ.

വ്യുത്പന്നങ്ങളായ പദങ്ങളുടെ അവയവാർത്ഥവിജ്ഞാനം വിവക്ഷിതത്തെ ഏററക്കുറച്ചിൽ കൂടാതെ പ്രകടിപ്പിക്കുന്നതിന് ഉചിതങ്ങളായ പദങ്ങളെ തിരഞ്ഞെടുക്കുന്നതിൽ അത്യന്തം സഹായകമാണ്. നിഷ്കർഷപൂർവകമായ ശബ്ദപ്രയോഗം പാണ്ഡിത്യത്തിന്റെ ഉത്തമലക്ഷ്യവുമാകുന്നു. പക്ഷേ ഭാഷയുടെ പുരോഗതിയിൽ ശ്രദ്ധപതിപ്പിക്കാതെ, എപ്പോഴും ശബ്ദങ്ങളുടെ പ്രകൃത്യർത്ഥത്തിലേക്ക് പ്രതിഗമനം ചെയ്യുവാൻ ആയാസപ്പെടുന്നത് അനാശാസ്യമത്രെ. പ്രാചീനന്മാരായ അർത്ഥചിന്തകന്മാർതന്നെ അവ്യുത്പന്നങ്ങളായ രൂഢശബ്ദങ്ങൾക്കും വ്യുത്പന്നങ്ങളായ യൌഗികശബ്ദങ്ങൾക്കും പുറമേ യോഗരൂഢങ്ങളായി പങ്കജാദിശബ്ദങ്ങളെ നിരീക്ഷണംചെ

ശ്ലത്ത് ഹ്രാസവും വികാസവും അർത്ഥത്തിൽ ഉണ്ടാകുമെന്നും അവ പ്രയോഗത്തിൽ നിന്നും വിജ്ഞേയങ്ങളാണെന്നും നിർവിശങ്കം വിശദീകരിക്കുന്നു.

അർത്ഥത്തിന്റെ പരിവർത്തനം ചിലയിടത്ത് വ്യക്തവും മററു ചിലയിടത്ത് കാരണാന്തരംകൊണ്ട് കല്പനീയവുമായിരിക്കാം; മദ്ധ്യഘട്ടങ്ങൾ അവിജ്ഞാതങ്ങളാകുന്ന പക്ഷം പ്രകരണംകൊണ്ടുമാത്രം നിശ്ചയിക്കപ്പെടേണ്ടതായിത്തീരുന്നു. ഒരു ആശയത്തിന്റെ പ്രകടനത്തിന് സമുചിതമായ പദം പെട്ടെന്ന് കിട്ടാതെ വരുമ്പോൾ അതിനോട് ഏതാണ്ട് അടുപ്പമുള്ള പദം പ്രയുക്തമാകുന്നതും, അശ്രദ്ധകൊണ്ട് നിഷ്കർഷം പരിത്യജിക്കപ്പെടുന്നതും, ഗോപനീയതയ്ക്കു വേണ്ടി സ്പഷ്ടാർത്ഥകങ്ങളായ പദങ്ങളെ ഉപേക്ഷിച്ച് കേവലം തത്സൂചകങ്ങളായ പദങ്ങളെ ഗ്രഹിക്കുന്നതും ഉയന്ന നിലയിലുള്ളവരോട് ആദരവും ആപേക്ഷികമായി തങ്ങൾക്കുള്ള താഴ്മയും കാണിക്കുന്നതിനു വേണ്ടി ഭംഗ്യന്തരോക്തിയെ ആശ്രയിക്കുന്നതും എല്ലാം അർത്ഥവിപരിണാമത്തിനുള്ള വിഭിന്നങ്ങളായ ഉപാധികളാകുന്നു. വർത്തമാനം, സംസാരം തുടങ്ങി മേല്ക്കാണിച്ച ഉദാഹരണങ്ങളെ പരിശോധിക്കുന്ന പക്ഷം സൂക്ഷ്മമോ സ്ഥൂലമോ ആയ ഏതെങ്കിലും ഒരു ബന്ധം അവയുടെ മൂലാർത്ഥത്തോട് ഉള്ളതായി കാണാമല്ലൊ. 'നടന്നുകൊണ്ടിരിക്കുന്നത്' എന്ന് അർത്ഥമുള്ള 'വർത്തമാനം' എന്ന വാക്ക്, 'സംഭാഷണം', 'വൃത്താന്തം' എന്നീ അർത്ഥങ്ങളിൽകൂടി സങ്കേതിതമായി. ജനനമരണാത്മകമായ

സംസാരത്തിനും രണ്ടു പേർ തമ്മിലുള്ള സംഭാഷണത്തിനും ലൗകികബന്ധം ആകുന്ന സാധാരണ്യമേയുള്ളു. 'ദ്വാരം' അല്ലെങ്കിൽ 'ഇട' എന്ന അൎത്ഥത്തിലുള്ള 'അവകാശ'ത്തിനും സ്വത്തിലുള്ള 'അവകാശ'ത്തിനും രണ്ടു തരത്തിൽ പ്രവേശനാനുകൂലത സ്പഷ്ടമാണല്ലോ. 'അവധി' എന്നതിന് സംസ്കൃതത്തിൽ 'അതിര്' എന്നുള്ള അൎത്ഥവും 'ഒഴിവ്' എന്ന് മലയാളത്തിൽ വന്നിട്ടുള്ള അൎത്ഥവും പൌൎവ്വാപൎയ്യരൂപമായ പരിധിയെ ആശ്രയിക്കുന്നതുകൊണ്ട് ബദ്ധങ്ങളാകുന്നു. 'ഉദ്യോഗ'ത്തിൽ ഉദ്ദിഷ്ടമായ 'ഒരുക്കവും', 'ഉദ്യോഗ'ത്തിന് (ജോലിക്ക്) ആവശ്യം തന്നെ. യാഗം നടത്തുന്നവനായ 'യജമാന'നുള്ള ബഹുമതി മേലുദ്യോഗസ്ഥന്മാരോ മറേറാ ആയ യജമാനന്മാൎക്കും മററുള്ളവർ വകവെച്ചു കൊടുക്കുന്നു. 'ദ്വാരം' എന്നുള്ള അൎത്ഥത്തിൽ നിന്നും 'വിവര'ത്തിന് 'വ്യക്തമായ സ്ഥിതിഗതികൾ', 'വകതിരിവ്', 'പഠിപ്പ്' മുതലായ അൎത്ഥങ്ങൾ വിവൃതിയുടെ സഹജാതങ്ങളാകയാൽ സംഭാവ്യങ്ങളത്രെ. 'പുച്ഛ'ത്തിന് (വാലിന്) പൃഷ്ഠസ്ഥിതികൊണ്ട് അല്പം പുച്ഛിക്കത്തക്ക നില ഉള്ളതിനെ ആസ്പദമാക്കി ആ പദത്തിന് പരിഹാസരൂപമായ അൎത്ഥം കൂടി പ്രയോഗത്താൽ വന്നുചേൎന്നു. ഇതുപോലെ, 'വേഷവൈചിത്ര്യം, മംഗലം, ചേൎച്ച, അസ്വാതന്ത്ര്യം, ഭഗവദ്ഭക്തന്മാർ, സശ്രദ്ധം, പരിശീലനം എന്ന് യഥാക്രമം അൎത്ഥങ്ങളുള്ള ഭംഗി, കല്യാണം, സംബന്ധം, പരോശം (coll.) ഭാഗവതർ, സാവധാനം (പതുക്കെ), ശിക്ഷ (നല്ലത് cf. പാട്ട് ശിക്ഷയായി) ഇത്യാദികളായ വാക്കുകൾ പ്രാപിച്ചിട്ടുള്ള അൎത്ഥവിപരിണാമം ഉപപന്നമാണെന്ന് കാണാവുന്നതാണ്.

പ്രാസംഗികൻ എന്ന വാക്ക് തെററാണെന്നും പ്രസഞ്ജകൻ എന്നൊ പ്രസംഗകൻ എന്നോ മറേറാ ഉള്ള

നിലയിൽ അതു് മാററപ്പെടേണ്ടതാണെന്നും ചിലർ വാദിക്കുകയും അതനുസരിച്ചു് പത്രപംക്തികളിലും സമാജകാര്യപരിപാടികളിലും ചിലപ്പോഴൊക്കെ പ്രാസംഗികൻെറ സ്ഥാനത്തിൽ പ്രസഞ്ജകനും പ്രസംഗകനും സ്ഥാനം പിടിക്കുകയും ചെയ്തിട്ടുണ്ടല്ലോ. പ്രസംഗം എന്ന വാക്കിനു തന്നെ പ്രഭാഷണം എന്ന അർത്ഥം ഇല്ലാത്ത സ്ഥിതിക്കു് പ്രസംഗത്തിനും പ്രാസംഗികനും അടിസ്ഥാനമായ ധാതുവിനെ സമാശ്രയിച്ചു് ഒരു പദം പ്രഭാഷകൻ എന്നുള്ള അൎത്ഥത്തിൽ സൃഷ്ടിക്കുന്നതിൻെറ അയുക്തത സുവിശദമാണല്ലോ. പ്രാസംഗികൻ എന്നുള്ള പദം ആഗന്തുകൻ എന്നുള്ള അൎത്ഥത്തിൽ സംസ്കൃതത്തിൽ നിഷ്പന്നമാണു്. ചുരുക്കത്തിൽ പ്രസംഗവും പ്രാസംഗികനും സംസ്കൃതത്തിൽ നിന്നും അൎത്ഥവ്യത്യാസത്തോടെ ഗ്രഹിക്കപ്പെട്ടിരിക്കുന്നുവെന്നു പറയണമെന്നല്ലാതെ നിഷ്പ്രയോജനമായ അനുപപത്തി ആശങ്കിക്കുന്നതു് അസ്ഥാനത്തിലാണെന്നുമാത്രം പ്രസ്താവിച്ചുകൊള്ളട്ടെ. ഈ നിലയ്ക്കു് 'സഹായം', 'ഉദ്ദേശം', ക്ഷണം അല്ലെങ്കിൽ ക്ഷണനം എന്നിങ്ങനെ പ്രയോഗപ്രാചുര്യം സിദ്ധിച്ചിട്ടുള്ള വാക്കുകൾ പരിത്യജിച്ചിട്ടു് സാഹായ്യത്തിനും ഉദ്ദേശ്യത്തിനും നിമന്ത്രണത്തിനും മററും തേടിപ്പോകേണ്ട ആവശ്യമുണ്ടെന്നും തോന്നുന്നില്ല.

നമ്മുടെ ഭാഷയിൽ വ്യവഹാരബാഹുല്യം സിദ്ധിച്ചിട്ടുള്ള ഏതാനും പരകീയശബ്ദങ്ങളെ അവയിൽ വന്നിട്ടുള്ള അർത്ഥഭേദത്തോടുകൂടി ഒരു പട്ടികയായി പ്രദർശിപ്പിക്കുന്നതു്, ഭാഷയൊട്ടുക്കു് വ്യാപിച്ചുകിടക്കുന്ന അൎത്ഥവിപരിണാമസിദ്ധാന്തത്തെ ആരാഞ്ഞറിഞ്ഞു് ഏതദ്വിഷയകമായ ഉപരിചിന്തനത്തിനു് പ്രയോജകീഭവിക്കുമെന്നു് വിശ്വസിക്കുന്നു :—

| അന്യഭാഷ | | | മലയാളം | |
|---|---|---|---|---|
| | ശബ്ദം | അർത്ഥം | ശബ്ദം | അർത്ഥം |
| സംസ്കൃതം | അഭ്യാസ– | repeated study | അഭ്യാസം | gymnastics |
| | അമൃത– | ambrosia | അമൃതത്ത് | royal meal |
| | അംബഷ്ഠ– | a man of the medical caste | അമ്പട്ടൻ | barber |
| | ആഭാസ– | semblance, fallacious appearance | ആഭാസം | low, vulgar |
| | ആലസ്യ– | want of energy | ആലസ്യം | sickness of kings |
| | ഉദ്യോഗ– | the act of undertaking anything | ഉദ്യോഗം | job, employment |
| | ഏഷണ– | the act of seeking, proving | ഏഷണി | back-biting, calumny |
| | കക്ഷാപട– | cloth passed between the legs to cover the privities | കച്ചവടം | commerce, trade |
| | കല്യാണ– | prosperity, happiness | കല്യാണം | marriage |
| | കഷ്ടി– | pain, trouble | കഷ്ടി | strait, scantiness |
| | കുസുംഭ– | outward affection | കുശുമ്പ് | envy |
| | തർക്ക– | reasonig, speculating | തർക്കം | dispute, altercation |
| | താമസ– | appertaining to the quality 'tamas' | താമസം | delay |
| | ദാഹ– | internal heat | ദാഹം | thirst |

| അന്യഭാഷ | | | മലയാളം | |
|---|---|---|---|---|
| | ശബ്ദം | അർത്ഥം | ശബ്ദം | അർത്ഥം |
| സംസ്കൃതം | നിർവാണ– | final emancipation | നിർമ്മാണം | nudity (a secondary sense derived from the naked state of mendicants cf. Kanarese നിർവാണി person who goes naked and who is exonerated while living, from future birth & ritual ceremonies.) |
| | പരിഷ്കാര– | ornament, decoration | പരിഷ്കാരം | civilization |
| | ഫലാഹാര– | living on fruit | പലഹാരം | sweetmeat |
| | പിത്ത– | bile | പിച്ച് | madness |
| | പ്രാവിശ്യ– | to be resorted to | പ്രാവിശ്യം | turn, time |
| | പീഠിക– | stool, bench | പീഠിക | shop |
| | ഫലിത– | producing consequences | ഫലിതം | wit, humour |
| | ബംഭര– | bee | പമ്പരം | spinning top |
| | വരാഹ– | boar | വരാഹൻ | a gold coin (bearing the stamp of a boar) |
| | വാണിജ– | merchant | വാണിയൻ | oilmonger |

| | അന്യഭാഷ | | മലയാളം | |
|---|---|---|---|---|
| | ശബ്ദം | അർത്ഥം | ശബ്ദം | അർത്ഥം |
| സംസ്കൃതം | രണ്ഡ– | hard excrement | അരണ്ടം | elephant-dung |
| | ഷഡംഗ– | the six works auxiliary to the Veda | ചടങ്ങ് | ritual |
| | ശുണ്ഠി– | ginger | ശുണ്ഠി | anger |
| | സന്ധാ | junction | ചന്ത | market |
| | സിദ്ധാന്ത– | doctrine | സിദ്ധാന്തം | stubbornness |
| | സാവധാന– | attention | സാവധാനം | delay |
| പ്രാകൃതം | അത്ഥാണീ | assembly, meeting-house | അത്താണി | porter's rest |
| | ആണാ | command | ആണ | swearing |
| | ഖേമ– | well-being | കേമം | excellent |
| | കൊട്ഠാര– | granary | കൊട്ടാരം | palace |
| | പാവട | mantle, cloak | പാവാട | skirt |
| | രാഅഉത്ത– | a Rajaput | രാവുത്തൻ | a class of northern Mohammedans |
| | വക്ഖാണ– | commenting, expounding | വക്കാണം | dispute, quarrel |
| | വിയക്ക– | fancy, imagination | വ്യാക്ക് | wish of pregnant women |

| അന്യഭാഷ | | | മലയാളം | |
|---|---|---|---|---|
| | ശബ്ദം | അർത്ഥം | ശബ്ദം | അർത്ഥം |
| ഹിന്ദി | ജഗന്നാഥ് | The place called Jagannath | ജഗന്നാഥൻ | a kind of cloth manufactured in the mills of Jagannath |
| | പാംഖ് | side, party | പാങ്ങ് | means |
| | സേഠ് | merchant | സേട്ട് | a wealthy Muslim merchant |
| മറാഠി | ശീമാ | boundary, foreign land | ശീമ | foreign land cf. മറുശീമ; now used in the restricted sense of England |

ഭാഷ വിപുലമായ ജനസമൂഹത്തിൽപെട്ട വ്യക്തികളാൽ സർവാത്മനാ സമാദരിക്കപ്പെടുന്നതിനാൽ ദൈനംദിനം അഭിവൃദ്ധിയും പരിഷ്കൃതിയും പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഭാഷയുടെ സജീവശക്തിയെ നിരീക്ഷണംചെയ്യുന്നതിനാണ് ശബ്ദശാസ്ത്രജ്ഞന്മാർ വിവിധങ്ങളായ മാർഗ്ഗങ്ങളിലൂടെ പരിശ്രമിക്കുന്നത്. അവിസ്തീർണ്ണങ്ങളായ ജനപരമ്പരകളുടെ വ്യാപൃതികളും വ്യാഹൃതികളും വിഷയമായ നിഖിലപ്രയത്നങ്ങളിലും പരമമായ പ്രാധാന്യം അർഹിക്കുന്ന ഭാഷയിൽ അനുപ്രവേശിച്ചിരിക്കുന്ന പൊരുളിന്റെ വിളയാട്ടം അറിയുന്തോറും താത്ത്വികമായ ചിന്ത പ്രബലീഭവിക്കുന്നു.

---

V

# ഒരു താമ്രശാസനം

കേരളചരിത്രഗവേഷകന്മാരുടെ സവിശേഷമായ ശ്രദ്ധയ്ക്കു് വിഷയീഭവിക്കുവാൻ ഇടയായിട്ടുള്ള പ്രാചീന പ്രമാണങ്ങളുടെ കൂട്ടത്തിൽ പലതുകൊണ്ടും പ്രാധാന്യം അർഹിക്കുന്ന ഒന്നാണു്, 'ശ്രീ വീരരാഘവചക്രവത്തിപ്പട്ടയം.' പാശ്ചാത്യരും പൗരസ്ത്യരും ആയ ഒട്ടനേകം പണ്ഡിതന്മാർ പ്രസ്തുതരേഖയെപ്പററി ഏറിയൊരുകാലത്തെ പരിശ്രമത്തിൻെറ ഫലമായി പല പുതിയ രഹസ്യങ്ങളും വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ടെങ്കിലും അവ നമ്മെ പരിപൂൎണ്ണമായും തൃപ്തിപ്പെടുത്തുവാൻ അസമത്ഥങ്ങളായിട്ടാണിരിക്കുന്നതു്. അതിനാൽ ഈ വിഷയത്തിൽ പൂർവഗാമികളെ തുടൎന്നു് മേല്ക്കുമേൽ അന്വേഷണം നടത്തേണ്ടതു് നമ്മുടെ ഒഴിച്ചു കൂടാത്ത കടമയാകുന്നു. ദേശചരിത്രവും ഭാഷാചരിത്രവും ഏതാദൃശങ്ങളായ പ്രാചീന രേഖകളുടെ സമുചിതജ്ഞാനത്താലാണു് പ്രകാശമാനങ്ങളായിത്തീരുന്നതു് എന്നുകൂടി വിചാരിക്കുമ്പോൾ അവയെ ആസ്പദമാക്കിച്ചെയ്യുന്ന നിരൂപണങ്ങൾ നമുക്കു് വിവിധങ്ങളായ പ്രയോജനങ്ങളെ ഉളവാക്കുവാൻ ഉപകരിക്കുമെന്നു് വിശിഷ്യ പറയേണ്ടതില്ലല്ലോ.

'ശ്രീവീരരാഘവചക്രവത്തിപ്പട്ടയം' എന്നു് പ്രസിദ്ധമായ ആ താമ്രശാസനം വട്ടെഴുത്തു ലിപിയിൽ അങ്കി

തമായിട്ടുള്ളതാണ്. അതിലെ ഉള്ളടക്കത്തെ ചുവടെ പകർത്താം :—

ഹരി ശ്രീ മഹാഗണപതേ നമ ശ്രീ പൂപാലനരപതി വീര കേരളശക്രവർത്തി ആതിയായി മുറമുറൈയേ പല നൂറായിരത്താൺടു ചെങ്കോൽ നടത്തായി നിൻറ ശ്രീവീരരാഘവശക്രവർത്തിക്കു തിരുവിരാച്ച്യമ് ചെല്ലായിനിൻറ മകരത്തുൾവിയാഴമ് മീനഞായറു ഇരുപത്തൊൻറു ചെൻറ ചനിരോഹണിനാൾ പെരുങ് കോയിലകത്തിരുന്തരുള മകോതൈയർ പട്ടിണത്തു ഇരവികോർത്തനനായ ചേരമാൻ ലോകപ്പെരുഞ് ചെട്ടിക്കു മണിക്കിരാമ പട്ടങ് കുടുത്തോമ് വിളവാടൈയുമ് പാവനത്താങ്കുമ് പെറുപേറുമ് കടുത്തു വളെഞ് ചിയമുമ് വളഞ്ചിയത്തില് തനിച്ചെട്ടുമ് മുർച്ചൊല്ലുമ് മുർനെടയുമ് പഞ്ചവാദ്യമുമ് ശംഖുമ് പകൽവിളക്കുമ് പാവാടയുമ് ഐന്തോളമുമ് കൊററക്കുടയുമ് വടുകപ്പറയുമ് ഇടുപടി തോരണമുമ് നാലുചേരിക്കുമ് തനിച്ചെട്ടുമ് കുടുത്തോമ് വാണിയരുമ് ഐംകമ്മാളരെയുമ് അടിമകുടുത്തോമ് നകരത്തുക്കു കർത്താവായ ഇരവികോർത്തനുക്കു പറകൊണ്ടളന്നു നിറകൊണ്ടുതൂക്കി നൂല്കൊണ്ടുപാകി എണ്ണിൻറതിലും എടുക്കിൻറതിലുമുപ്പിനോടു ശർക്കരയോടു കസ്തൂരിയോടു വിളക്കെണ്ണയോടു ഇടയിൽ ഉള്ളത എപ്പോർപ്പട്ടതിനുമ് തരകുമ് അതിനടുത്ത ചുങ്കമുമ് കൂട കൊടുങ്ങല്ലൂർ അഴിവിയോടു കോപുരത്തോടു വിശേഷാൽ നാലുതളിയുമ് തളിക്കടുത്ത കിരാമത്തോടിടയില് നീർമുതലായി ചെപ്പേട് എഴുതികുടുത്തോമ് ചേരമാൻലോകപ്പെരുഞ് ചെട്ടിയാന ഇരവികോർത്തനുക്കു ഇവൻ മക്കൾ മക്കൾക്കേ വഴിവഴിയേ പേറാകക്കുടുത്തോമ് ഇതറിയുമ് പൻറിയൂർകിരാമമു (മ്) ചോകിരിക്കിരാമമുമ് അറിയക്കുടുത്തോമ് വേണാടുമ് ഓടനാടുമറിയക്കുടുത്തോമ് ഏറാനാടുമ് വള്ളുവനാടുമറിയക്കുടുത്തോമ് ചന്ദ്രാദിത്യകളുള്ളനാളെക്കുകുടുത്തോമ് ഇവർകളറിയ ചെപ്പേടെഴുതിയ ചേരമാൻ ലോകപ്പെരുന്തട്ടാൻ നമ്പി ചടെയൻ കൈയെഴുത്തു

ഈ ചെപ്പേട് നല്കപ്പെട്ടത് ഒരു ക്രൈസ്തവനാണെന്നും അതല്ല ഒരു അക്രൈസ്തവനാണെന്നും പരസ്പര വിരുദ്ധങ്ങളായ അഭിപ്രായങ്ങളുണ്ട്. കോട്ടയം സിറിയൻ ക്രിസ്ത്യാനികളുടെ അധീനതയിൽ ഇരിക്കുന്ന പ്രസ്തുതരേ

ഖയെപ്പററി ഡാക്ടർ ഗുണ്ടർട്ട് 'ഇരവികൊത്തൻ' എന്നതു് ഒരു നസ്രാണി നാമമായിരിക്കണമെന്നും, എന്നാൽ പല സിറിയൻ പാതിരിമാരോടും ആ പേരിൻെറ ആഗമത്തെപ്പററി ചോദിച്ചതിൽ നിശ്ചിതമായ യാതൊരു തെളിവും നേടാൻ കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹത്തിൻെറ സ്വകീയമായ അഭിപ്രായത്തിൽ ആ പേരു് അതിൻെറ വിലക്ഷണരൂപം കൊണ്ടു് യാതൊരു പ്രകാരത്തിലും ഒരു സിറിയൻക്രിസ്ത്യൻേറതായിരുന്നിരിക്കുവാൻ യോഗ്യമായി കാണപ്പെടുന്നില്ലെന്നും പ്രസ്താവിച്ചിട്ടുള്ളതാണു് നമ്മുടെ ശ്രദ്ധയ്ക്കു് ആദ്യമായി വിഷയീഭവിക്കുന്നതു്. അതിനെത്തുടൎന്നുള്ള ഏതൽസംബന്ധമായ ചൎച്ചയുടെ ഫലമായി മലബാർ ഡിസ്ട്രിക്ട് മുൻസിപ്പായിരുന്ന ക്രക്കൽ കേളുനായർ ഈ പട്ടയത്തിൽ ഗൃഹീതനാമമായി കാണുന്ന ഇരവികൊത്തൻ എന്ന പദം കേവലം ഒരു സ്ഥാനപ്പേരാണെന്നും അല്ലാതെ ഒരു സിറിയൻ നാമത്തിൻെറ ഛായ പോലും ഇല്ലാത്തതാണെന്നും നിർദ്ദേശിച്ചിരിക്കുന്നു. മദ്രാസ് പുരാണവസ്തുപൎയ്യന്വേഷകനായിരുന്ന വെങ്കയ്യയാകട്ടെ, ഇരവികൊത്തൻ 'ഇരവിക്കൊററൻ' എന്ന തമിഴ് രൂപത്തിൻെറ വികൃതരൂപമാണെന്നും, അൎത്ഥം 'Sun-king' എന്നാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ബർണൽ, കീൽഹാൺ എന്നീ പാശ്ചാത്യപണ്ഡിതന്മാർ കാലനിൎദ്ദേശപരമായിട്ടല്ലാതെ ഗൃഹീതനാമത്തെപ്പററി എന്തെങ്കിലും പ്രസ്താവിച്ചിട്ടുള്ളതായി അറിയുന്നില്ല. അടുത്തകാലത്തു് മി. കെ എൻ. ഡാനിയൽ, ഇരവികൊത്തൻ ഒരു സിറിയൻ ക്രിസ്ത്യാനി തന്നെയായിരുന്നുവെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്. മിസ്റ്റർ ടി. കെ. ജോസഫ് 'ഇരവി

കൊത്തൻ', 'റബികൊത്തൻ' എന്നതിൻെറ വികാരമാ യിരിക്കാമെന്നും ഇരവികൊത്തൻ പരദേശിയാകയാൽ രവിയിൽ നിന്നും ഉണ്ടായതല്ല ഇരവി എന്ന പൂവ്വാംശമെന്നും പറഞ്ഞു കാണുന്നു.

കൊത്തനൻ, കൊത്തൻ എന്നു രണ്ടു പ്രകാരത്തിലും രൂപവിന്യാസം കാണുന്നതിൽ ഏതാണു ശരിയായിട്ടുള്ളതെന്നും മറെറാരു പ്രകാരത്തിൽക്കൂടി കാണുന്നതിനു കാരണമെന്തെന്നും നമുക്ക് വിചാരണം ചെയ്യാം മിസ്റ്റർ ഡാനിയൽ പറയുന്നതു് 'കൊത്തനൻ' എന്നതു് തെററും 'കൊത്തൻ' എന്നതു് 'കത്താ' എന്നതിന്റെ വികൃതരൂപമെന്നു കരുതപ്പെടാവുന്നതിനാൽ ശരിയും ആണെന്നാണ്. 'ഇരവികൊത്തൻ' എന്നായിരിക്കും യഥാത്ഥനാമമെങ്കിൽ അതു് ഒരു പ്രകാരത്തിലും 'ഇരവി കൊത്തനൻ' എന്ന് നിരത്ഥകമായി 'ന' എന്നിടയ്ക്കു ചേത്തു് എഴുതപ്പെട്ടുമെന്ന് ശങ്കിക്കുവാൻ പോലും ന്യായമില്ല. നേരെ മറിച്ച് ഇരവികൊത്തനൻ' അത്രത്തോളം തെളിയിക്കുവാൻ പ്രയാസമില്ലാത്ത രീതിയിൽ ലുപ്തനകാരമായ ഒരു രൂപത്തിൽ രേഖപ്പെടുത്തുവാൻ ഇടയായി എന്നു വരാവുന്നതുമാണ്. അതിനും പുറമേ ആരു്, എപ്പോൾ, ആക്ക്, എന്തു കൊടുത്തു എന്നു നിർദേശിക്കുന്ന പ്രധാനഭാഗത്തിലാണ് നമുക്ക് ഗ്രഹിതാവിൻെറ പേരിനേയും മററും പററിയുള്ള പൂണ്ണമായ വിവരങ്ങൾ ലഭിക്കുവാൻ കഴിയുന്നതെന്നുള്ളതിനാൽ അവിടെക്കാണുന്ന 'ഇരവി കൊത്തനൻ' എന്നതാണ് യഥാത്ഥമായ പേരെന്ന് നിണ്ണയിക്കാവുന്നതുമാണ്.

'ഇരവികൊത്തനൻ' എന്ന ഗൃഹീതനാമം ശാസ്ത്രീയമായി അപ്രകാരം പരിണാമം വരുവാൻ അവകാശമുള്ള ഒരു സംജ്ഞാപദത്തിൽനിന്നും സംപ്രതിപന്നമാണെന്ന് ചുവടെ വിശദമാക്കാം. എകാരത്തേയും ഒകാരത്തേയും കുറിക്കുന്ന ലിപികൾ തന്നെയാണ് ഏകാരത്തേയും ഓകാരത്തേയും ഈ ചെപ്പേടിൽ രേഖപ്പെടുത്തിക്കാണിക്കുന്നത്. ഭാഷയിൽ വളരെ അടുത്ത കാലം വരെയ്ക്കും ഇതേ രീതി തന്നെ നടപ്പിലിരുന്നിട്ടുള്ളതും സ്മരണീയമാകുന്നു. ഇതിൽനിന്നും 'ഇരവികൊത്തൻ' എന്ന് ഇതേവരെ ഗവേഷകന്മാരാൽ പകർത്തപ്പെട്ടും ഉച്ചരിക്കപ്പെട്ടും പോന്നിരുന്നതു് യഥാർത്ഥത്തിൽ ഇരവികോത്തനൻ എന്നതിനു പകരമായിരുന്നുവെന്ന് പറയുന്നപക്ഷം അതു് സർവഥാ യുക്തമായിരിക്കുമെന്നതിന് സന്ദേഹമില്ല. ഒകാരത്തിൽനിന്നും ഓകാരത്തിൽനിന്നും പരമായിരിക്കുന്ന വകാരത്തിന് ലോപം സംഭവിക്കാവുന്നതാണെന്ന് താഴെ ചേൎക്കുന്ന ഉദാഹരണങ്ങൾ തെളിയിക്കുന്നു:—

ചൊവപ്പു്, ചോപ്പു്; ചൊവട്ട്, ചോട്ട്; കോവണി, കോണി; കോവിലകം, കോലകം.

അതുകൊണ്ടു് ഇരവികോത്തനൻ എന്ന പട്ടയത്തിൽ കാണുന്ന ഗൃഹീതനാമം ഇരവികോത്തനൻ എന്ന പൂർണ്ണരൂപത്തിന്റെ ന്യായ്യവും ശാസ്ത്രീയവും ആയ പരിണാമമാണെന്ന് നിർവിവാദം സമർത്ഥിക്കപ്പെടാം. 'ഇരവികോത്തനൻ,' 'രവിഗോവർദ്ധനൻ' എന്ന സംസ്കൃതരൂപത്തിന്റെ തദ്ഭവമാണെന്ന് സ്പഷ്ടമാണല്ലോ. ഇങ്ങനെ നാമത്തിന്റെ സ്വഭാവംകൊണ്ടു് ഈ താമ്രശാസനം നല്കപ്പെട്ടതു് ഒരു ഹിന്ദുവിനാണെന്ന് സിദ്ധിക്കുന്നു.

ശ്രീവീരരാഘവചക്രവത്തി ഇരവികോത്തനന് ഈ ശാസനത്താൽ മണിക്കിരാമപ്പട്ടമാണ് നല്കിയിരിക്കുന്നതു്. ആ മഹനീയസ്ഥാനം കിട്ടിയിട്ടുള്ള ഒരാൾക്കു് എന്തെല്ലാം അകമ്പടികളും അവകാശങ്ങളും അധികാരങ്ങളും ഉണ്ടെന്നുള്ള വിശദമായ ഒരു നിർവചനം അപരിത്യാജ്യമാകയാൽ ശാസനത്തിൽ 'മണിക്കിരാമപ്പട്ടം കുടുത്തോമ്' എന്നതിനു ശേഷം അവ പരിഗണിക്കപ്പെട്ടിരിക്കുന്നു.

ഡാക്ടർ ഗുണ്ടർട്ടു് സുറിയാനികളുടെ ഇടയ്ക്കുള്ള ഒരു ഐതിഹ്യത്തെ ആസ്പദമാക്കി ഏതോ ആഭിചാരക്കാരനായ ഒരു അവിശ്വാസിയാൽ (heathen) ക്രിസ്തുമതത്തിൽ നിന്നും പരിവത്തനം ചെയ്യിക്കപ്പെട്ടിട്ടുള്ളവരാണ് മണിഗ്രാമക്കാർ എന്നു് പ്രസ്താവിക്കുന്നു. ഈ അഭ്യൂഹത്തിനു് അദ്ദേഹം മാണിക്കവാചകർ എന്ന തമിഴ് കവിയായിരിക്കരുതോ മേൽ പറയപ്പെട്ട മതപരിവത്തകൻ എന്നു കൂടി സംശയിച്ചിട്ടാണ് ഒരു ഗതി നല്കിയിരിക്കുന്നതു്. ഇതിൽനിന്നും ഗുണ്ടർട്ടിന്റെ അഭിപ്രായം പട്ടയപ്രകാരം ഇരവിക്കോത്തനന് നല്കപ്പെട്ടതു് മണിക്കിരാമത്തിന്റെ (മാണിക്യവാചകരോടു ബന്ധപ്പെട്ടവർ പാർക്കുന്നതായ ഗ്രാമത്തിൻെറ) ആധിപത്യമാണെന്നു വിശദമാകുമല്ലോ. റെവറെൻറ് ടെയിലർ മണിഗ്രാമത്തെപ്പററി ഡാക്ടർ ഗുണ്ടർട്ടിൻെറ അഭിപ്രായങ്ങളെ വിമശിച്ചുകൊണ്ടു് ഇങ്ങനെ സ്വമതം പ്രസ്താവിച്ചിരിക്കുന്നു:—"മനിയുടെ ശിഷ്യന്മാരും മനിക്കിയൻ സംഘക്കാരും സിലോണിൽ കാണപ്പെട്ടിട്ടുള്ള അറേബ്യൻ സഞ്ചാരികളെപ്പോലെയുള്ള ഒരു കൂട്ടരും ആണ് മണിഗ്രാമക്കാർ എന്നു് അനുമിക്കുവാൻ ഞാൻ ധൈര്യപ്പെടുന്നു." ക്രൂക്കൽ കേളുനായർ ഗ്രാമത്തിൻെറ പേർ തന്നെ 'മണി'

എന്നാണെന്നും ആ ഗ്രാമത്തിലെ ഐശ്വര്യസമൃദ്ധിയോ ശ്രേഷ്ഠതമോ ദ്യോതിപ്പിക്കുന്നതായി 'മണിഗ്രാമ'പദത്തെ യൗഗികാൎത്ഥകമായി വ്യാഖ്യാനിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. മി. ടി. കെ ജോസഫ്, മണിഗ്രാമം 'രത്നവ്യാപാരികൾ ധാരാളമായി കുടിപാൎക്കുന്ന സ്ഥലം' എന്ന അൎത്ഥത്തിൽ പ്രയുക്തമായിരുന്നിരിക്കാം എന്നു് ഒരു ഊഹം പ്രകടിപ്പിച്ചിട്ടുണ്ടു്.

ഇനി ഇത്രയൊക്കെ അഭിപ്രായവ്യത്യാസങ്ങൾക്കു് വിഷയമായിട്ടുള്ള ഈ മണിക്കിരാമപ്പട്ടം എന്താണെന്നു നോക്കാം. മണിക്കിരാമത്തിന്റെ ആധിപത്യമാണു് മണിക്കിരാമപ്പട്ടം എന്നുള്ളതിനു് സംശയമില്ല ഈ ആധിപത്യത്തിനു് എത്രത്തോളം വ്യാപ്തിയുണ്ടെന്നു് പട്ടയം വ്യാഖ്യാനിക്കുമ്പോൾ വിശദമാകുന്നതാണു്. മണിഗ്രാമം എന്നാണു് ആ ഗ്രാമത്തിന്റെ പേരു് എന്നു വിചാരിക്കുന്നപക്ഷം മണികളാൽ വിശ്രുതമായ ഗ്രാമം എന്നുള്ളതിൽ കവിഞ്ഞു് യാതൊരൎത്ഥവും അതിനു് പറയുവാൻ സാദ്ധ്യമല്ല. ഇപ്രകാരം ഒരു വാക്കിനെ മാത്രം ആസ്പദമാക്കി ആ ഗ്രാമം മണികൾ ധാരാളം വിളയുന്നതായിരുന്നുവെന്നോ ഗുണവും വിലയും കൂടുന്ന മണികൾ അവിടെ സുലഭമായിരുന്നുവെന്നോ കല്പിക്കുന്നതു് സംഗതമായിരിക്കുകയില്ല. അതോടുകൂടി മണിഗ്രാമക്കാർ എന്ന പദം കേരളത്തിനു പുറമേയും ചിലനാടുകളിൽ പ്രചരിച്ചിരുന്നുവെന്നുള്ളതിനു് സൂക്ഷ്മമായി രേഖകൾ ഉണ്ടു്. അതുകൊണ്ടു് 'മണിക്കിരാമം' എന്ന പദത്തെ കൂടുതൽ ശ്രദ്ധയോടെ പരിശോധിക്കേണ്ടതു് ആവശ്യകമായ്ത്തീൎന്നിരിക്കുന്നു.

നാം തീരെ അപ്രധാനങ്ങളെന്ന് കരുതിപ്പോരുന്ന ശബ്ദങ്ങളുടെ പിന്നിൽത്തന്നെയും അവയുടെ ദീർഘകാലത്തെ ചരിത്രങ്ങൾ നമ്മുടെ അന്വേഷണത്തിൽ മാത്രം വെളിപ്പെടുന്നവയായി വർത്തിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. 'മണിക്കിരാമം' എന്നത്ത് ഏതെങ്കിലും ഒരു ശബ്ദത്തിൻെറ വികൃതരൂപമോ അതല്ല ഉത്പന്നാവസ്ഥയിൽ നിന്നും യാതൊരു ഭേദവും വന്നിട്ടില്ലാത്തതോ എന്ന് തീർച്ചപ്പെടുത്തിയിട്ടുവേണം അതിനെ വ്യാഖ്യാനിക്കുന്നതിന് ഒരുമ്പെടുവാൻ. പദാദിയിലുള്ള മകാരം മറേറതെങ്കിലും വ്യഞ്ജനത്തിൻെറ സ്ഥാനത്തിൽ ശബ്ദവിപരിണാമസമ്പ്രദായപ്രകാരം വന്നിരിക്കാവുന്നതാണോ എന്നാണ് ആദ്യം നോക്കേണ്ടത്ത്. താഴെച്ചേർക്കുന്ന ഉദാഹരണങ്ങൾ നോക്കുക :—

| പരിണതരൂപം | പൂർവ്വരൂപം |
|---|---|
| മണ്ണാൻ | വണ്ണാൻ (തമിഴ്) |
| മങ്ക്ളാവ് | ബംഗ്ലാവ് (ഹിന്ദിയിലും മറാട്ടിയിലു 'ബഗ്ലു'.) |
| മിഴുങ്ങുക | വിഴുങ്ങുക |
| മാനം | വാനം |
| മിന-(മിനക്കേട്ട്) | വിന (ഗുണ്ടർട്ടിൻെറ നിഘണ്ടു നോക്കുക). |

ഒരു പദത്തിൻെറ ആരംഭത്തിലുള്ള ബകാരവും വകാരവും മകാരമായി പരിണമിക്കാവുന്നതാണെന്ന് തെളിയിക്കുവാൻ മേല്കാണിച്ചിട്ടുള്ള ഉദാഹരണങ്ങൾ മതിയാകുമല്ലൊ. ഇവിടെ പൂർവ്വരൂപങ്ങൾ വകാരാദികളോ ബ

കാരാദികളോ തന്നെയാണെന്ന് ഇതരഭാഷകളുമായി താരതമ്യപ്പെടുത്തി നിര്‍ണ്ണയിക്കാവുന്നതാണ്. ഈ ശബ്ദ വിപരിണാമം (വ/മ) ഭാഷാതത്ത്വജ്ഞന്മാര്‍ പൊതുവേ അങ്ഗീകരിച്ചിട്ടുള്ള ശബ്ദവിപര്യയസിദ്ധാന്തങ്ങളില്‍ ഒന്നാണെന്നുള്ളതും പ്രസ്താവ്യതയെ അര്‍ഹിക്കുന്നു. ആ സിദ്ധാന്തത്തെ ഇങ്ങനെ വിശദീകരിക്കാം:—പദാരംഭത്തിലുള്ള വകാരവും ബകാരവും പിറകില്‍ അതോടുതൊട്ട് അവ്യവഹിതമായോ വ്യവഹിതമായോ അതേ പദത്തില്‍ തന്നെ ഒരു അനുനാസികവ്യഞ്ജനമിരിക്കുന്ന പക്ഷം മകാരമായി ചിലെടത്ത് പരിണമിക്കാവുന്നതാണ്.' ഇങ്ങനെ നോക്കുമ്പോള്‍ 'മണിക്കിരാമം' തീര്‍ച്ചയായും 'വണിഗ്ഗ്രാമ'ത്തിന്‍െറ തദ്ഭവരൂപമാണെന്ന് സുഗ്രഹമാകുമല്ലൊ. 'വണിഗ്ഗ്രാമം' എന്ന പദത്തിന് വണിക്കുകളുടെ (കച്ചവടക്കാരുടെ) സംഘാതം (Association or guild of merchants) എന്നര്‍ത്ഥമാണെന്ന് അക്ലിഷ്ടമായി വ്യാഖ്യാനിക്കുകയും ചെയ്യാം. മണിക്കിരാമപ്പട്ടത്തില്‍ വ്യാപാരസംബന്ധങ്ങളായ പല അവകാശങ്ങളും നിര്‍വചിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് 'മണിക്കിരാമം' അന്ന് കേരളത്തില്‍ ഉണ്ടായിരുന്ന ഒരു പ്രധാനപ്പെട്ട വ്യാപാരികേന്ദ്രമായിരുന്നുവെന്നും അതിന്‍െറ ആധിപത്യമാണ് പട്ടയത്തില്‍ ഇരവിഗോവര്‍ദ്ധനന് ദത്തമായിട്ടുള്ളതെന്ന് ധരിക്കാവുന്നതാണ്. സ്ഥലത്തിന് വണിഗ്ഗ്രാമം എന്നും പേര് ഉണ്ടായിത്തീര്‍ന്നത് അത് കച്ചവടക്കാരുടെ മുഖ്യമായ പ്രവര്‍ത്തനരങ്ഗമായിരുന്നതിനാലാണെന്ന് വിചാരിക്കുന്നതില്‍ അശേഷം തെററില്ല. 'വണിഗ്ഗ്രാമം' എന്നതിന്‍െറ പരിണതരൂപമായ 'മണിക്കിരാമം' കേരളത്തിനു പുറമേ

പലയിടത്തും ഒരു 'വ്യാപാരിസംഘം' എന്നുള്ള യൗഗികാത്ഥത്തിൽ മാത്രം പ്രചരിച്ചിട്ടുള്ളതും ഈ ഭാഗത്തിൽ സ്മൃത്തവ്യമാകുന്നു. 'മണിക്കിരാമം' എന്ന പദത്തിന് തോൽക്കാപ്പിയത്തിൻെറ വ്യാഖ്യാനത്തിൽ നക്കിച്ചിനാർകിണിയാർ 'ഒരു ജനസംഘാതം' എന്ന് അത്ഥം പറഞ്ഞിട്ടുള്ളതും മേൽ ചെയ്തിട്ടുള്ള ഊഹങ്ങൾക്ക് ഉപോദ്ബലകമാണ്.

ഈ താമ്രശാസനത്തിൽ പല പദങ്ങളും അത്ഥവിഷയത്തിൽ ഭിന്നാഭിപ്രായങ്ങൾക്ക് ആസ്പദീഭവിച്ചിട്ടുണ്ട്. അതിനാൽ ശാസനത്തിൻെറ ഒരു പരിഭാഷ ഇവിടെ ചേക്കുന്നത് തത്വഗ്രഹണത്തിന് പ്രയോജകീഭവിക്കുമെന്ന് വിശ്വസിക്കുന്നു :—

"മഹാവിഷ്ണു. ശ്രീ മഹാഗണപതിക്കായിക്കൊണ്ട് നമസ്കാരം.

ശ്രീഭൂപാലനരപതിയായ (ഐശ്വര്യയുക്തമായ ഭൂമിയുടെ പാലകനും കല്യാണശീലരായ പ്രജകളുടെ നാഥനും ആയ) ശ്രീവീരകേരളചക്രവത്തി തുടങ്ങി തലമുറ തലമുറയായി പല നൂറായിരം വഷങ്ങൾ ചെങ്കോൽ നടത്തി, (ആ വംശത്തിൽത്തന്നെ ഉണ്ടായ) ശ്രീവീരരാഘവ ചക്രവത്തിയുടെ അധീനതയിൽ ശ്രീമത്തായ രാജ്യം ചെന്നു സ്ഥിതിചെയ്യുവേ (അദ്ദേഹം രാജ്യഭാരം കൈയേററിരുന്ന കാലത്ത്) മകരം രാശിയിൽ വ്യാഴവും, മീനം രാശിയിൽ സൂയ്യൻ കടന്ന് ഇരുപത്തിയൊന്നു ദിവസം കഴിഞ്ഞുണ്ടായ ശനിയാഴ്ചയും, രോഹിണിനക്ഷത്രവും ഒന്നുചേൻ

സംഭവിച്ച ദിവസം (മകരത്തിൽ വ്യാഴം; മീനമാസം; ഇരുപത്തിയൊന്നു തീയതി കഴിഞ്ഞുണ്ടായ ശനിയാഴ്ച രോഹിണീനക്ഷത്രം) വലിയ കൊട്ടാരത്തിനകത്തിരുന്നരുളുമ്പോൾ മകോതെയർ പട്ടണക്കാരനും ഇരവികോവത്തനൻ എന്നു പേരുള്ളവനും ആയ ചേരമാൻ രാജ്യത്തിലെ വലിയ വ്യാപാരിക്ക് വണിഗ്ഗ്രാമാധിപത്യം ശ്രീവീര രാഘവചക്രവത്തിയായ നാം കൊടുത്തിരിക്കുന്നു.

(പട്ടയക്കാരന്) വിളാവാട (വിലാവാട എന്നതിന്റെ പരിണതരൂപം. വിലാവിനെ--ഉടലിൻെറ പാൾപഭാഗത്തെ-ആവരണം ചെയ്യുന്ന ആട-വസ്ത്രം എന്നത്ഥം) ധരിപ്പാനുള്ള അവകാശവും, ഭവനത്തിൻെറ രക്ഷയ്ക്കു വേണ്ട ആളുകളേയും, മുതലെടുപ്പു വസൂൽ ചെയ്യുന്നതിനുള്ള അധികാരവും, വിദേശങ്ങളുമായി വാണിജ്യം നടത്തുവാനുള്ള അനുവാദവും, വാണിജ്യത്തിൽ തന്നെ തനിക്കുതകയും, ഘോഷയാത്രകളിൽ പരിവാരങ്ങളെ മുൻപിൽ നടത്തി അവരെക്കൊണ്ട് തൻെറ ആഗമനം ഗ്രാമവാസികളെ മനസ്സിലാക്കുമാറു് ഉദ്ഘോഷിപ്പിക്കുവാനും, അകമ്പടിയായി ആളുകളെ മുൻപിൽ നടത്തുവാനും, പഞ്ചവാദ്യങ്ങളും (ചെണ്ട, കുറുംകുഴൽ, തിമില, ഇടയ്ക്ക, ഢമാനം) ശംഖും മുഴക്കിക്കുവാനും, പകൽസമയത്തും വിളക്കുപിടിപ്പിക്കുവാനും, പാവാട (ചാമരം, ആലവട്ടം എന്നിവ പോലെയുള്ള ഒരു അകമ്പടിക്കോപ്പ്) കൊണ്ടു് വീശിക്കുവാനും ഉള്ള ബഹുമതികൾക്കു പുറമേ മഞ്ചലും കൊററക്കുടയും വട്ടകപ്പറയും (Telugu Drum) അതുപോലെതന്നെ ഗ്രാമവാസികൾ എല്ലാ ഭവനങ്ങളുടേയും പ്രവേശനദ്വാരത്തിൽ

തോരണം കെട്ടി ബഹുമാനിക്കുമാറുള്ള പദവിയും (എല്ലാത്തിനും മേലായി) നാലുദേശവിഭാഗങ്ങളിലെ വ്യാപാരം സംബന്ധിച്ചുള്ള മുഴക്കുത്തകയും നാം കൊടുത്തിരിക്കുന്നു.

ഇത്രയുമല്ല, പട്ടയക്കാരന് വാണിയരേയും ഐങ്കമ്മാളരേയും (ആശാരി, മൂശാരി, തട്ടാൻ, പെരിങ്കൊല്ലൻ, ചെമ്പോട്ടി) നാം അടിമകളായി കൊടുത്തിരിക്കുന്നു. കൂടാതെ, നഗരാധിപതിയായ ഇരവികോത്തനൻ പറകൊണ്ടളന്നും നിറ (A weight especially of 100 palams)കൊണ്ടു തൂക്കിയും നൂൽകൊണ്ടു നീളം പിടിച്ചും എണ്ണാവുന്നതും എടുക്കാവുന്നതും ആയി ഉപ്പിനും, ശക്കരെയ്ക്കും കസ്തൂരിക്കും വിളക്കെണ്ണെയ്ക്കും, ഇവയുടെ ഇടയ്ക്കുള്ള ഏതുവിധമായ വ്യാപാരസാമഗ്രികൾക്കും തരകം (brokerage) അതിനടുത്ത ചുങ്കവും, കൊടുങ്ങല്ലൂർ അഴവി (അഴി) മുതൽ ഗോപുരം വരെ, വിശേഷിച്ച് നാലുതളികൾക്കും (തളി= a holy building, assembly-hall, as for the representatives of the Brahman aristocracy. നാലുതളികൾ :— മേത്തളി, കീഴ്ത്തളി, നിടിയതളി, ചിങ്ങപുരത്തുതളി near കൊടുങ്ങല്ലൂർ. ഗുണ്ടർട്ടിൻെറ നിഘണ്ടു നോക്കുക) അവയോടു സമീപിച്ചുള്ള ഗ്രാമത്തിനും ഇടയിൽ, പററിക്കൊള്ളാനുള്ള അവകാശവും നാം ഉദകപൂവ്വം ഈ ചെപ്പേടെഴുതി കൊടുത്തിരിക്കുന്നു—ചേരമാൻ ലോകത്തിൽ വെച്ച് പെരുഞ്ചെട്ടിയായ ഇരവികോത്തനന് ഇവൻെറ മക്കൾ മക്കൾക്കായി നേരേ പിൻതുടച്ച് അവകാശികൾ വഴിക്ക് ഈ അനുഭവങ്ങൾ ഒരു കാലവും നഷ്ടപ്പെടാതിരിക്കത്തക്കവണ്ണം തനതായി നാം കൊടുത്തിരിക്കുന്നു. ഇക്കാ

യ്യും പന്നിയൂർ ഗ്രാമവും ചോകിരഗ്രാമവും ധരിക്കത്തക്ക വണ്ണം നാം ഇതു് നല്കിയിരിക്കുന്നു. മാത്രമല്ല വേണാടും ഓടനാടും അറിയെക്കൊടുത്തിരിക്കുന്നു. അതുപോലെ തന്നെ ഏറനാടും വള്ളുവനാടും അറിയത്തക്കവണ്ണം നാം നല്കിയിരിക്കുന്നു. പട്ടയക്കാരന് ഈ അവകാശം ചന്ദ്രനും ആദിത്യനും ഉള്ള നാളോളവും അനുഭവിച്ചുകൊള്ളത്തക്കവണ്ണം നാം കൊടുത്തിരിക്കുന്നു. മേല്പറഞ്ഞവരെല്ലാവരും അറിയത്തക്കവണ്ണം ചെപ്പേടെഴുതിയ ചേരമാൻ ലോകത്തിലെ പെരുന്തട്ടാൻ എന്ന പദവിയുള്ള നമ്പി ചടയൻ കൈയെഴുത്തു്.''

ഈ പട്ടയത്തിൻെറ കാലനിണ്ണയത്തിലാണു് ചരിത്രഗവേഷകന്മാർ വളരെ അധികം പ്രയത്നംചെയ്തിട്ടുള്ളതു്. ഏ. ഡി. 230, 680, 775, 1320 എന്നിങ്ങനെ നാലുവഷങ്ങൾ ഈ പട്ടയം നല്കപ്പെട്ട കാലമായി ഇതുവരെ നിർദിഷ്ടമായിട്ടുണ്ടു്. പട്ടയത്തിൽ തന്നെ 'മകരത്തുൾ വിയാഴമ് മീനഞായറു ഇരുപത്തൊൻറുചെൻറ ചനിരോഹണിനാൾ' എന്നു് ഗ്രഹനിലയെപ്പററിയുള്ള സൂചനയാണു് പ്രസ്തുതങ്ങളായ ഭിന്നാഭിപ്രായങ്ങൾക്കു് പ്രഥമാവലംബമായിരിക്കുന്നതു്.

ക്രൂക്കൽ കേളുനായർ ഗ്രഹനിലകളെ ആസ്പദമാക്കി ഗണിച്ചുനോക്കിയതിൽ ക്രിസ്ത്വബ്ദാരംഭത്തിനുശേഷം ആദ്യമായി യോജിച്ചുകണ്ട വഷത്തെ—ഏ. ഡി. 230—പട്ടയത്തിൻെറ കാലമായി നിർദ്ദേശിച്ചു. അതിനെത്തുടന്നു് ഡാക്ടർ ബർണൽ പ്രസ്തുതമായ പട്ടയത്തിനു് അത്രത്തോളം പഴക്കമുണ്ടായിരിക്കുവാൻ തരമില്ലെന്നു കണ്ടിട്ടു് കൃഷ്ണ

ജ്യോത്സ്യരെക്കൊണ്ടു് മററേതെങ്കിലും കാലം നിർദ്ദേശാനു ഗുണമായിട്ടുണ്ടോ എന്നു് പരിശോധിപ്പിച്ചതിൽ എ. ഡി. 774 ആകാവുന്നതാണെന്നു് ഒരു തീർപ്പു കല്പിച്ചു. പിന്നീ ട്ട്കീൽഹാൺ, എ. ഡി. 774 എന്നു് ബർണൽ പറഞ്ഞ തു്, എ ഡി. 775 മാർച്ച് 11-ാംനു ശനിയാഴ്ച എന്നായ കാലേ ഗ്രഹസ്ഥിതികൾ യഥായോഗം ഭവിക്കുകയുള്ളുവെന്നതി നു പുറമേ, അതിനുമുൻപ് എ. ഡി. 680 മാർച്ച് 10-ാംനു ശനിയാഴ്ച എന്നൊരു കാലംകൂടി അത്തരത്തിൽ കാണ പ്പെടുന്നുണ്ടെന്നും അഭിപ്രായപ്പെട്ടു. വെങ്കയ്യ മുൻപുണ്ടായ അഭിപ്രായങ്ങളെ വിമർശിച്ചു് ലിപിയേയും ഭാഷയേയും ആസ്പദമാക്കി, വേറെ കിട്ടിയിട്ടുള്ള പല രേഖകളോടും താരതമ്യപ്പെടുത്തി, പ്രസ്തുതമായ രേഖ പതിന്നാലാംശത കത്തിൽ തന്നെ ഉണ്ടായതായിരിക്കണമെന്നു് സമത്ഥിച്ചു. അദ്ദേഹത്തിൻെറ സാധകയുക്തികളെ ചുവടെ സംഗ്ര ഹിക്കുന്നു :—

1. ഈ പട്ടയത്തിലെ വട്ടെഴുത്തു ലിപികൾ ഭാസ്കര രവിവമ്മൻെറ, കൊച്ചിയിലേയും തിരുനെല്ലിയിലേയും രേഖകളിലുള്ളവയെ അപേക്ഷിച്ചു് അവ്വാചീനങ്ങളാണു്. എന്നാൽ കാലം നിണ്ണയിക്കപ്പെട്ടിട്ടുള്ള മററൊരു രേഖയും വട്ടെഴുത്തു ലിപികളിൽ താരതമ്യപഠനത്തിനുപയുക്തമാം വണ്ണം ലബ്ധമായിട്ടില്ലാത്തതുകൊണ്ടു് വട്ടെഴുത്തുലിപി കളെ മാത്രം ആസ്പദമാക്കി എന്തെങ്കിലും തീർപ്പു് കല്പി ക്കുന്നതു് അഭിലഷണീയമായിരിക്കുകയില്ല.

2. പട്ടയത്തിലെ മലയാളഭാഗങ്ങൾ ആധുനിക മലയാളത്തിലുള്ള തത്സ്ഥാനികങ്ങളിൽ നിന്നും അല്പം മാത്രമേ വ്യത്യാസപ്പെട്ടിരിക്കുന്നുള്ളു.

3. വ്യഞ്ജനങ്ങളോടുചേർത്ത് വിന്യസിക്കപ്പെടുന്ന ഉകാരസ്വരചിഹ്നം മിക്കവാറും ഇന്ന് നടപ്പിലിരിക്കുന്നതു തന്നെ.

4. തിരുവനന്തപുരം മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഒരു രേഖയിൽ (M. E. 239/A. D. 1064) ഉപയോഗിക്കപ്പെട്ടിരിക്കുന്ന ലിപികൾ ഈ പട്ടയത്തിൽ കാണപ്പെടുന്നവയെക്കാൾ തുലോം പ്രാചീനങ്ങളായിരിക്കുന്നു.

5. വീരരാഘവചക്രവർത്തിയുടെ ശാസനത്തിലുള്ള ലിപികളോട് ഏതെങ്കിലും തരത്തിൽ സാദൃശ്യം വഹിക്കുന്ന മൂന്നു രേഖകൾ മാത്രമേ കിട്ടിയിട്ടുള്ളൂ. അവ Government Epigraphists Collection (1895) 266, 269, 270-എന്നീ വരികളിൽ പ്രസിദ്ധീകൃതങ്ങളാണ്. അവയിൽ ആദ്യത്തേതിൻേറയും ഒടുവിലത്തേതിൻേറയും കാലങ്ങൾ യഥാക്രമം ഏ. ഡി. 1252-ം, 1314-ം ആകുന്നു. മേൽ കാണിച്ചിട്ടുള്ള വസ്തുതകൾകൊണ്ട് വീരരാഘവചക്രവർത്തിപ്പട്ടയം കൊച്ചിയിലെ താമ്രശാസനത്തേയും തിരുനെല്ലിയിലെ രേഖയേയും, എന്നല്ല, തിരുവനന്തപുരത്തുള്ള ശാസനങ്ങളേയുംകാൾ അർവാചീനമാണെന്ന് തീർച്ചപ്പെടുത്താവുന്നതാണ്.

വെങ്കയ്യ പതിന്നാലാം ശതകം എന്ന് നിർദ്ദേശിച്ചതിനോട് കീൽഹാൺ തൻെറ അഭിപ്രായത്തെപ്പററി പുനർവിചാരണ ചെയ്തിട്ട് പൂർണ്ണമായി യോജിക്കുകയും, അതോടുകൂടി ആ ശതവർഷത്തിൽ ഗ്രഹസ്ഥിതി ശരിപ്പെടുന്ന വർഷം ഏ. ഡി. 1320 ആണെന്ന് കുറെക്കൂടി നിഷ്

കൃഷ്ടമായി പ്രസ്തുത പട്ടയത്തിൻെറ കാലം രേഖപ്പെടുത്തു കയും ചെയ്തു.

അടുത്തകാലത്തു് മി. കെ എൻ. ഡാനിയൽ വീര രാഘവചക്രവത്തിപ്പട്ടയത്തെ സംബന്ധിച്ച തൻെറ ദീഘ മായ നിരൂപണത്തിൽ ഏ. ഡി. 230 എന്നുള്ള കാലനിർ ദ്ദേശത്തെ സ്ഥിരീകരിക്കുവാൻ ശ്രമിച്ചിരിക്കുന്നു. എന്നാൽ ജ്യൗതിഷമാനദൃഷ്ടമായ കാലചതുഷ്ടയത്തിൽ ഭാഷയും ലിപിയും ചരിത്രവും എല്ലാം ഒന്നുപോലെ അനുകൂലിക്കു ന്ന ഏ. ഡി. 1320 തന്നെയാണു് ശ്രീവീരരാഘവചക്രവ ത്തിപ്പട്ടയത്തിൻെറ കാലം എന്നു് വ്യവസ്ഥാപിക്കുന്നതു് ഏററവും ഭദ്രമായിരിക്കുമെന്നു് തോന്നുന്നു.

ഈ നിരൂപണത്തിൽ നിന്നും വീരകേരളചക്രവ ത്തിയുടെ വംശജനായ ശ്രീവീരരാഘവചക്രവത്തിയാൽ രവിഗോവർദ്ധനൻ എന്ന ഹിന്ദുവിന് വണിഗ്ഗ്രാമ ത്തിൻെറ അധിനായകത്വം ബഹുവിധമായ സ്ഥാനമാന ങ്ങളോടുകൂടി ക്രിസ്ത്വബ്ദം 1320 മാച്ച് 15-ാനു-ശനിയാഴ്ച നല്കപ്പെട്ടുവെന്നുള്ള വസ്തുതയാണു് 'വീരരാഘവചക്രവ ത്തിപ്പട്ടയം' എന്നു് പ്രസിദ്ധമായ ആ താമ്രശാസനത്തി ലെ ഉള്ളടക്കമെന്നു് സുവിശദമായിരിക്കുമല്ലോ. ഏതാ ദൃശരേഖകളുടെ പഠനം നമ്മുടെ ദേശചരിത്രത്തിൻേറയും ഭാഷാചരിത്രത്തിൻേറയും പല നിഗൂഢാശയങ്ങളേയും ഏറക്കുറെ പ്രകാശമാനങ്ങളാക്കുവാൻ ഉപകരിക്കുന്നവയാ ണെന്നു് നാം എപ്പോഴും ഓർമ്മിക്കേണ്ടതാണു്.

---

IV

# സി. വിയുടെ പ്രതിഭാവിലാസം.

സാഹിത്യകുശലൻ സി. വി. രാമൻപിള്ള അവർകളുടെ കൃതികൾക്കുള്ള മഹത്വത്തിൻെറ മുഖ്യഹേതു ഉത്തമമായ സാഹിത്യനിർമ്മിതിക്ക് അവശ്യാപേക്ഷമായ പ്രതിഭാശക്തിയുടെ വിലാസമാകുന്നു. അതീതകാലത്തിലെ സംഭവങ്ങളെ ചരിത്രകാരൻെറ നിലയിൽ വീക്ഷണംചെയ്തുകൊണ്ടുള്ള ഉദാസീനമായ ഒരു പ്രതിപാദനമല്ല, നാം സി. വിയുടെ കൃതികളിൽ സാക്ഷാത് കരിക്കുന്നതു്. പിന്നെയോ വികാരാധിഷ്ഠിതമായുള്ള കല്പനാശക്തികൊണ്ട് അഭിനവമായി സംസാധിതമായ ആവരണമാണ് ചരിത്രത്തിൽനിന്നും ലഭ്യമാകുന്ന അസ്ഥിക്കൂടത്തിന് സി. വി. നല്കിയിട്ടുള്ളതു്. ചരിത്രാഖ്യായികയുടെ രചന ഗ്രന്ഥകാരൻെറ ഭാവനാശക്തിയെ സർവ്വാത്മനാ അപേക്ഷിക്കുന്നു. ഭൂതകാലത്തിൽ ഏതൊരു ഘട്ടത്തെ തൻെറ വർണ്ണനാരങ്ഗമായി തിരഞ്ഞെടുക്കുന്നുവോ അതിനെക്കുറിച്ച് ആഖ്യായികാകാരന് പര്യാപ്തമായ വിജ്ഞാനമില്ലെങ്കിൽ ഗ്രന്ഥത്തിലെ ഭൂരിഭാഗവും അധുനാതനങ്ങളായ പ്രസ്താവങ്ങൾകൊണ്ട് വിലക്ഷണമായി പരിണമിക്കുവാൻ ഇടയായേക്കും. ആധുനികജനതയ്ക്കു് വർത്തമാനമായ പരിതഃസ്ഥിതി എത്രമാത്രം ഇന്ദ്രിയഗോചരമായിരിക്കുന്നുവോ അതിൽ ഒട്ടും കുറയാത്തവണ്ണം പ്രാചീനമായ ദേശകാലാവസ്ഥിതി ചരിത്രാഖ്യാ

യികാകാരന് സ്വമനോനേത്രങ്ങൾക്ക മുൻപിൽ പ്രതിഭാസിക്കണം. സി. വി. രാമൻപിള്ള ജാഗ്രത്തിലും സ്വപ്നത്തിലും സുഷുപ്തിയിലും തിരുവിതാംകൂറിൻെറ ഭൂതകാലരംഗങ്ങളെ അനവരതം ഭാവനം ചെയ്യുകയും അവയിൽ അതിമാത്രം ലയിച്ച് വിവിധവികാരങ്ങൾക്ക് അധീനനാകുകയും ചെയ്തിട്ടുണ്ടെന്ന് അദ്ദേഹത്തിൻെറ കൃതികൾ തെളിയിക്കുന്നു. വണ്ണ്യവസ്തുവിനോടുള്ള പരിപൂണ്ണമായ തന്മയത്വംകൊണ്ടാണ് സി. വിയുടെ ചരിത്രാഖ്യായികകളിൽനിന്നും അക്കാലത്തെ തിരുവിതാംകൂറിൻെറ ഒരു സജീവചിത്രം നമുക്ക് ദശിക്കുവാൻ സാധിക്കുന്നത്.

ആഭ്യന്തരശത്രുക്കളെ അമത്തുന്നതിന് പ്രച്ഛന്നവേഷനായി സഞ്ചരിച്ച മാത്താണ്ഡവമ്മയുവരാജാവിൻെറ ഗൂഢവാസം കൊണ്ട് അനുഗൃഹീതമായ ചാവളറാട്ട കൊട്ടാരവും, അനാഥബാലനായ കേശവപിള്ളയ്ക്ക് സരളസംഗീതമായി തോന്നിയ ഗംഭീരമായ സൈനികവാദ്യാരവം മുഴക്കിക്കൊണ്ട് ശ്രീസമ്പൂണ്ണമായ വിശുദ്ധഹമ്മ്യത്തിൻെറ മുഖമണ്ഡപം പോലെ പ്രശോഭിച്ച ഉദയഗിരിക്കോട്ടയും, കോട്ടയും കൊത്തളവും, പാളയവും പടനിലവും, തന്നിക്കളവും കോവിലും ഏപ്പെട്ടത്തി, വേട്ടവിളക്കും കൂട്ടവിളക്കും അധികാരംപെറവ്, പല്ലക്ക്, പട്ടക്കുട, പൊന്നിൻകൊടി, കുത്തുവിളക്ക്, മുരശ്ശ്, പഞ്ചവാദ്യം മുതലായ പദവി അരുപത്തിനായ്ങ്കും, ആചന്ദ്രതാരമേ സന്തതിപ്രവേശമേ ചെല്ല, കല്ലുനാട്ടി ചെമ്പിൻപട്ടയവും ലഭിച്ചിട്ടുള്ള കളപ്രാക്കോട്ടത്തമ്പിയുടെ ഭവനം സ്ഥിതി ചെയ്തിരുന്ന വേമ്പനൂർ പ്രദേശവും, വേളി മുതൽ വക്കലവരെയും നെടുമ

ങ്ങാട്ടു മുതൽ പശ്ചിമസമുദ്രം വരെയും ഉൾപ്പെട്ട പ്രദേശത്തിൽ താനോ തൻെറ പ്രതിനിധിയോ മൂളിയെങ്കിലല്ലാതെ പ്രസവം മുതൽ ശവദാഹംവരെയുള്ള യാതൊരു ക്രിയയ്ക്കും സംഭവത്തിനും നിർവഹണമോ പര്യാപ്തിയോ ഉണ്ടാകാത്തവണ്ണം വാണ ചന്ത്രക്കാറലങ്കേശൻെറ പരാക്രമപ്രകടനങ്ങൾക്കു രംഗമായിരുന്ന കഴക്കൂട്ടവും, സിദ്ധോപദിഷ്ടമായ മഹോദ്യമത്തിൻെറ നിർവ്വഹണത്തിനായി അദ്ഭുതപ്രഭാവനായ കുഞ്ചൈക്കുട്ടിപ്പിള്ള അതിലംഘിച്ച പ്രകൃതിരമണീയങ്ങളായ സഹ്യപർവതനിരകളും എല്ലാം ഉപര്യുപരി സുന്ദരസ്മരണകളുണർത്തുന്നവണ്ണം ഗ്രന്ഥകാരൻെറ വിഭാവനാശക്തിയാൽ ചിത്രീകൃതങ്ങളായിരിക്കുന്നു.

സ്ഥലനിർദ്ദേശം കഴിഞ്ഞാൽ ആഖ്യായികാകാരനു സങ്കല്പനംചെയ്തു പ്രകാശിപ്പിക്കുവാനുള്ളതു ചരിത്രകാലത്തിലെ സാമുദായികസ്ഥിതിയാണ്. ചരിത്രാഖ്യായികകൾ പ്രധാനമായി രാജ്യത്തേയും, രാജാവിനേയും പരാമർശിക്കുന്ന വൃത്താന്തങ്ങളിൽ അധിഷ്ഠിതങ്ങളാണെങ്കിലും സി. വി. രാമൻപിള്ള അവയെ ആസൂത്രണം ചെയ്തിട്ടുള്ളതു ഭൂതകാലഗർഭത്തിൽ മറഞ്ഞ അവിസ്മരണീയമായ സമുദായഗാത്രത്തിൻെറ പ്രാഭവാതിശയത്തോടു കൂടിയാണ്. വീരയോദ്ധാക്കളുടെ പ്രവർത്തനരംഗമായ ഒരു സൌവർണ്ണകാലത്തിൻെറ അന്തിമഘട്ടത്തിലെ പ്രഭാപ്രസരമായിട്ടാണ് 'മാർത്താണ്ഡവർമ്മ' തുടങ്ങിയ ഗ്രന്ഥങ്ങളിലെ മിക്ക കഥാപാത്രങ്ങളും സങ്കല്പിതരായിട്ടുള്ളതു്. മാങ്കോയിക്കൽ കുരുപ്പിൻെറ സാമുദായികപ്രതാപത്തിൻെറ വർണ്ണനത്തി

ലൂടെ ഗ്രന്ഥകാരൻ ഉല്ലേഖനം ചെയ്തിരിക്കുന്നത് അന്നത്തെ ഒരു കരപ്രമാണിയുടെ ദ്രവ്യശക്തിയും ജനസ്വാധീനതയും ആണ്:—

"ഈ ഭവനത്തിലെ നായകൻ ആ കരയ്ക്കു പ്രധാനിയും പുരാതനകാലങ്ങളിലെ സൈനികനിയമപ്രകാരം ഒരു അടവിലേക്കു കുറുപ്പും ആയുള്ള ഇരവിപെരുമാൻ കണ്ടൻകുമാരൻ എന്നൊരാൾ ആണെന്ന് അക്കാലങ്ങളിൽ തെക്കൻ ദിക്കിലൊക്കെ പ്രസിദ്ധമായിരുന്നു. ......... ഇദ്ദേഹത്തിൻെറ അധീനതയിൽ ഒരു കളരിയും പോരാളികളായി കച്ചകെട്ടി അഭ്യസിപ്പിക്കപ്പെട്ട അനേകം നായന്മാരും ഉണ്ടായിരുന്നു. സമീപവാസികൾ ഒക്കെ ഇദ്ദേഹത്തെ ഒരു ഇടപ്രഭുവെപ്പോലെ വിചാരിച്ചുവന്നിരുന്നു. അഞ്ചെട്ടുനാഴിക സ്ഥലത്തിനകം ഉണ്ടാകുന്ന സകലവ്യവഹാരങ്ങൾക്കും അറുതിയായി മാങ്കോയിക്കൽകുറുപ്പു എഴുതുന്ന കണ്ടപത്രങ്ങൾക്കു അഴിവു തിരുമുമ്പിൽ ചെന്നാലുമില്ലായിരുന്നു."

ധർമ്മരാജായിൽ കളപ്രാക്കോട്ടത്തമ്പിയുടെ ഗാർഹികസമ്പത്ത്പ്രഭാവത്തിൻെറ അംഗങ്ങളായി പത്തുപതിനാറു 'എരു' കാളയും അത്രത്തോളം കരിമ്പറവും, കറവയ്ക്കും ചാണകത്തിനും വേണ്ടതിലധികം പശുക്കളും, മൂന്നു നാലു ആട്ടിൻപറവും, എട്ടുപത്തു വന്മലപ്രമാണമുള്ള വയ്ക്കോൽത്തുറുക്കളും, നിസ്തുല്യമായ വലിപ്പത്തോടുകൂടിയ കളങ്ങളും കളിയലും, പത്തുമുന്നൂറുകോട്ട നിലവും, അളവില്ലാത്തോട്ടങ്ങളും കാടുതരിശുകളും, അറയ്ക്കുള്ളിൽ കിടപ്പുള്ള സ്വർണ്ണച്ചേന, പൊൻകദളിക്കുല മുതലായ നി

ക്ഷേപങ്ങളും" നിർദ്ദേശിച്ചിരിക്കുന്നതു് അടുത്തകാലം വരെ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്ന സമ്പന്നതയുടെ മാനദണ്ഡത്തെ വ്യക്തമായി ലക്ഷീകരിക്കുന്നു. കേരളീയവനിതകളും ആപൽഘട്ടങ്ങളിൽ സുധീരമായി സ്ഥിതിഗതികളെ നേരിട്ടിരുന്നുവെന്നു് വിശദീകരിക്കുവാൻ സി. വിയുടെ സുഭദ്രാസൃഷ്ടിയും സാവിത്രീസൃഷ്ടിയും ഉപകരിക്കുന്നവയാണു്. രാമരാജാബഹദൂറിൽ സാവിത്രിയെ മുറപ്രകാരം കളരിപ്പയററുകൂടി നടത്തിയിട്ടുള്ള ഒരു വീരാംഗനയായിട്ടാണു് അവതരിപ്പിച്ചിരിക്കുന്നതു്. അവൾ പടത്തലവൻെറ ദൗഹിത്രന്മാരോടു ചേർന്നു് അടവുകൾ ചവിട്ടാനും, പടവെട്ടാനും, ഹിന്ദുസ്ഥാനി സംസാരിപ്പാനും അഭ്യസിച്ചു് ആരേയും ഒന്നിനേയും പേടിക്കാത്ത ഹരികിശോരിയായി വളർന്നു. അങ്ങനെയുള്ള സാവിത്രി 'ടിപ്പുവിൻെറ പീരങ്കിമേലും ഒന്നു കേൾപ്പാൻ രസമുണ്ടോ' എന്നു് ത്രിവിക്രമൻ ചോദിച്ചതിനു് പറയുന്ന മറുപടി നോക്കുക:— "ചിലരെപ്പോലെ കിടുങ്ങാതെ കേൾക്കാം ചേട്ടാ. കൂട്ടിക്കൊണ്ടുപോകണം. കിളരമില്ലെങ്കിലും ഒരിട നിറയ്ക്കാൻ ചതയുണ്ടു്. ......എന്നായാലും ഒരിക്കൽ ചാകണ്ടയോ? രാജ്യവും പെററമ്മയും ഒന്നുപോലെ ......". സാവിത്രിയുടെ ഈ ആദർശമാണു് അന്നത്തെ ഓരോ കേരളീയവനിതയും ജീവശ്വാസമായി കരുതിപ്പോന്നതു്. ശ്രീരംഗപട്ടണത്തിലെ പ്രസിദ്ധമല്ലനായ കണ്ഠീരവനെ പന്തുകണക്കെ മുന്നോട്ടു എറിയുവാൻ കഴിവുള്ള അഴകൻപിള്ളയും, പൂട്ടു്, ഒഴിവു്, മറുപൂട്ടു്, പുനരൊഴിവു്, തൊഴി, മിതി, പ്രതിമിതി, ഇടി, തട എന്നിങ്ങനെയുള്ള അഭ്യാസമുറകളിലൂടെ മഹാപരാ

ക്രമിയായ പ്രതിയോഗിയെ നിരുദ്ധപ്രഭാവനാക്കുവാൻ പ്രാഗല്ഭ്യമുള്ള ത്രിവിക്രമകുമാരനും, "വാളിളക്കി, പാട്ടു പാടി, ഇടത്തുകാൽ നിലത്തൂന്നി വട്ടം തിരിഞ്ഞു വാൾ വീശി, കണ്ണിനു ചൂണ്ടി കാലിൽവെട്ടിയും, തടകാട്ടി വയററിൽ കുത്തി കുടൽ ചാടിച്ചും, കടകം ഓങ്ങി ഓതിരം കാച്ചിയും, മാട്ടമാറി തലയ്ക്കു താങ്ങിയും, വലത്തുകാൽ കൊണ്ടു തൊഴുകുത്തി ചിലരെ വീഴ്ത്തിയും, വെട്ടും കുത്തും ദൃഢമായി നോക്കി തടഞ്ഞും, ഇടത്തുകൈയാൽ ചിലരുടെ കണ്ഠങ്ങൾ ഞെരിച്ചും" സമരംചെയ്തുകൊണ്ട് വേലുക്കുറുപ്പിന്റെ മുൻപിലെത്തിയ ഭ്രാന്തൻ ചാന്നാനും പൂർവികജനതയ്ക്ക് ഉണ്ടായിരുന്ന പ്രകൃതിസിദ്ധവും അഭ്യാസായത്തവും ആയ കായബലത്തെ ഉദാഹരിക്കുന്നുണ്ട്. ഇങ്ങനെ അതീതകാലത്തിലെ മാതൃകകളെ പുരസ്കരിച്ചുള്ള ഒരു പശ്ചാത്തലം വർണ്ണ്യങ്ങളായ ചരിത്രസംഭവങ്ങൾക്ക് സജ്ജമാക്കിയിട്ടുള്ളതിൽ ഗ്രന്ഥകാരന്റെ ഭാവനാസമ്പത്ത് വിജയപൂർവ്വം വിനിയോഗിക്കപ്പെട്ടിരിക്കുന്നു.

ചരിത്രവൃത്താന്തങ്ങളുടെ പ്രതിപാദനത്തിന് പ്രയോജകീഭവിക്കുമാറ് ചില നൂതനകഥാപാത്രങ്ങളേയും കല്പിതസംഭവങ്ങളേയും ആയോജനം ചെയ്തിട്ടുള്ളതിലും സി.വിയുടെ പ്രതിഭാവിലാസം സംദൃശ്യമാണ്. 'മാർത്താണ്ഡവർമ്മ'യിൽ രാജകീയശക്തിയുടെ രക്ഷയ്ക്ക് പ്രത്യക്ഷമായും പരോക്ഷമായും ദൃഢപരിശ്രമം ചെയ്യുന്ന ഒരു ജനസഞ്ചയത്തിന്റെ പ്രാതിനിധ്യമാണ് അനന്തപദ്മനാഭനും സുഭദ്രയും വഹിക്കുന്നത്. അന്നത്തെ ആഭ്യന്തരകലഹം പ്രതിപക്ഷികളുടെ വംശവിച്ഛേദനം കൊണ്ട് പ്രശാന്ത

തയെ ഭജിക്കുന്നുവെങ്കിലും പൂർവ്വകഥാനുബന്ധിയായ ഒരു പ്രതീകാരയജ്ഞത്തെ "ധർമ്മരാജാ"യിൽ ഹരിപഞ്ചാനന സൃഷ്ടികൊണ്ട് പ്രതിപാദനം ചെയ്തിട്ടുള്ളത് കാല്പനികവും രാജാകേശവദാസൻെറ ശത്രുവിധ്വംസനപരിപാടികളുടെ വർണ്ണനത്തിന് ഉപഷ്ടംഭകവും ആകുന്നു. രാമരാജാബഹദൂരിൽ കാളീപ്രഭാവഭട്ടനായും മാണിക്കഗൌണ്ഡനായും രംഗപ്രവേശം ചെയ്യുന്ന ചിലമ്പിനഴിയത്തു ചന്ത്രക്കാരനും, ഭീകരവൃത്തികൾകൊണ്ട് കുപ്രസിദ്ധി സമ്പാദിച്ച പറപ്പാണ്ടയിൽനിന്നും അഭിന്നനായ പെരിഞ്ചക്കോട്ട് കുഞ്ചുമായിററിയും അനുഷ്ഠിക്കുന്ന രാജ്യക്ഷേമവിഘാതകങ്ങളായ കുടിലകർമ്മങ്ങളെ രാജാകേശവദാസൻ എങ്ങനെ അഭിമുഖീകരിച്ചുവെന്നുള്ളത് ആ രാജ്യരക്ഷാധുരീണൻെറ ജീവിതവൃത്താന്തത്തെ മുഖ്യമാക്കിയിട്ടുള്ള പ്രസ്തുതാഖ്യായികയിൽ ഏററവും പ്രാധാന്യം വഹിക്കുന്നു. ഹൈദരുടേയും 'മൈസൂർവ്യാഘ്ര'ത്തിൻേറയും ഉപജാപപ്രയോഗങ്ങളിൽനിന്നും വഞ്ചിരാജ്യാന്തരീക്ഷത്തിൽ വ്യാപിച്ച ധൂമപടലിയെ നിരാകരിച്ചുകൊണ്ടുള്ള കേശവപിള്ളദിവാൻജിയുടെ നയോപായചതുരത പ്രകടരൂപം കൈക്കൊള്ളുന്നത് ഹരിപഞ്ചാനനൻ, ചന്ത്രക്കാരൻ, പെരിഞ്ചക്കോടൻ, അജിതസിംഹൻ മുതലായ പാത്രങ്ങളെ അതാതിനുചേന്ന പ്രൗഢതയോടുകൂടി അവതരിപ്പിച്ചിട്ടുള്ളതുകൊണ്ടാകുന്നു. കുഞ്ചെക്കുട്ടിപ്പിള്ള എന്ന ആ അദ്ഭുതപരാക്രമനായ വ്യക്തിതന്നെ മതിയാകും സ്വപരരാഷ്ട്രവൃത്താന്തങ്ങളെ സൂക്ഷ്മമായി ഗ്രഹിച്ച് ഭരണസാരഥ്യം വഹിക്കുന്ന ശ്രീപദ്മനാഭദാസമുഖ്യദാസൻെറ ശ്രദ്ധയിൽ എത്തിക്കുന്ന ചാരസംഘത്തിൻെറ കർമ്മനൈപുണിയെ ഉദാഹരിക്കു

വാൻ. രസപൌഷ്കല്യത്തിനവേണ്ടി പ്രണയത്തിലും, നൈരാശ്യത്തിലും, രോഗത്തിലും മരണത്തിലും മററും കൂടി കടന്നുപോകുന്ന ഗാർഹികജീവിതങ്ങളെ ഉപകഥാരൂപേണ നിബന്ധനംചെയ്തിട്ടുള്ളതും പ്രസ്താവ്യമാണു്. ഇങ്ങനെ ചരിത്രത്തിലുള്ള ഏതാനും വ്യക്തികളേയും സംഭവങ്ങളേയും കേന്ദ്രീകരിച്ചുകൊണ്ടു് വിവിധവികാരഭരിതരായ നിരവധിസ്ത്രീപുരുഷന്മാരും രസപ്രചുരങ്ങളായ ജീവിതരംഗങ്ങളും ഉൾക്കൊണ്ടുള്ള ഒരു നൂതനലോകം പ്രണയനംചെയ്ത ആ സാഹിത്യശില്പിയുടെ സങ്കല്പവൈചിത്ര്യം ഏററവും ശ്ലാഘനീയമായിരിക്കുന്നു.

ബാഹ്യവും ആഭ്യന്തരവും ആയ. പ്രകൃതികൾക്ക് ദൃശ്യരൂപം നല്കിക്കൊണ്ടുള്ള വർണ്ണനകൾക്ക് സാഹിത്യത്തിൽ സർവ്വോത്തരമായ പ്രാധാന്യം ഉണ്ടു്. ഏതൊരു കഥാപാത്രത്തിൻെറ വ്യാപൃതിയും നമുക്ക് അവധാരണക്ഷമമായിത്തീരുന്നതു് അതതിൽ നിർലീനമായിട്ടുള്ള വ്യക്തിതത്തിൻെറ സാക്ഷാത്കാരത്താലാണു്. ഉന്നതമായ ഭാവനയുടെ ഫലമായി സംസൃഷ്ടങ്ങളായിട്ടുള്ള സി. വിയുടെ കഥാപാത്രങ്ങൾ വായനക്കാർക്ക് സമകാലികന്മാരെപ്പോലെയോ സഹജീവികളെപ്പോലെയോ അത്യന്തപരിചിതരായി ഭവിക്കുന്നു.

"ഈ നവലങ്കാനാഥൻെറ ഇംഗിതത്തെ ത്രികാലജ്ഞാനശക്തികൊണ്ടു് ധരിച്ചിട്ടെന്നപോലെ അനന്യസാധാരണമായ ഒരു മാതൃകയിൽത്തന്നെ അദ്ദേഹത്തെ ബ്രഹ്മാവു് നിർമാണം ചെയ്തു. ഇരുക്കോൽ വിട്ടമുള്ള ഒരു വെള്ളകിൽ ഗോളത്തിൽനി

ന്ന് ശില്പവിദഗ്ദ്ധൻെറ കൃത്രിമകരകൗശലംകൊണ്ട് നിർമ്മിക്കപ്പെട്ട ആ രൂപത്തെ അംഗംപ്രതി പരിശോധിച്ചാലും മിക്കതിൻെറ സൃഷ്ടിയിലും ഗോളധർമ്മം വിസ്മൃതമാകാതെതന്നെ രൂപനിർമ്മാണം നിർവ്വഹിക്കപ്പെട്ടിരുന്നുവെന്ന് കാണപ്പെടും. വിസ്തൃത ലലാടത്തിനു പുറകോട്ടുള്ള ചരിവും തെളുതെളുപ്പും, നേത്രഗർത്തങ്ങളിൽനിന്ന് ഉന്തിനില്ക്കുന്ന വട്ടക്കണ്ണുകളുടെ മണികൾക്കുള്ള പിംഗളതയും, ചിരിക്കുമ്പോൾ കണ്ണുകളെ എച്ചിലാക്കുന്ന വായുടെ ദൈർഘ്യവും, പദ്മനാഭസ്വാമിക്ഷേത്രത്തിലെ മീനമഹോത്സവത്തിൽ നിരത്തപ്പെടുന്ന പാണ്ഡവപ്രതിമകളിൽ കാണപ്പെടുന്നതുപോലുള്ള ദന്തപ്പരലുകളുടെ വെൺമയും, കഥകളിക്കാരുടെ കറുത്ത കുപ്പായം ശകലിച്ചു പതിച്ചതുപോലുള്ള രോമാവലീഭംഗിയും, മിത്രഭേദോപാഖ്യാനത്തിലെ പിംഗളഷഭൻെറ മുക്കുറയ്ക്കൊത്ത ശബ്ദഘോരതയും, ശിവകിങ്കരനായ കുണ്ഡോദരൻെറ ഹാലാസ്യപുരാണപ്രസിദ്ധമായുള്ള അതിരോചകതയും, സഞ്ചാരത്തിൽ 'പാരിലെന്നെയിന്നാരറിയാത്തവർ' എന്നു ചോദ്യം ചെയ്യുന്ന തലയെടുപ്പും, വദനാണ്ഡംകൊണ്ട് ആകാശപത്രത്തിൽ വൃത്തലേഖനം ചെയ്യുന്നതിൽ അന്തർഭവിച്ചുള്ള ഉന്മത്തതയും കൂട്ടിച്ചേർത്താൽ, ആ അമാനുഷൻെറ ആകൃതിയും ഏതാനും പ്രകൃതികളും ഒരുവിധം ഗ്രഹിക്കാവുന്നതാണ്" എന്നുള്ള ചന്ദ്രക്കാരൻെറ വർണ്ണനയും,

"മാമാ വെങ്കിടന്് പല നിലഭേദങ്ങളുണ്ട്. കെട്ടാതെ വിതിർത്തിട്ട കുടുമ, നാഭിയ്ക്കു താഴെവെച്ചു ധരിച്ച് മുട്ടോളംമാത്രം എത്തുന്ന വാൽക്കുറി തോർത്തുമുണ്ട്, സാഹസികത്വം, പ്രാമാണികത്വം, കൂക്കുവിളി എന്നിവകളോടുകൂടിയ പലഹാരപ്പുര മൂത്തണ്ണാവി; തലയോടുചേർത്തു ഇറുക്കിക്കെട്ടിയ കുടുമ, ചന്ദനഗോപി, നിലത്തിഴയുന്നതും കുടവയററിൽ വെച്ചുടുത്തതും ആയ കോട്ടാറൻ ഇരട്ടപ്പാവുമുണ്ട്, വലിയതീയൻകല്ലുകൾവെച്ച കടുക്കൻജോടി, ഊക്കൻ ഉരുട്ടുമോതിരക്കൂട്ടം, പാവുമുണ്ടുകളുടെ മീതെ ധരിച്ചുള്ള സ്വർണ്ണക്കത്തരഞ്ഞാണം, ശൃംഗാരക്കുഴമ്പത്വം, കാഹളകണ്ഠത്വം, പ്രഹരദാതൃത്വം എന്നിവകളോടുകൂടിയ കഥകളിഭാഗവതർ; മദ്ധ്യത്തിൽ കെട്ടോടുകൂടിയ കുടുമ, മുരിങ്ങക്കാഭസ്മക്കുറി, നെററിയിൽ പതിച്ച ചന്ദനഉരുള, ചെവിക്കിടയിൽ തുളസി, രുദ്രാക്ഷക്കടുക്കൻ, വേണ്ടിവന്നാൽ പണയം വെയ്ക്കുന്നതിന് ഒന്നോ രണ്ടോ മോതിരം, നാഭി ചുററിയുടുത്ത് മുട്ടിന് ഒരു ചാൺ താഴെ എത്തുന്ന പാണ്ടിക്കട്ടിമുണ്ട്, കക്ഷത്തിൽ മടക്കു പുടവ, വലിയ ഓലക്കുട, മുറുക്കാൻപൊതി, ചതയൻപാക്കുവെട്ടി, സർവ്വത്ര ഗുണദോഷകഥനം, 'നാഴികതികച്ചൊരുനാൾ വാഴവേനില്ലൊരേടത്തും' എന്നു സമ്മതിച്ച ബ്രഹ്മജ്ഞാനിവയ്യന്റെ സഞ്ചാരിത്വം എന്നിവകളോടുകൂടിയ സമുദായാംഗം" എന്നിങ്ങനെ പോകുന്ന മാമാവെങ്കിടന്റെ വിവരണവും വായനക്കാരുടെ ഹൃദയഫലകത്തിൽ ആ പാത്രങ്ങളുടെ

സാക്ഷാദ്രൂപത്തെത്തന്നെ ആലേഖനം ചെയ്യുവാൻ പര്യാപ്തങ്ങളത്രെ.

ഓണക്കാഴ്ചകൾ സ്വീകരിച്ചുകൊണ്ടു് ചന്ത്രക്കാരൻ ചിലമ്പിനേത്തു ഭവനത്തിൻെറ കിഴക്കേ വരാന്തത്തളിമത്തിൽ ഇരിക്കുമ്പോൾ അവിടെ പ്രവേശിച്ചു് പാദങ്ങളെ പരസ്പരം തിരുമ്മിയും അവ്യക്തങ്ങളായ ചില ശബ്ദങ്ങളെ പുറപ്പെടുവിച്ചും മാറോടണച്ചുകെട്ടിയിരിക്കുന്ന മുഴംകൈകളെ പരസ്പരം ചൊറിഞ്ഞും അഞ്ജലിസമാരാധനം ചെയ്തു് വാലൂന്നിനില്ക്കുന്ന സർപ്പത്തിൻെറ ചാഞ്ചാട്ടങ്ങളോടുകൂടിയുള്ള ഉമ്മിണിപ്പിള്ളയുടെ നില്പും അതിനെത്തുടർന്നുള്ള അന്യോന്യസംഭാഷണവും ചിത്രീകരിച്ചിട്ടുള്ള ആ രംഗത്തിൻെറ സ്വാഭാവികത്വം ഗ്രന്ഥകാരൻെറ ഭാവനാപ്രധാനമായ വർണ്ണനാരീതിക്കു് മറെറാരുദാഹരണമാണു്. പ്രേമാമൃതത്തിൽ മണികണ്ഠൻ എന്ന ഉദ്യോഗകേസരിയായ വിടപ്രഭുവിൻെറ നേക്കു് പതിഞ്ഞ പങ്കിപ്പണിക്കരുടെ നോട്ടത്തിൻെറ ശക്തിയെ ഭാവനാകുശലനായ ഗ്രന്ഥകാരൻ ആകലനം ചെയ്തിട്ടുള്ളതു് "പണിക്കരുടെ ഗംഭീരധീരത്വംകൊണ്ടു് ജാജ്വല്യങ്ങളായ നേത്രങ്ങളിലെ കിരണങ്ങൾ മണികണ്ഠരുടെ ലലാടാസ്ഥിയേയും ഭേദിച്ചു്, പ്രജ്ഞാഗേഹത്തിലെ അന്ധകാരനിബിഡങ്ങളായ ഒളിയറകളേയും പരിശോധിച്ചു്, പിന്നെയും തുരന്നു്, അതിൻെറ അസ്ഥിവാരഭ്രൂവോളം പ്രവേശിച്ചതുപോലെ ആ അപരാധഭരതനിൽ ഒരു വിഭ്രമം ഉണ്ടാക്കി" എന്നാകുന്നു. ഇങ്ങനെ അത്യല്പങ്ങളായ അംഗചേഷ്ടകളെപ്പോലും തീവ്രമായ ഭാവസ്ഫുരണം നിർവഹി

ക്കത്തക്കവണ്ണം വിശകലനചതുരമായ ഉല്ലേഖനപ്രഭാവം സി. വിയുടെ കൃതികളിൽ സുലഭമത്രെ. സി. വിയുടെ വ ണ്ണനകൾ അലങ്കാരപ്രചുരങ്ങളാകുകയാലും പൗരാണിക പരാമശ്ങ്ങളിൽ പടുത്തുകെട്ടപ്പെട്ടിട്ടുള്ളവയാകയാലും യാഥാത്ഥ്യാവിഷ്കരണത്തെക്കാൾ മാതൃകീകരണത്തെയാ ണ് സമാശ്രയിക്കുന്നതെന്ന് കാണാം.

സി. വിസാഹിത്യത്തിൻെറ മുഖ്യമായ മറെറാരു ഘടകം സാരസ്യനിധാനങ്ങളായ ഫലിതനിബന്ധനങ്ങ ളാകുന്നു. ഭാവനം ചെയ്യുന്തോറും രസകരമായി തോ ന്നുന്ന പരിതഃസ്ഥിതികളെ പ്രണയംചെയ്ത് ഫലിപ്പിക്കു ന്നതിൽ ഗ്രന്ഥകാരൻ അന്യാദൃശമായ വിജയം നേടിയി ട്ടുണ്ട്. പലഹാരപ്പുരയ്ക്കകത്ത് പത്തായത്തിൻെറ പുറ കിൽ മഹാരാജാവുതിരുമനസ്സിലെ മറഞ്ഞിരിക്കുമാറാക്കി പലഹാരപ്പുരമൂത്തണ്ണാവിയായ മാമാവെങ്കിടൻേറയും കേശവപിള്ളയുടേയും സംഭാഷണത്തിൽ, "കൊണ്ടുപോട്ടു മപ്പേൻ,-രാശാ മുതൽ താനേ-എല്ലോരും ശാപ്പടട്ടും-നിറ യശ്ശാപ്പടട്ടും. എങ്കപ്പൻ വീട്ടു മുതലാ? രാശാ രാജ്യത്തുക്കേ തോപ്പനാരാച്ചേ ? കൊഴന്തകൾ കൊണ്ടുപോഹട്ടും. കള വാണ്ട ഇങ്കെ ഏററതാ? അതു നടവാതു്. അന്തയവൻ പി ഴച്ചിതു്!അടെ! രാശാ താനിങ്കെ ഏറവനാ-വിഴങ്ങിട്ടുവൻ- ഒരേ വിഴങ്ങ്! രാശാ, കീശാ, എല്ലാം മാമൻകിട്ടെ 'ഗോത്ര നാഥന്മാരെല്ലാരും, അത്ര വന്നു വണങ്ങുന്നു'-അപ്പടിയാ കും. പെരിയരാശാ, ഇന്ത ഇളിയിലെ വളന്തവർ താനേ?" എന്നും, "കിടന്നു വിളിച്ചാൽ എഴുന്നള്ളിയിരിക്കുന്നിടത്തും കേൾക്കും" എന്നു കേശവപിള്ള പറഞ്ഞപ്പോൾ അത്യു ച്ചത്തിൽ "ഭോഗീന്ദ്രഭോഗശയനം ഭുവനൈകനാഥം"

കേൾക്കട്ടുമേൻ-അങ്കേ-പെരിയരാശാ താൻ കേൾക്കട്ടും. അവരുടെ കൃതി താനേ മാമൻ പാടറതെല്ലാം" എന്നും കേശവപിള്ള തൻെറ ആഗമനം തിരുമനസ്സിലെ ഒരു കാര്യത്തിനാണെന്ന് സൂചിപ്പിച്ചപ്പോൾ, "ആമാമാ രാശാ കാര്യമാ? പോച്ചൊല്ല്! അമ്പതുവഷമാച്ച് സേവിക്കിറേൻ. പത്തു പറനെല്ലുടമൈ-വീരശങ്കിലി തന്തുട്ടിതാ!" എന്നും അതിനെത്തുടന്ന്, "അടേ, വിളയാട്ടുക്കു ശൊന്നതെല്ലാം കാര്യമായെടാതെ! രാശാവിടത്തിൽ ചൊല്ലുടാതെ! കെടുത്തുടാതും പിള്ളായ്"-എന്നും മാമനെക്കൊണ്ട് ഗുരുതരമായ ശ്രദ്ധയ്ക്കു് വിഷയമാകേണ്ട മററു സംഗതികൾക്കിടയിൽ സ്വാഭാവികതയ്ക്കു് അനുരൂപമായി പറയിച്ചിട്ടുള്ളതിൽ പ്രകാശിക്കുന്ന ഫലിതഭാവന സംശ്ലാഘ്യമാണല്ലോ. ഇതുപോലെ, അഴകൻപിള്ള ആളറിയാതെ മഹാരാജാവു തിരുമനസ്സിനോട്ട് കേവലം ഒരു വൃദ്ധനോടാണെന്നുള്ള വിചാരത്തിൽ, "കേട്ടോ അമ്മാച്ചാ! കല്ലറയ്ക്കപ്പിള്ള എന്നു ചൊല്ലുവാരില്ലിയോ? കൊമ്പിച്ച ഗ്രവത്ഥൻ. ധൂവാൻഷി അങ്ങത്തെ ചെന്നു കണ്ടാരു്. എത്തും എതിരും ഇരുന്നു പേശിയപ്പോ, കുന്നത്തൂർ അങ്ങുന്നു ചൊല്ലിയാരു്, ഇങ്ങൊരു നായൻ അടിപിടിച്ചുട്ടമ്പി വന്നിരിക്കിനാൻ പോലും. അയ്യാക്കു് എതിരു കിട്ടാണ്ട് പൊന്നുതമ്പുരാന് എന്തരോ അങ്കലാപ്പുപോലും. എന്നാ, അഴക ഒരു കൈ പാക്കണേ എന്നു അങ്ങോട്ടുകേറിചൊല്ലിയപ്പോ, കല്ലറയ്ക്കപിള്ള 'ഫൂ' എന്ന് ആട്ടൂട്ടാരു്. എന്നാ അവിടെ ക്കെടാ എന്നു ചൊല്ലിച്ച്, പൊന്നുതമ്പുരാൻെറ മൈമാന്യം നേടാൻ അഴക അവരറിയാണ്ട് ഇങ്ങോട്ടുപോന്നെ" എന്നും "ഇതെന്തരു് മുടക്കിടാവമ്മാച്ചൻ തുണുത്തുണെന്നി

രുന്നാലു് എള്ളോളം ഉശിരൊക്കെ വേണ്ടിയോ?'' എന്നും, അത്രയുമല്ല, മഹാരാജാവു തിരുമനസ്സുകൊണ്ടു് "അബദ്ധ അതു ചതിവാകും. നിൻെറ തമ്പുരാനു രസിക്കയുമില്ല" എന്നു കല്പിച്ചപ്പോൾ, "വൌത്ത" എന്നു് അമ്പണം പറയണതൊക്കെ അങ്ങു് വച്ചേക്കണം. തൊട്ടതിനെല്ലാം തടിമൊറണ്ടു് പറയണ ഇങ്ങേരിപ്പോ നമ്മതിന്മ ചൊല്ലിത്തരണ്ടാ. പൊന്നുതമ്പുരാൻെറ പള്ളിയറ ഒന്നു കാമ്പിച്ചുതന്നാ, പിന്നെ പാത്തോളണം'' എന്നും പറയുന്ന ഭാഗങ്ങൾ ആ സന്ദർഭത്തിൻെറ വിചിന്തനത്തിൽ ഹൃദയസ്പൃക്കായ ഫലിതരസം ആവഹിക്കുന്നവയാണു്. വർണ്ണനകൾക്കു് സവിശേഷമായ ആസ്വാദ്യത ഉളവാക്കുവാൻ പര്യാപ്തമായി വിനോദരസപൂർണ്ണങ്ങളായ സങ്കല്പങ്ങൾ സി. വിയുടെ കൃതികളിൽ ബാഹുല്യേന കാണപ്പെടുന്നതാണു്. "പ്രകൃത്യാ സ്ത്രീജിതനല്ലെങ്കിലും, 'അമ്മാളു' എന്നു വിളിക്കപ്പെട്ടിരുന്ന മീനാക്ഷിക്കുട്ടിയമ്മയോടു് സംഘടിച്ച ദിവസം മുതൽ ചന്ദ്രക്കാറൻബ്രഹ്മജ്ഞനിൽ കാമബാണങ്ങൾ വിഷ്ണുഭുവിൽ പാതഹാസ്ത്രംപോലെ മുറിവേൾപ്പിക്കാതെ ഏററുതുടങ്ങി. അയാൾ അധികമായ കുളിയും കുറിതൊടലും ശുഭ്രവസ്ത്രധാരണവും ആരംഭിച്ചു; ഗർജ്ജനങ്ങളെ അല്പം മൃദുലങ്ങളാക്കി; മണ്ഡൂകയാനത്തെ ഉപേക്ഷിച്ചു് ഗജഗമനത്തെ അനുവർത്തിച്ചു. നേത്രത്തുറിപ്പുകളെ ശാന്തമാക്കാൻവേണ്ടി വിശേഷരസപൂർണ്ണമായ ഒരു ഇമയാട്ടവും അഭ്യസിച്ചു" എന്നീ രീതിയിൽ ചന്ദ്രക്കാറൻെറ അനുചിതമായ ഒരു വികാരാവേശത്തെ പ്രകടീകരിക്കുമ്പോൾ വർണ്ണനയ്ക്കു് വിധേയമായ കഥാപാത്രത്തിൻെറ പ്രകൃതിവൈലക്ഷണ്യവും, "മുതൽപ്പേരും മററും ദാഹം

ത്തീത്ത സംപ്രദായം ഗന്ധവാഹമാർഗ്ഗേണ ബബ്ലേശ്വരന്റെ നാസാരന്ധ്രത്തെ പീഡിപ്പിച്ച് അവിടുത്തെ തിരുവുള്ളത്തിലും ചില ആകാംക്ഷകൾ ഉത്പാദിപ്പിച്ചു" എന്ന് രാജവേഷധാരിയായ ആ വ്യക്തിയുടെ പരിഹാസ്യമായ മദ്യപാനാസക്തിയും, ഫലിതഗർഭങ്ങളായ പ്രസ്താവങ്ങളാലാണ് വ്യഞ്ജിപ്പിക്കപ്പെട്ടിരിക്കുന്നത്. ഗൗരവപൂർണ്ണങ്ങളായ വിഷയങ്ങളെ പ്രതിപാദിക്കുന്ന ആഖ്യായികകളിൽ തന്നെ പ്രത്യക്ഷമാകുന്ന ഗ്രന്ഥകാരന്റെ ആ ഹാസ്യരസപ്രയോഗസമാവേശം, 'പണ്ടത്തെ പാച്ചൻ' തുടങ്ങിയ പ്രഹസനങ്ങളിലാകട്ടെ, അതിന്റെ മൂർദ്ധന്യദശയിൽ എത്തിച്ചേർന്നിട്ടുണ്ടെന്നുള്ളത് സുവിദിതമാണല്ലോ.

വിവിക്ഷിതാർത്ഥപ്രകാശനത്തിൽ ഏററവും ശക്തമായിരിക്കുന്ന ഭാഷാരീതിയും സി. വിയുടെ പ്രതിഭാവിലാസത്തിന്റെ ഒട്ടും അപ്രധാനമല്ലാത്ത ഒരു അംഗമായി വിചാരിക്കാവുന്നതാകുന്നു. പ്രതിഭമാത്രമാണ് കാവ്യത്തിന്റെ ഹേതു എന്ന് സമർത്ഥിക്കുന്ന ഘട്ടത്തിൽ രസഗംഗാധരകാരൻ, "സാ ച കാവ്യഘടനാനുകൂലശബ്ദാർത്ഥോപസ്ഥിതിഃ" എന്നുള്ള സ്വരൂപമാണ് പ്രതിഭയ്ക്ക് നല്കിക്കാണുന്നത്. ലോകോത്തരമായ ആഹ്ലാദം ജനിപ്പിക്കുന്നതിനു കഴിവുള്ള ഭാവനയ്ക്ക് ഗോചരമായ വസ്ത്വലങ്കാരരസങ്ങളെ ആവിഷ്കരിക്കുന്നതിന് പ്രഗല്ഭമായ പദാവലിയുടെ തടവററുള്ള പ്രതിഭാനം സാഹിത്യനിർമ്മിതിയുടെ വിജയത്തിൽ അത്യന്താപേക്ഷിതമാണല്ലോ. വികാരങ്ങളുടെ തൈക്ഷ്ണ്യത്തിനും ലാളിത്യത്തിനും അനു

ഗുണമായി പ്രതിപാദനത്തിൽ പ്രൗഢതയും ശാന്തതയും ഭജിച്ചിട്ടുള്ളതിന്നു് സി. വിയുടെ കൃതികളിൽ ഏതൊരു ഭാഗവും ഉദാഹാര്യമാണു്. രാമരാജാബഹദൂരിൽ ദിവാൻ കേശവപിള്ളയും നന്തിയത്തു കേശവനുണ്ണിത്താനും തമ്മിലുള്ള സംഭാഷണത്തിൽ, "എന്റെ മഹത്വമോ? അതിനെ അങ്ങേ മഹത്വം ചാമ്പലാക്കിയില്ലേ ? അകം നീറുന്നതെങ്ങിനെയെന്നു് അറിയുന്നോ? ഈ നീററൽ എവിടെയുണ്ടാകേണ്ടതു് ? മനുഷ്യർ മൃഗപ്രായമായിപ്പോകുന്നല്ലൊ. ഇവന്റെ ദുഃഖംകണ്ടു് അങ്ങുപക്ഷേ രസിക്കുന്നായിരിക്കാം! മനുഷ്യഗുണത്തിന്റെ മാത്രയെങ്കിലും ഉള്ളിൽ തട്ടീട്ടുണ്ടെങ്കിൽ അങ്ങു് ഇപ്പോൾ വാവിട്ടു നിലവിളിക്കേണ്ടവനല്ലെ? ഞാൻ എന്തസംബന്ധം പുലമ്പുന്നു! 'സ്നേഹം' എന്നതു് ഈ ഐശ്വര്യഭ്രമക്കാരു്-ധനം കുമിച്ചു് പരാക്രമസ്തംഭംനാട്ടുന്നവരു്–കണ്ടതോ കേട്ടതോ ? നിങ്ങൾക്കെന്തോ ? കണ്ടവർ പെററവനെ ചാകിച്ചു ജയം നേടി, തിരുമുമ്പിൽ ചെല്ലുമ്പോൾ രണ്ടു കയ്യിൽ വീരശൃംഖലയും കരമൊഴിവായി പന്തിരുക്കാതം ദേശവാഴ്ചയും വാങ്ങരുതോ? കണ്ടവളെ വഞ്ചിച്ചു്, അവടെ പേരും മനസ്സുഖവും നശിപ്പിച്ചു്, രോഗം പിടിപ്പിച്ചു്, കുരുകുരുത്തംകെട്ട പെണ്ണിനെ വേണ്ടാസനങ്ങളും അഭ്യസിപ്പിച്ചു്—പെണ്ണുങ്ങളല്ലേ ? ഉദ്യോഗപ്രതാപക്കാർ മക്കളെ ലാളിപ്പാൻ പുറപ്പെട്ടാൽ കൊക്കിയില്ലാക്കൂട്ടം പഞ്ഞിപ്പാവകളു് കൂത്താടിപ്പോവൂല്ലെ ? അവററയെക്കൊണ്ടു ദ്രോഹങ്ങൾ പ്രവത്തിപ്പിച്ചതിനുള്ള ശിക്ഷ—ഇതെല്ലാം അങ്ങു് എവിടെയേൾക്കുന്നു? മററുള്ളവർ ഭ്രാന്തു പിടിച്ചു് ഇളകിയാടുന്നതു് കാണാൻ ബഹുര

സം തന്നെയല്ലേ?" എന്നുള്ള ഉണ്ണിത്താൻെറ വാക്കുകൾ ശങ്കാനലനിൽ വെന്തു നീറുന്ന ഒരു ശുദ്ധഹൃദയത്തിൻെറ അസഹ്യമായ അമർഷാവേഗത്തെ വിശദമാക്കുവാൻ ഏററവും പൎയ്യാപ്തങ്ങളാണ്. വിടനായ ഉമ്മിണിപ്പിള്ള വിഫലോദ്യമനായി ത്രിപുരസുന്ദരിക്കുഞ്ഞമ്മ കേൾക്കുമാറ്, "കഥയും പുരാണവുമെല്ലാം ഞാൻ പറഞ്ഞു തരാം. ഇത്ര മൂത്തില്ലയോ? തെണ്ടിപ്പരിഷകള്! നാളത്തേടം-ഒരു ദിവസം കഴിഞ്ഞോട്ട്. തൊറകേററല്ല നിങ്ങൾക്ക്. പെണ്ണെന്നും—കിഴട്ടുവങ്കടമെന്നും, കൂട്ടാക്കാതെ കഴുകേററിച്ചില്ലെങ്കിൽ, ഛീ! രാജ്യം വെള്ളരിക്കാപ്പട്ടണമായിട്ടില്ല" എന്നു പറഞ്ഞപ്പോൾ, "ഫ്! എന്തു പറഞ്ഞു നീ? ആരെന്നു വിചാരിച്ചു പറഞ്ഞു?. വാടാക്കരൾകൊണ്ട കുലമെന്ന് നീ കേട്ടിട്ടില്ലയേ? അക്കുലംപെററ മങ്കമാരോ തെണ്ടിപ്പരിഷകള്? ഞങ്ങളെപ്പററിപ്പിക്കാൻ ആശാസ്സമുള്ളവനെ ഒന്നു കാണട്ടെ! തൊറകേററും കഴുകേററും കൊണ്ട് ഇക്കുലത്തിന് എന്തു കുറവാന്നെടാ? മഹിമപെററ മാറാപ്പേതു് കുലത്തിനും കൂട്ടത്തിനും ചേൎത്തു! അല്ലാതെന്തെടാ? ഞങ്ങളും നീയുമായി ഇന്നുമുതൽ സ്വന്തവും ബന്ധവും അററു പോ! പോ! മറയത്തു പോ!" എന്നുള്ള ആ വൃദ്ധയുടെ വാക്കുകൾ ഉദ്വഹിക്കുന്ന വികാരഭരിതമായ കുലാഭിമാനം ആ കഥാപാത്രത്തോടുള്ള താദാത്മ്യസംഭാവനത്തിൻെറ ഫലമല്ലയോ? കേശവപിള്ളയോട് പവതിക്കൊച്ചി പറയുന്ന കുറുപ്പുകുഞ്ചുപിരാട്ടിയുടെ ഉപാഖ്യാനം ബാഹ്യസ്വഭാവം കൊണ്ടുതന്നെ പ്രാചീനത സ്ഫുരിപ്പിക്കുവാൻ പൎയ്യാപ്തവും വീരവും കരുണവും ഒരേ കാലത്തിൽ ഉ

ദപ്രഹിക്കുവാൻ സമത്ഥവും ആയ പദാവലികൊണ്ടാണു് നിബന്ധിക്കപ്പെട്ടിരിക്കുന്നതു്. മനുഷ്യസമുദായത്തിന്റെ പ്രകൃതിഭേദങ്ങളെ ദേശകാലാവസ്ഥാനുരൂപമായി ചമത്കാരപൂർവം പ്രതിബിംബിപ്പിക്കുന്നതിന് സമുട്ടിഷ്ടങ്ങളായ ആഖ്യായികകളിലും പ്രഹസനങ്ങളിലും കഥാപാത്രങ്ങളുടെ സംസ്കാരാദികളിലുള്ള വൈജാത്യത്തിന് അനുരൂപമാം വണ്ണമുള്ള സംഭാഷണരീതിയുടെ അംഗീകരണം ഒരിക്കലും ഒഴിച്ചു കൂടാവുന്നതല്ല. ആ നിലയ്ക്കു് ദേശ്യഭാഷാപ്രകാരങ്ങൾക്കു് മനോഹരമായ സാഹിത്യരൂപം കൊടുത്തു് കഥാപാത്രങ്ങളുടെ സംഭാഷണഭാഗങ്ങൾക്കു് തന്മയത്വം ആപാദനം ചെയ്തിട്ടുള്ള സി. വി യുടെ ദേശ്യഭാഷാഭിജ്ഞത അഭിനന്ദനീയമത്രെ. ഉത്തരദേശികൾക്കു് സുഗ്രാഹ്യമല്ലെന്നു് ഗ്രന്ഥകത്താവുതന്നെ സമ്മതിക്കുന്ന അഴകൻപിള്ളയുടെ ഭാഷയും, "ഡോ, ഓള്, ഇവ്ട, കൊയങ്ങ്, തയപ്പു്, അമ്മക്കു്, നമക്കു്," എന്നിങ്ങനെയുള്ള പദങ്ങൾ ഉൾക്കൊണ്ടുള്ള ബബ്ലേശ്വരന്റെ ഭാഷയും കേരളത്തിന്റെ തെക്കേ അററത്തും വടക്കേ അററത്തും ഉള്ള വായ്മൊഴികളുടെ പ്രത്യേകതകളെ ആവഹിക്കുന്നുണ്ടല്ലോ. പ്രഹസനങ്ങളിലാകട്ടെ, മററുകാര്യങ്ങളിലെന്നപോലെ ഭാഷാരീതിയിലും വെളിപ്പെടുന്ന തിരുവനന്തപുരത്തിലെ അന്തരീക്ഷം ഗ്രന്ഥകാരന്റെ നിരീക്ഷണചതുരതയെ ദൃഷ്ടാന്തീകരിക്കുന്നു. വർണ്ണനകളിലും സംഭവങ്ങളുടെ പൗവ്വാപര്യകഥനത്തിലും കാണപ്പെടുന്ന സംസ്കൃതപദപ്രചുരങ്ങളായ ഗ്രന്ഥകാരോക്തികൾ വൈയാകരണദൃഷ്ട്യാ അവികലങ്ങളല്ലെങ്കിലും വീരരൗദ്രാദിരസങ്ങളെ വ്യഞ്ജിപ്പിക്കുന്ന നി

യിൽ ഓജോഗുണസമന്വിതങ്ങളായി ഭാസിക്കുന്നവെ ന്നുള്ളത്ത് നിർവിവാദമത്രെ.

സി. വി. രാമൻപിള്ള അവർകൾ അടുത്ത കാല ത്താണു് ജീവിച്ചിരുന്നതെങ്കിലും അദ്ദേഹത്തിൻെറ ഭാവ നാമണ്ഡലം കേരളത്തിൻെറ പ്രശസ്തങ്ങളായ പഴമകളെ ാഞ്ചയിച്ചിട്ടുള്ള ഒരു വൻപിച്ച ഈടറയായിരുന്നു. കുലീ ത, സമുദായാഭിമാനം, ദേശീയസംസ്കാരാഭിനിവേശം, ജഭക്തി എന്നു തുടങ്ങിയ പ്രശസ്തഗുണങ്ങൾ അതീത ാലത്തെക്കുറിച്ചുള്ള പ്രഗാഢമായ വിജ്ഞാനത്തോടും ത്തുംഗമായ പ്രതിഭാശക്തിയോടും സമ്മിളിതങ്ങളായി മുദയം ചെയ്തിട്ടുള്ളവയാണു് സി വിയുടെ കൃതികൾ. പ്രാചീനകാലത്തിൻെറ ഉള്ളറകളിലേക്കു് പ്രതിഭാവിലാ ത്തിൻെറ അവലംബത്താൽ കടന്ന് അവിടെ നിരന്നി ള്ള നാടും നഗരവും, കാടും മലയും, കോവിലകവും പ്പുമാടവും, രാജപാതയും ഊടുവഴികളും, മന്ത്രസഭകളും യമ്പലങ്ങളും, സമരരംഗങ്ങളും സമാധാനനിലയന ങ്ങളും സംവീക്ഷണം ചെയ്ത് സാഹിതീകലയിലൂടെ അ വയെ സജീവമായി പ്രതിബിംബിപ്പിച്ച ആ മഹാപുരു ഷൻെറ കൈരളീസേവനം സർവ്വഥാ വിജയശ്രീലാളിത മായിട്ടുണ്ടു്.

165425
38353
032:6N006:11
J0:1
UNIVERSITY LIBRARY
MUL
165425

17 FEB 1956